# പ്രവർത്തനക്ഷമത ഓഡിറ്റ്

# അദ്ധ്യായം II
# ആഭ്യന്തര വകുപ്പ്

## പോലീസ് സേനയുടെ നവീകരണവും ശക്തിപ്പെടുത്തലും

*മുഖ്യസംഗ്രഹം*

*കേന്ദ്രസർക്കാർ പദ്ധതിയായ 'മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സസ്' (എംഒപിഎഫ്) അഥവാ പോലീസ് സേനകളുടെ നവീകരണം ലക്ഷ്യമിട്ടത്, സംസ്ഥാനത്തെ ആഭ്യന്തര സുരക്ഷാ അന്തരീക്ഷം, തീവ്രവാദികളുടെ പ്രവർത്തനങ്ങൾ, ക്രമസമാധാന സാഹചര്യം എന്നീ വെല്ലുവിളികളെ നേരിടാൻ സജ്ജമാകുന്ന തരത്തിൽ സംസ്ഥാന പോലീസ് സേനയുടെ കാര്യക്ഷമതയും പ്രഹരശേഷിയും വർദ്ധിപ്പിക്കാനായിരുന്നു. ചലനാത്മകത, ആയുധശേഖരം, നിർമ്മാണം, ആശയവിനിമയത്തിനും നിരീക്ഷണത്തിനും ഫോറൻസിക് സയൻസ് ലബോറട്ടറികൾക്കും പരിശീലനത്തിനും ഉള്ള ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയവയായിരുന്നു പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. സംസ്ഥാനത്തെ പോലീസ് സേനയുടെ നവീകരണത്തിന്റെ സ്ഥിതി വിലയിരുത്തുന്നതിനാണ് പ്രവർത്തനക്ഷമത ഓഡിറ്റ് നടത്തിയത്.*

**തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ ആയുധങ്ങളുടെയും ഉപയോഗയോഗ്യമായ കാർട്രിഡ്ജുകളുടെയും കുറവ് കണ്ടെത്തി.**

***(ഖണ്ഡിക 2.10.3)***

**പോലീസ് സേന അനലോഗ് സംപ്രേഷണ ഉപകരണങ്ങളെ ആശ്രയിക്കുന്നത് പാലക്കാട്, മലപ്പുറം, ഇടുക്കി, വയനാട് ജില്ലകളിലെ നിബിഡ വനങ്ങളിൽ നടത്തുന്ന മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. സ്പെക്ട്രം ചാർജ്ജുകൾ യഥാസമയത്ത് അടയ്ക്കുന്നതിലും ഡിജിറ്റൽ മൊബൈൽ റേഡിയോ കരസ്ഥമാക്കാൻ കേന്ദ്രസർക്കാരിൽ നിന്ന് ലൈസൻസ് എടുക്കുന്നതിലും കേരളസർക്കാർ പരാജയപ്പെട്ടു.**

***(ഖണ്ഡിക 2.11.2)***

**ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ, കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2013-18 കാലയളവിൽ തീർപ്പാക്കാത്ത കേസുകളുടെ എണ്ണം 9,265 ആയി ഉയർന്നു. അതിൽ, ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 302, 307, 376 എന്നീ വകുപ്പുകൾക്കു കീഴിലും പോക്സോ നിയമം 2012, എസ്സി ആന്റ് എസ്റ്റി (അതിക്രമം തടയൽ) നിയമം എന്നീ നിയമങ്ങൾക്കു കീഴിലും കുറ്റം ചാർത്തപ്പെട്ട വളരെ ഗൗരവതരമായ കുറ്റകൃത്യങ്ങളായ 1755 കേസുകളും (19 ശതമാനം) ഉൾപ്പെട്ടിരുന്നു.**

***(ഖണ്ഡിക 2.13.1)***

**കാറുകൾ വാങ്ങുന്നത് നിരോധിച്ചിരുന്ന എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളെ 2013-18 കാലയളവിൽ പോലീസ് വകുപ്പ് ലംഘിച്ചു. പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളുടെ കുറവ് പരിഹരിക്കുന്നതിനു പകരം, പോലീസ് വകുപ്പ് വാങ്ങിയ 269 ലൈറ്റ് മോട്ടോർ വാഹനങ്ങളിൽ 15 ശതമാനവും ഉന്നത ഉദ്യോഗസ്ഥരുടെയും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഓപ്പറേഷണൽ യൂണിറ്റുകളായി കണക്കാക്കാത്ത സിബിസിഐഡി തുടങ്ങിയവയുടെയും ഉപയോഗത്തിനായി വിന്യസിക്കപ്പെട്ട ആഡംബരകാറുകളായിരുന്നു.**

***(ഖണ്ഡിക 2.9.1)***

**ഉപകരണങ്ങൾ വാങ്ങുന്നതിൽ സ്റ്റോഴ്സ് പർച്ചേസ് മാനുവലും സിവിസി മാർഗ്ഗനിർദ്ദേശങ്ങളും പോലീസ് വകുപ്പ് ലംഘിച്ചു.**

***(ഖണ്ഡിക 2.14)***

**സംസ്ഥാന പോലീസ് മേധാവി (എസ്പിസി), അപ്പർ സബോർഡിനേറ്റ് ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിന്റെ നിർമ്മാണത്തിനുള്ള ₹2.81 കോടി എസ്പിസിയ്ക്കും/എഡിജിപിമാർക്കും വില്ലകൾ നിർമ്മിക്കുന്നതിനായി വകമാറ്റി.**

***(ഖണ്ഡിക 2.18.2)***

## 2.1. അവതാരിക

അത്യാധുനിക ഉപകരണങ്ങൾ, വിഭവങ്ങൾ, സാങ്കേതിക വിദ്യ എന്നിവ ഉപയോഗിച്ച് സംസ്ഥാന പോലീസിനെ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കു ന്നതിനായി കേന്ദ്രസർക്കാർ, 'മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സസ് (എംഒപിഎഫ്)' അഥവാ പോലീസ് സേനകളുടെ നവീകരണ പദ്ധതി ആരംഭിച്ചു (1969-70). ആഭ്യന്തര സുരക്ഷയ്ക്കും ക്രമസമാധാന സാഹചര്യ ത്തിനുമുള്ള വെല്ലുവിളികളെ നേരിടാനും സംസ്ഥാനം സൈന്യത്തെയും കേന്ദ്ര, അർദ്ധ സൈനിക സേനകളെയും ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനുമാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. ചലനാത്മകത, ആയുധശേഖരം, നിർമ്മാണം, പരിശീലന ത്തിനും ഫോറൻസിക് സയൻസ് ലബോറട്ടറികൾക്കും ആശയവിനിമയത്തിനും നിരീക്ഷണത്തിനും ഉള്ള ഉപകരണങ്ങൾ മുതലായ നാല് പ്രധാന ഘടകങ്ങളാണ് എംഒപിഎഫിനുള്ളത്. കേന്ദ്രസർക്കാരും (ജിഒഐ) കേരളസർക്കാരും (ജിഒകെ) 75:25 എന്ന അനുപാതത്തിൽ പങ്കിടുന്ന രീതിയിലാണ് എംഒപിഎഫ് പദ്ധതിയ്ക്ക് 2005-12 കാലയളവിൽ ധനസഹായം നൽകിയത്. ഇത് 2012-13 മുതൽ 2016-17 വരെയുള്ള കാലയളവിൽ 60:40 ആയി പരിഷ്കരിച്ചു. പരിഷ്കാരങ്ങൾ വരുത്തിയതിനും [4] 'അസിസ്റ്റൻസ് ടു സ്റ്റേറ്റ് ഫോർ മോഡണൈസേഷൻ ഓഫ് പോലീസ്' അഥവാ 'പോലീസിന്റെ നവീകരണത്തിനായി സംസ്ഥാനത്തിനുള്ള സഹായം' എന്ന് പുനർനാമകരണം ചെയ്തതിനും ശേഷം ഈ പദ്ധതി, 2017-ൽ മൂന്ന് വർഷത്തേക്ക് വീണ്ടും നീട്ടി. പദ്ധതി 2020 മാർച്ചിൽ അവസാനിക്കും. ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് (ബിപിആർ&ഡി) കണ്ടെത്തിയ വിധത്തിലുള്ള പോലീസ് അഡ്മിനിസ്ട്രേഷന്റെ വിവിധ വശങ്ങളിലെ ന്യൂനതകളുടെ പരിഹാരങ്ങളെപ്പറ്റി എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. ആയുധശേഖരം ഒഴികെ എംഒപിഎഫിന്റെ എല്ലാ ഘടകങ്ങൾക്കും ബിപിആർ&ഡി മാനദണ്ഡങ്ങൾ ബാധകമാണ്. 1995 ഫെബ്രുവരിയിൽ കേന്ദ്രസർക്കാരിന്റെ ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ച സ്റ്റേറ്റ്/യൂണിയൻ ടെറിട്ടറി പോലീസ് സേനകൾക്കു വേണ്ടിയുള്ള ആയുധ വൽക്കരണ നയമാണ് ആയുധശേഖരം എന്ന ഘടകത്തെ നിയന്ത്രിക്കുന്നത്.

## 2.2. ഘടനാനില

വകുപ്പിന്റെ തലവൻ, സർക്കാർ തലത്തിൽ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും വകുപ്പ് തലത്തിൽ ഡയറക്ടർ ജനറൽ ഓഫ് പോലീസും (ഡിജിപി) സംസ്ഥാന പോലീസ് മേധാവിയും (എസ്പിസി) ആണ്. ക്രമസമാധാന പാലനത്തിനായി ഓരോ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (എഡിജിപി) നയിക്കുന്ന രണ്ട് പോലീസ് സോണുകളായി സംസ്ഥാനത്തെ തിരിച്ചിട്ടുണ്ട്. ഓരോ സോണിനും ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ നേതൃത്വത്തിൽ രണ്ട് റേഞ്ചുകളുണ്ട്. സംസ്ഥാനത്തെ 19 പോലീസ് ജില്ലകളിൽ[5] അഞ്ചെണ്ണം കമ്മീഷണറേറ്റുകളാണ്. ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് റാങ്കിലുള്ള ജില്ലാ പോലീസ് മേധാവികളാണ് തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി കമ്മീഷണറേറ്റുകളുടെ നേതൃത്വം വഹിക്കുന്നതെങ്കിൽ, ശേഷിക്കുന്ന പോലീസ് ജില്ലകളെ നയിക്കുന്നത് പോലീസ് സൂപ്രണ്ട് റാങ്കിലുള്ള

---

[4] കേന്ദ്രസർക്കാർ 2015-16 മുതൽ 'നിർമ്മാണം' എന്ന ഘടകത്തെ ഒഴിവാക്കിയപ്പോൾ 'ചലനാത്മകത' ഘടകം 2017-18 മുതൽ എംഒപിഎഫിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി. കേന്ദ്രസർക്കാരും കേരളസർക്കാരും തമ്മിലുള്ള ഫണ്ടിംഗ് രീതി 60:40 ആയി തുടരുന്നു.

[5] അഞ്ച് റവന്യൂ ജില്ലകളുടെ (തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്) അധികാരപരിധിയിൽ വരുന്ന പ്രദേശം, ഭരണപരമായ ആവശ്യങ്ങൾക്കായി റൂറൽ പോലീസ് ഡിസ്ട്രിക്റ്റ്, സിറ്റി പോലീസ് ഡിസ്ട്രിക്റ്റ് എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു.

ഉദ്യോഗസ്ഥരാണ്. ഓരോ പോലീസ് ജില്ലയിലും പോലീസ് സ്റ്റേഷനുകളും പോലീസ് പോസ്റ്റുകളും ഫീൽഡ് യൂണിറ്റുകളായി ഉണ്ട്. കേരള പോലീസിന്റെ വിശദമായ ഘടനാനില **അനുബന്ധം 2.1**-ൽ ഒരു ചാർട്ട് ആയി കാണിച്ചിരിക്കുന്നു.

## 2.3. ഓഡിറ്റ് ഉദ്ദേശ്യങ്ങൾ

പ്രവർത്തനക്ഷമത ഓഡിറ്റ് നടത്തിയത് താഴെ കൊടുത്തിരിക്കുന്നവ ഉറപ്പാക്കാനായിരുന്നു.

- ആവശ്യകതകൾ ശ്രദ്ധാപൂർവ്വം വിലയിരുത്തിയശേഷം നവീകരണ പദ്ധതികൾ പ്രായോഗികമാക്കാവുന്ന രീതിയിലാണോ തയ്യാറാക്കിയത്;
- പദ്ധതിയുടെ ഉദ്ദേശ്യങ്ങൾക്ക് അനുസൃതമായി ഫലപ്രദവും കാര്യക്ഷമവുമായിട്ടായിരുന്നോ പദ്ധതി നടപ്പിലാക്കിയത്;
- സാമ്പത്തിക പരിപാലനം കാര്യക്ഷമവും ഫലപ്രദവുമായിരുന്നോ എന്നും കേന്ദ്രസർക്കാരിന്റെയും കേരളസർക്കാരിന്റെയും ഫണ്ടുകൾ ഉദ്ദേശിച്ച ആവശ്യങ്ങൾക്കായി ഉത്തമമായി ഉപയോഗപ്പെടുത്തിയോ എന്നും.

## 2.4. ഓഡിറ്റ് മാനദണ്ഡങ്ങൾ

ഇനിപ്പറയുന്ന ഓഡിറ്റ് മാനദണ്ഡങ്ങൾ സ്വീകരിച്ചു.

- ആഭ്യന്തര മന്ത്രാലയം (എംഎച്ച്എ) അംഗീകരിച്ച എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളും ദീർഘകാല സ്ട്രാറ്റജിക് പ്ലാനുകളും വാർഷിക കർമ്മ പദ്ധതികളും;
- ഓപ്പറേഷണൽ വാഹനങ്ങൾ, ആയുധങ്ങൾ, ഉപകരണങ്ങൾ, കെട്ടിടങ്ങൾ, മാനവവിഭവശേഷി തുടങ്ങിയവയുമായി ബന്ധപ്പെട്ട് ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്, എംഎച്ച്എ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ/ആവശ്യകതകൾ;
- കേരള സ്റ്റോഴ്സ് പർച്ചേസ് മാനുവൽ, പൊതുമരാമത്ത് കോഡും മാനുവലും, ഫിനാൻഷ്യൽ, ട്രഷറി കോഡുകൾ;
- കേരളസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഓർഡറുകൾ, സർക്കുലറുകൾ തുടങ്ങിയവ.

## 2.5. ഓഡിറ്റിന്റെ വ്യാപ്തിയും സമ്പ്രദായവും

2013–18 കാലയളവ് ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനക്ഷമത ഓഡിറ്റ് 2018 മേയ് മുതൽ 2018 ഒക്ടോബർ വരെ സർക്കാർ സെക്രട്ടേറിയറ്റ്, പോലീസ് ആസ്ഥാനം (പിഎച്ച്ക്യൂ), കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപറേഷൻ ലിമിറ്റഡ് (കെപിഎച്ച്സിസി), തെരഞ്ഞെടുത്ത ഫീൽഡ് ഓഫീസുകൾ എന്നിവിടങ്ങളിലെ പ്രസക്ത രേഖകളുടെ ലാക്ഷണിക പരിശോധനയിലൂടെ നടത്തി. പോലീസ് വകുപ്പിന്റെ നവീകരണത്തിനായുള്ള പദ്ധതികളുടെ വിവിധ ഘടകങ്ങളുടെ അവസ്ഥ വിലയിരുത്തുന്നതിന് സംയുക്ത ഭൗതിക പരിശോധനയും ഓഡിറ്റ് നടത്തി. ആഭ്യന്തര വകുപ്പ് അഡീഷണൽ സെക്രട്ടറിയുമായും പോലീസ് ആസ്ഥാനത്തെ ഇൻസ്പെക്ടർ ജനറലുമായും (ഐജി) 2018 ഏപ്രിൽ 25-ന് നടത്തിയ പ്രാരംഭ കൂടിക്കാഴ്ചയിൽ ഓഡിറ്റ് ഉദ്ദേശ്യങ്ങളും മാനദണ്ഡങ്ങളും ഓഡിറ്റ് നടത്തുന്ന സമ്പ്രദായവും ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായും സംസ്ഥാന പോലീസ് മേധാവിയുമായും 2019 ഏപ്രിൽ 08-ന് നടന്ന അന്തിമ കൂടിക്കാഴ്ചയിൽ ഓഡിറ്റ് നിരീക്ഷണങ്ങൾ വിശദമായി ചർച്ച

ചെയ്തു. കേരളസർക്കാരിന്റെ മറുപടി അനുയോജ്യമായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റിന്റെ ശുപാർശകൾ എല്ലാം കേരളസർക്കാർ സ്വീകരിച്ചു.

25 ശതമാനം ജില്ലകളെ തെരഞ്ഞെടുക്കുന്നതിന് ഓഡിറ്റ് ഒരു മൾട്ടി സ്റ്റേജ് സാംപ്ലിങ്ങ് രീതി സ്വീകരിച്ചു. ആഭ്യന്തര വകുപ്പ്, പോലീസ് ആസ്ഥാനം, സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ തുടങ്ങിയവ സ്ഥിതി ചെയ്യുന്നതിനാൽ തിരുവനന്തപുരം ജില്ല തിരഞ്ഞെടുക്കപ്പെട്ടപ്പോൾ, ആലപ്പുഴ, കണ്ണൂർ, മലപ്പുറം ജില്ലകൾ, സിംപിൾ റാൻഡം സാംപ്ലിങ്ങ് വിത്തൗട്ട് റീപ്ലേസ്മെന്റ് ഉപയോഗിച്ച് തെരഞ്ഞെടുത്തു. രണ്ടാംഘട്ടത്തിൽ 25 ശതമാനം ഡെപ്യൂട്ടി സൂപ്രണ്ട്/പോലീസ് അസിസ്റ്റന്റ് കമ്മീഷണർ, സർക്കിൾ ഇൻസ്പെക്ടർ/ഇൻസ്പെക്ടർ ഓഫീസുകളും പോലീസ് സ്റ്റേഷനുകളും[6] റിസ്ക് ബേസ്ഡ് ജഡ്ജ്മെന്റൽ സാംപ്ലിങ്ങ് അടിസ്ഥാനത്തിലാണ് തെരഞ്ഞെടുത്തത്. തെരഞ്ഞെടുത്ത ജില്ലകളിലെ എല്ലാ വനിതാ (3), ട്രാഫിക് (4), തീരദേശ (8), റെയിൽവേ (3) പോലീസ് സ്റ്റേഷനുകളും ഓഡിറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, തെരഞ്ഞെടുത്ത ജില്ലകളിലെ എല്ലാ സായുധ പോലീസ് ബറ്റാലിയനുകൾ (5), ഫോറൻസിക് ലബോറട്ടറികൾ (2), ഫിംഗർ പ്രിന്റ് ബ്യൂറോകൾ (5), ഇന്റേർണൽ സെക്യൂരിറ്റി ബ്രാഞ്ച്, സ്പെഷ്യൽ ബ്രാഞ്ച്, ഇന്റലിജൻസ് വിഭാഗം എന്നിവയുടെ ഓഫീസുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ, കേരള സ്റ്റേറ്റ് ഫോറൻസിക് ലബോറട്ടറി, തൃശ്ശൂരിലെ കേരള പോലീസ് അക്കാദമി, തിരുവനന്തപുരത്തെ പോലീസ് ട്രെയിനിംഗ് കോളേജ്, തിരുവനന്തപുരം സൈബർഡോം എന്നിവയും ഓഡിറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 2.6. കൃതജ്ഞത

ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും, സംസ്ഥാന പോലീസ് മേധാവിയും ഈ പ്രവർത്തനക്ഷമത ഓഡിറ്റ് നടത്തുന്നതിന് നൽകിയ സഹകരണത്തിന് ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.

### *ഓഡിറ്റ് കണ്ടെത്തലുകൾ*

## 2.7. നവീകരണ പദ്ധതികളുടെ രൂപീകരണം - സ്ട്രാറ്റജിക്/വാർഷിക കർമ്മ പദ്ധതികൾ

കേന്ദ്രസർക്കാർ (ജിഒഐ) പുറത്തിറക്കിയ (2010 നവംബർ) എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ ഖണ്ഡിക 6.1, അഞ്ച് വർഷത്തെ സ്ട്രാറ്റജിക് പ്ലാൻ (2011-16) തയ്യാറാക്കാൻ ശുപാർശ ചെയ്തു. അതിൽ അഞ്ച് വർഷത്തേയ്ക്കുള്ള ഒരു എക്വിപ്മെന്റ് അക്വിസിഷൻ പെർസ്പെക്റ്റീവ് പ്ലാൻ ഉൾക്കൊള്ളിച്ചിരിക്കണം. എംഒപിഎഫിന് കീഴിലുള്ള വിവിധ ഘടകങ്ങളിലെ വിടവുകൾ തിരിച്ചറിയാനും വിശകലനം ചെയ്യാനും ബിപിആർ&ഡി മാനദണ്ഡങ്ങളുമായി ചേർന്ന് സംസ്ഥാനത്തിന്റെ ആവശ്യകത കണ്ടെത്താനും പഞ്ചവത്സര സ്ട്രാറ്റജിക് പ്ലാനിന് കഴിയുമെന്ന് വിഭാവനം ചെയ്തിരുന്നു. വികേന്ദ്രീകൃതവും തെളിവുകൾ അടിസ്ഥാനമാക്കിയുള്ളതും മതിയായ വഴക്കത്തോടെ താഴെനിന്നും മുകളിലേക്കുള്ളതുമായ ആസൂത്രണവും സമീപനവും ഇത് ശുപാർശ ചെയ്തിരുന്നു. പഞ്ചവത്സര സ്ട്രാറ്റജിക് പ്ലാനിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും ഒരു വാർഷിക കർമ്മ പദ്ധതി കേരളസർക്കാർ (ജികെ) തയ്യാറാക്കേണ്ട തായിരുന്നു. 2011-16, 2017-21 വർഷങ്ങൾക്കായി പോലീസ് വകുപ്പ് കരട് സ്ട്രാറ്റജിക് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇവ കേരളസർക്കാർ അംഗീകരിച്ചതായി സൂചിപ്പിക്കുന്നതിന് തെളിവുകളൊന്നും രേഖപ്പെടുത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അന്തിമ അംഗീകൃത സ്ട്രാറ്റജിക് പ്ലാനിന്റെ അഭാവത്തിൽ, വാർഷിക കർമ്മ പദ്ധതികൾ ദീർഘകാല സ്ട്രാറ്റജിക് പ്ലാനിന് അനുസൃതമാണോ എന്ന് പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞില്ല.

[6] തിരുവനന്തപുരം സിറ്റി: 21 പോലീസ് സ്റ്റേഷനുകളിൽ 6 എണ്ണം; തിരുവനന്തപുരം റൂറൽ: 37 പോലീസ് സ്റ്റേഷനുകളിൽ 11 എണ്ണം; ആലപ്പുഴ: 31 പോലീസ് സ്റ്റേഷനുകളിൽ 10 എണ്ണം; മലപ്പുറം: 34 പോലീസ് സ്റ്റേഷനുകളിൽ 9 എണ്ണം; കണ്ണൂർ: 36 പോലീസ് സ്റ്റേഷനുകളിൽ 13 എണ്ണം.

### 2.7.1. വാർഷിക കർമ്മ പദ്ധതി രൂപീകരണം

എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, അടുത്ത വർഷത്തേയ്ക്കുള്ള താൽക്കാലിക വാർഷിക വിഹിതം എംഎച്ച്എ സംസ്ഥാനത്തെ അറിയിക്കുകയും സംസ്ഥാന സർക്കാരിൽ നിന്നും വാർഷിക കർമ്മ പദ്ധതികൾക്കായി (എഎപി) നിർദ്ദേശങ്ങൾ ക്ഷണിക്കുകയും വേണം. കരട് എഎപി നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരുകൾ തയ്യാറാക്കി എംഎച്ച്എയ്ക്ക് കൈമാറും. വാർഷിക കർമ്മ പദ്ധതി എംഎച്ച്എയ്ക്ക് കൈമാറുന്നതിന് മുൻപ് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംസ്ഥാനതല എംപവേർഡ് കമ്മറ്റി (എസ്എൽഇസി) [7] ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്യണമെന്ന് വ്യക്തമായി വ്യവസ്ഥ ചെയ്തിരുന്നു. **പട്ടിക 2.1**-ൽ പ്രതിപാദിക്കുന്ന പോലെ എംഎച്ച്എയുടെ നിർദ്ദേശങ്ങൾ ഒരു വർഷത്തിലും പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

**പട്ടിക 2.1: വാർഷിക കർമ്മ പദ്ധതി രൂപീകരണത്തിന്റെ വിശദാംശങ്ങൾ**

| വർഷം | ജിഒകെയ്ക്ക് എംഎച്ച്എയുടെ പദ്ധതി വലിപ്പം അറിയിക്കുന്ന കത്തിന്റെ തീയതി | എംഎച്ച്എയ്ക്ക് എഎപി സമർപ്പിക്കുന്നതിനുള്ള ടാർഗെറ്റ് തീയതി | എംഎച്ച്എയ്ക്ക് എഎപി സമർപ്പിച്ച തീയതി | എഎപിയ്ക്ക് എംഎച്ച്എയുടെ അംഗീകാരം ലഭിച്ച തീയതി | എസ്എൽഇസി അംഗീകരിച്ച തീയതി | ജിഒകെ ഭരണാനുമതി നൽകിയ തീയതി |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 2013-14 | 25.03.2013 | 15.04.2013 | 22.04.2013 | 27.09.2013 | 07.11.2013 | 13.12.2013 |
| 2014-15 | 11.03.2014 | 31.03.2014 | 25.04.2014 | 29.08.2014 | 06.11.2014 | 20.12.2014 |
| 2015-16 | 11.03.2015 | 31.03.2015 | 26.03.2015 | 24.07.2015 | 21.04.2015 | 19.11.2015 |
| 2016-17 | 10.03.2016 | 31.03.2016 | 08.04.2016 | 04.07.2016 | 23.11.2016 | 21.01.2017 |
| 2017-18 | 28.04.2017 | 22.05.2017 | 24.05.2017 | 28.08.2017 | 19.07.2017 | 24.10.2017 |

*(അവലംബം: പിഎച്ച്ക്യൂവിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ)*

- എസ്എൽഇസിയുടെ അനുമതി നേടാതെയാണ് എഎപികൾ എംഎച്ച്എയ്ക്ക് കൈമാറിയതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എസ്പിസി സമർപ്പിച്ച എംഎച്ച്എ അംഗീകരിച്ച നിർദ്ദേശങ്ങൾ എസ്എൽഇസി റാറ്റിഫൈ മാത്രം ചെയ്യുകയായിരുന്നു. പോലീസ് വകുപ്പിന്റെ രേഖകളുടെ സൂക്ഷ്മ പരിശോധനയിൽ എഎപികൾ തയ്യാറാക്കുന്നതിനായി ലോവർ ഫോർമേഷനുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ സമാഹരിച്ചതായി സൂചിപ്പിച്ചിട്ടില്ല. എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമായി പറഞ്ഞതുപോലെ വികേന്ദ്രീകൃത തെളിവുകൾ അടിസ്ഥാനമാക്കിയുള്ള, മതിയായ വഴക്കത്തോടെ താഴെ നിന്നു മേലോട്ടുള്ള ആസൂത്രണ സമീപനം എന്ന ആശയം യാഥാർത്ഥ്യമായില്ല. കേരളസർക്കാർ, ഓഡിറ്റ് നിരീക്ഷണങ്ങൾ അംഗീകരിച്ചുകൊണ്ട് (2019 മാർച്ച്) സമയക്കുറവ് കാരണമാണ് എസ്എൽഇസിയുടെ അനുമതി വാങ്ങാതെ എഎപികൾ എംഎച്ച്എയ്ക്ക് കൈമാറിയത് എന്ന് പ്രസ്താവിച്ചു. ചീഫ് സെക്രട്ടറിക്ക് പകരം ആഭ്യന്തര സെക്രട്ടറി കൺവീനറായി എസ്എൽഇസി പുനഃസംഘടിപ്പിച്ചതായും ഓഡിറ്റിനെ അറിയിച്ചു. പ്രക്രിയ കാര്യക്ഷമമാക്കിയെന്നും തൽഫലമായി 2019-20-ലെ എഎപി, എസ്എൽഇസിയുടെ അംഗീകാരം നേടിയശേഷമാണ് എംഎച്ച്എയ്ക്ക് കൈമാറിയതെന്നും പ്രസ്താവിച്ചു.

---

[7] വാർഷിക കർമ്മ പദ്ധതി അംഗീകരിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം), അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി (ആഭ്യന്തരം), പ്ലാനിംഗ് കമ്മീഷണർ, ഡിജിപി എന്നിവർ അംഗങ്ങളായി രൂപീകരിച്ച സംസ്ഥാനതല എംപവേർഡ് കമ്മിറ്റി.

- എസ്‌പിസി എംഎച്ച്എയ്ക്ക് കൈമാറിയ എഎപികളിൽ പിശകുകൾ [8] അടങ്ങിയിരുന്നതു കാരണം എഎപികളുടെ തിരുത്തൽ ആവശ്യമായി വന്നു. വാർഷിക കർമ്മ പദ്ധതികളിലെ ഒഴിവാക്കാമായിരുന്ന പരിഷ്കരണത്തിനൊപ്പം എസ്സ്എൽഇസിയുടെ അംഗീകാരത്തിലെ കാലതാമസവും ഭരണാനുമതി പുറത്തിറക്കുന്നതിൽ കാലതാമസമുണ്ടാക്കുന്നതിനും തൽഫലമായി സാമ്പത്തിക വർഷത്തിനുള്ളിൽ വാർഷിക വിഹിതം വിനിയോഗിക്കുന്നതിൽ പരാജയപ്പെടുന്നതിനും ഇടയാക്കി.

- പ്ലാൻ വർഷത്തിലെ കുറഞ്ഞ ഉപയോഗത്തിന്റെ ഫലമായി അംഗീകൃത വാർഷിക കർമ്മ പദ്ധതികളിലെ ഇനങ്ങൾ തുടർന്നുള്ള വർഷങ്ങളിലേക്ക് വ്യാപിപ്പിക്കുകയും നടപ്പാക്കുകയും ചെയ്തുവെന്നും ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി (**അനുബന്ധം 2.2**). 2013-14-ലെ എഎപിയിൽ നടപ്പിലാക്കേണ്ടിയിരുന്ന ഇനങ്ങളുടെ ചെലവ് 2018-19-ൽ പോലും തുടരുകയായിരുന്നു. വാർഷിക പദ്ധതികൾ രൂപീകരിക്കുന്നതിന് പിന്നിലെ ഉദ്ദേശ്യം അങ്ങനെ പരാജയപ്പെട്ടു. ഓഡിറ്റ് നിരീക്ഷണത്തോട് യോജിച്ചുകൊണ്ട് ഫണ്ട് ചെലവഴിക്കുന്നതിലെ കാലതാമസത്തിന് കാരണമായി കേരളസർക്കാർ പറഞ്ഞത്, കേരളത്തിലെ വിൽപ്പനക്കാരുടെ കുറവ് കാരണം മതിയായ ബിഡ്ഡർമാരെ കണ്ടെത്താത്ത ബിഡ്ഡിംഗ് പ്രക്രിയകൾ മൂലം സിംഗിൾ ടെൻഡറിംഗിലേക്ക് നീങ്ങേണ്ടി വരുന്നതും തൽഫലമായുള്ള കാലതാമസവുമാണെന്ന് ആയിരുന്നു. ഏതായാലും എംഒപിഎഫ് പദ്ധതി വിഭാവനം ചെയ്ത പോലീസ് സേനയുടെ സമയോചിതമായ നവീകരണം കൈവരിക്കാനായില്ല എന്നതാണ് വസ്തുത.

## 2.8. സാമ്പത്തിക പരിപാലനം

പ്രോഗ്രാമുകൾ വിജയകരമായി നടപ്പിലാക്കുന്നതിനും ഉദ്ദേശിച്ച ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും കാര്യക്ഷമമായ ആസൂത്രണവും വിവേകപൂർണ്ണമായ സാമ്പത്തിക പരിപാലനവും ആവശ്യമാണ്. എംഎച്ച്എ വാർഷിക പ്ലാൻ വലിപ്പം നിശ്ചയിക്കുകയും എഎപി തയ്യാറാക്കുന്നതിനായി കേരളസർക്കാരിനെ അറിയിക്കുകയും ചെയ്യുന്നു. ഇലക്ട്രോണിക് ട്രാൻസ്ഫർ വഴി ഫണ്ടുകൾ രണ്ടോ മൂന്നോ തവണകളായി സംസ്ഥാനങ്ങൾക്ക് നേരിട്ട് റിലീസ് ചെയ്യുന്നു. കേന്ദ്ര സർക്കാർ പൂർണ്ണമായും ധനസഹായം നൽകുന്ന ഓർഡനൻസ് ഫാക്ടറി ബോർഡിൽ (ഒഎഫ്ബി) നിന്നുള്ള ആയുധങ്ങൾ വാങ്ങുന്നതിന് അനുവദിച്ച ഫണ്ടുകൾ സംസ്ഥാന സർക്കാരിനെ അറിയിച്ചുകൊണ്ട് കേന്ദ്രസർക്കാർ നേരിട്ട് ഓർഡനൻസ് ഫാക്ടറി ബോർഡിന് റിലീസ് ചെയ്യുന്നു. 2013-18 കാലയളവിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാമ്പത്തിക സഹായം 60:40 എന്ന അനുപാതത്തിൽ കേന്ദ്രസർക്കാരും കേരളസർക്കാരും തമ്മിൽ പങ്കിട്ടു. എംഒപിഎഫ് നടപ്പാക്കുന്നതിന് 2013-18-ൽ കേന്ദ്രസർക്കാർ/കേരളസർക്കാർ റിലീസ് ചെയ്ത ഫണ്ടുകൾ, ചെലവഴിച്ച തുക, വിനിയോഗിക്കാത്ത ഫണ്ടുകൾ എന്നിവ **പട്ടിക 2.2**-ൽ പറയും പ്രകാരമാണ്.

[8] സംസ്ഥാനവിഹിതം പ്രത്യേകം പ്രദർശിപ്പിക്കുന്നതിൽ ഉള്ള വീഴ്ചയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പതിവ് ഇനങ്ങളും ഉപഭോഗവസ്തുക്കളും ഉൾപ്പെടുത്തിയതും (എഎപി 2013-14), അർഹമായ ഓർഡനൻസ് ഫാക്ടറി ബോർഡ് ആയുധങ്ങൾക്കെതിരെ ഓർഡനൻസ് ഫാക്ടറി ബോർഡിന്റെ അല്ലാത്ത ആയുധങ്ങൾ ഉൾപ്പെടുത്താനുള്ള നിർദ്ദേശവും (2014-15), അർഹതയുള്ള 25 ശതമാനത്തിനെതിരെ ചലനാത്മകത ഘടകത്തിനായി 51.12 ശതമാനം ഫണ്ട് അനുവദിച്ചതും (2015-16) പിശകുകളിൽ ഉൾപ്പെടുന്നു.

**പട്ടിക 2.2: 2013–18 കാലയളവിൽ എംഒപിഎഫിനായി നീക്കിവച്ച, ലഭിച്ച, വിനിയോഗിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ**

*(₹ ലക്ഷത്തിൽ)*

| വർഷം | എഎപിയിൽ മൊത്തം നീക്കിവച്ചത് | ലഭ്യമായ ജിഒഐ/ ജിഒകെ ഫണ്ടുകൾ | വിനിയോഗിച്ച തുക | വിനിയോഗിക്കാത്ത തുക |
|---|---|---|---|---|
| 2013–14 | 9371.00 | 1870.90* | 1870.52 | 0.38 |
| 2014–15 | 7998.00 | 5270.68 | 4364.53 | 906.15 |
| 2015–16 | 2990.00 | 1514.59 | 1509.13 | 5.46 |
| 2016–17 | 2989.00 | 3501.00 | 3452.55 | 48.45 |
| 2017–18 | 3943.00 | 7100.18 | 7048.34 | 51.84 |
| **ആകെ** | **27291.00** | **19257.35** | **18245.07** | **1012.28** |

* *ഉപകരണങ്ങൾ വാങ്ങുന്നതിനായി 2013-14-ൽ കേന്ദ്രസർക്കാർ നേരിട്ട് കെപിഎച്ച്സിസിക്ക് തെറ്റായി ₹329 ലക്ഷം അധികമായി നൽകി. 2017 ഏപ്രിലിൽ പിഎച്ച്ക്യൂയിലേക്ക് മാറ്റുന്നതുവരെ ഈ തുക കെപിഎച്ച്സിസിയിൽ ചെലവഴിക്കാതെ ഇരുന്നു. 2017-18-ൽ പിഎച്ച്ക്യൂ ഉപകരണങ്ങൾ വാങ്ങുന്നതിന് ₹217 ലക്ഷം ചെലവഴിച്ചു.*

*(അവലംബം: ഡീറ്റെയിൽഡ് അപ്രോപ്രിയേഷൻ അക്കൗണ്ടുകളും കേന്ദ്രസർക്കാർ ഒഎഫ്ബിയ്ക്ക് റിലീസ് ചെയ്യുന്ന ഉത്തരവുകളും പിഎച്ച്ക്യൂ നൽകിയ ആയുധങ്ങളുടെ ചെലവിന്റെ സ്റ്റേറ്റ്മെന്റുകളും)*

### 2.8.1. പദ്ധതിയ്ക്കായി പ്രത്യേക അക്കൗണ്ട് സൂക്ഷിക്കൽ

എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിലെ 10-ാം ഖണ്ഡിക, സംസ്ഥാന പോലീസ് ആസ്ഥാനവും കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപറേഷൻ ലിമിറ്റഡ് (കെപിഎച്ച്സിസി) ക്യാഷ് അടിസ്ഥാനത്തിലുള്ള [9] അക്കൗണ്ടിംഗ് പിന്തുടരാനും ഡബിൾ എൻട്രി ബുക്ക്കീപ്പിംഗ് തത്വങ്ങളിൽ അക്കൗണ്ട് ബുക്കുകൾ സൂക്ഷിക്കാനും ആവശ്യപ്പെടുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾക്കനുസൃതമായി സ്റ്റാൻഡേർഡ് ബുക്ക്സ് ഓഫ് അക്കൗണ്ട്സാണ് (ക്യാഷ് ബുക്ക്, ജേണൽ, ലെഡ്ജർ മുതലായവ) സൂക്ഷിക്കേണ്ടിയിരുന്നത്. പ്രതിമാസ സാമ്പത്തിക റിപ്പോർട്ടുകൾ തയ്യാറാക്കുകയും ഇവയെ അടിസ്ഥാനമാക്കിയുള്ള ത്രൈമാസ സാമ്പത്തിക റിപ്പോർട്ടുകൾ എംഎച്ച്എയ്ക്ക് സമർപ്പിക്കുകയും വേണമായിരുന്നു.

പദ്ധതിയ്ക്കായി പോലീസ് ആസ്ഥാനം പ്രത്യേക അക്കൗണ്ടുകൾ സൂക്ഷിച്ചിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രതിമാസ/ത്രൈമാസ സാമ്പത്തിക റിപ്പോർട്ടുകൾ തയ്യാറാക്കുകയോ എംഎച്ച്എയ്ക്ക് കൈമാറുകയോ ചെയ്തിട്ടില്ല. കണ്ടിജന്റ് ബിൽ രജിസ്റ്ററിന്റെ പരിശോധനയിൽ എംഒപിഎഫിന്റേതുൾപ്പെടെ പോലീസ് ആസ്ഥാനം ഏറ്റെടുക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള ചെലവ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതായും ചെലവിനങ്ങളെ പദ്ധതി ചെലവുകളായോ മറ്റുവിധത്തിലോ വേർതിരിക്കാനാവില്ലെന്നും വ്യക്തമായി. പ്രത്യേക അക്കൗണ്ടുകളുടെ അഭാവത്തിൽ, പദ്ധതിക്ക് കീഴിൽ പോലീസ് ആസ്ഥാനം രേഖപ്പെടുത്തിയ വരവ് ചെലവ് കണക്കുകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല.

അന്തിമ കൂടിക്കാഴ്ചയിൽ (2019 ഏപ്രിൽ) ഓഡിറ്റ് നിരീക്ഷണം ആഭ്യന്തര സെക്രട്ടറി അംഗീകരിക്കുകയും സംസ്ഥാനത്ത് എംഒപിഎഫ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക അക്കൗണ്ടുകൾ സൂക്ഷിക്കാൻ പോലീസ് ആസ്ഥാനത്തിന് നിർദ്ദേശം നൽകുകയും ചെയ്തു.

[9] ക്യാഷ് അടിസ്ഥാനത്തിലുള്ള അക്കൗണ്ടിങ്ങിൽ ഉപഭോക്താക്കളിൽ നിന്ന് പണം ലഭിക്കുമ്പോൾ വരുമാനം രേഖപ്പെടുത്തുകയും വിതരണക്കാർക്കും ജീവനക്കാർക്കും പണം നൽകുമ്പോൾ ചെലവുകൾ രേഖപ്പെടുത്തുകയും ചെയ്യുന്നു.

### 2.8.2. വാഹനങ്ങളുടെ ലേലത്തിൽ നിന്നുള്ള വരുമാനം പദ്ധതി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിലെ വീഴ്ച

സംസ്ഥാന പോലീസ് ആസ്ഥാനത്ത് സൂക്ഷിക്കുന്ന നിശ്ചിത ആസ്തി രജിസ്റ്റർ മുഖേന മുഴുവൻ ആസ്തികളുടെയും നിന്ത്രണം പോലീസ് ആസ്ഥാനത്തിൽ നിക്ഷിപ്തമാണെങ്കിലും എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വിവിധ കീഴ്ഘടകങ്ങളിൽ സ്ഥാപിക്കുന്നതിനും ഉപയോഗിക്കുന്നതിനും വേണ്ടി സംസ്ഥാനങ്ങൾ വാങ്ങിയ ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം പോലീസ് ആസ്ഥാനത്തിനില്ല. പദ്ധതിയുടെ കണക്കുകൾ ഡബിൾ എൻട്രി ബുക്ക് കീപ്പിംഗ് തത്വങ്ങൾ പ്രകാരം സൂക്ഷിക്കണമെന്ന് എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ 10-ാം ഖണ്ഡിക നിഷ്കർഷിക്കുന്നുമുണ്ട്. ഇത്തരത്തിൽ ആസ്തികളുടെ വിൽപ്പന ഇനത്തിൽ നിന്നും ഉണ്ടാകുന്ന വരുമാനം സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ ചേർക്കുന്നതിനു പകരം പദ്ധതിയുടെ അക്കൗണ്ടിൽ വരുമാനമായി ഉൾപ്പെടുത്തേണ്ടതാണ്.

എംഒപിഎഫിനു കീഴിൽ വാങ്ങിയ വാഹനങ്ങളിൽ കണ്ടം ചെയ്ത 1,172 വാഹനങ്ങളുടെ ലേലത്തുകയായി പോലീസ് വകുപ്പിനു ലഭിച്ച ₹8.07 കോടി എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി കണക്കിൽ ചേർക്കാതെ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലേയ്ക്ക് മുതൽകൂട്ടിയതായി ഓഡിറ്റ് പരിശോധനയിൽ വെളിപ്പെട്ടു.

ഇതുമൂലം എംഒപിഎഫിനു കീഴിലുള്ള വരുമാനത്തിൽ ₹8.07 കോടിയുടെ കുറവുണ്ടായി. ഓഡിറ്റ് നിർദ്ദേശങ്ങൾക്കനുസൃതമായി ഫലപ്രദമായ തിരുത്തൽ നടപടികൾ കൈക്കൊള്ളാമെന്ന് കേരളസർക്കാർ ഉറപ്പു നൽകി (2019 മാർച്ച്). ഈ തുക 2013-18-ലെ പദ്ധതി കണക്കിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 2.9-ൽ ചൂണ്ടിക്കാട്ടുന്ന, പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളുടെ കുറവു പരിഹരിക്കാനായി 128 വാഹനങ്ങളെങ്കിലും[10] വാങ്ങുവാൻ ഉപയോഗിക്കാമായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

## 2.9. ചലനാത്മകത

ഒരു സംഭവ സ്ഥലത്തേയ്ക്ക് പെട്ടെന്ന് നീങ്ങുന്നതിനുള്ള പോലീസ് സേനയുടെ കഴിവിന്റെ അടിസ്ഥാനത്തിലാണ് ചലനാത്മകത അളക്കുന്നത്. പോലീസിന്റെ ചലനാത്മകത പ്രവർത്തനക്ഷമതയുമായി നേരിട്ട് ബന്ധപ്പെട്ടതാണ്. ക്രമസമാധാന സാഹചര്യങ്ങളിൽ കൃത്യസമയത്തുള്ള ഇടപെടൽ ജനങ്ങളുടെ വിലപ്പെട്ട ജീവൻ സംരക്ഷിക്കുന്നതിനും പൊതു സ്വകാര്യ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനും പുറമേ പോലീസിന്റെ പ്രവർത്തനക്ഷമതയുടെ വിശ്വസനീയമായ ഒരു അളവുകോലും ആണ്.

പോലീസ് സ്റ്റേഷനുകൾ, ജില്ലാ സായുധ റിസർവ്വ്, സായുധ പോലീസ് ബറ്റാലിയനുകൾ എന്നിവയ്ക്കാവശ്യമായ ഹെവി/മീഡിയം/ലൈറ്റ് വാഹനങ്ങളും മോട്ടോർ സൈക്കിളുകളും പോലുള്ള വിവിധതരം പ്രവർത്തനവാഹനങ്ങളുടെ തോതുകൾ താഴെ പറയും പ്രകാരം ബിപിആർ&ഡി നിഷ്കർഷിച്ചിട്ടുണ്ട്.

**പട്ടിക 2.3: വാഹനങ്ങൾക്കുള്ള ബിപിആർ&ഡി മാർഗ്ഗരേഖകൾ**

| വാഹനത്തിന്റെ തരം | സായുധ ബറ്റാലിയൻ | ജില്ലാ പോലീസ് ലൈനുകൾ | പോലീസ് സ്റ്റേഷനുകൾ |
|---|---|---|---|
| ഹെവി | 29 | 7 | - |
| മീഡിയം | 8 | 17 | - |
| ലൈറ്റ് | 13 | 14 | 2 |
| മോട്ടോർ സൈക്കിൾ | 5 | 7 | 3 |

*(അവലംബം: ബിപിആർ&ഡി മാർഗ്ഗരേഖ)*

വിവിധ സംസ്ഥാനങ്ങളിലെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനമേഖല വ്യത്യസ്തമായിരിക്കുമെന്നതിനാൽ വാഹനങ്ങളുടെ ആവശ്യകത മാനദണ്ഡങ്ങളെ

[10] മഹീന്ദ്രാ ബോലേറോ പോലെ

അപേക്ഷിച്ച് കൂടിയും കുറഞ്ഞും ഇരിക്കാമെന്നതുകൊണ്ടു തന്നെ എല്ലാ സംസ്ഥാനങ്ങൾക്കും ഒരേ തോതിൽ വാഹനങ്ങൾ നിഷ്കർഷിക്കുന്ന ബിപിആർ&ഡി മാനദണ്ഡങ്ങൾ വെറും സൂചകങ്ങൾ മാത്രമാണെന്നും അവ നിർബന്ധിതമാക്കാൻ സാധിക്കുകയില്ല എന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു. എന്നിരുന്നാലും, സംസ്ഥാനത്തെ 19 പോലീസ് ജില്ലകളിലെയും പോലീസ് സ്റ്റേഷനുകളിൽ ബിപിആർ&ഡി മാനദണ്ഡങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള വാഹനങ്ങളുടെ ലഭ്യത ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. സംസ്ഥാനത്തെ ജില്ലാ പോലീസ് ഓഫീസുകൾ ഉൾപ്പെടെയുള്ള 481 ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ, അഞ്ചെണ്ണത്തിൽ (1.03 ശതമാനം) ലൈറ്റ് മോട്ടോർ വാഹനങ്ങൾ (എൽഎംവി) ഒന്നും തന്നെ ഇല്ലായിരുന്നു. 193 പോലീസ് സ്റ്റേഷനുകളിൽ (40.12 ശതമാനം) ഓരോ എൽഎംവി വീതവുമാണുണ്ടായിരുന്നത്. കൂടാതെ, ഇരുചക്രവാഹനങ്ങളെ സംബന്ധിച്ചിടത്തോളം, 24 പോലീസ് സ്റ്റേഷനുകളിൽ (4.98 ശതമാനം) ഒരെണ്ണം പോലുമില്ലായിരുന്നു. 245 പോലീസ് സ്റ്റേഷനുകളിൽ (50.94 ശതമാനം) മൂന്നിൽ താഴെ ഇരുചക്രവാഹനങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

കേരള പോലീസിലെ ഒൻപത് ബറ്റാലിയനുകളിൽ ലഭ്യമായ എൽഎംവിയുടെയും ഇരുചക്രവാഹനങ്ങളുടെയും ആകെ എണ്ണം ബിപിആർ&ഡി മാനദണ്ഡങ്ങൾ അനുശാസിക്കുന്നതിൽ നിന്നും കൂടുതലായിരുന്നു[11]. ഒരു ബറ്റാലിയനിൽ പോലും ഇരുചക്രവാഹനങ്ങളുടെയോ എൽഎംവികളുടെയോ കുറവുണ്ടായിരുന്നില്ല. ബസുകൾ, ലോറികൾ മുതലായ മറ്റു വാഹനങ്ങളെ ഹെവി അല്ലെങ്കിൽ മീഡിയം വാഹനങ്ങളായി പോലീസ് വകുപ്പ് തരംതിരിച്ചിട്ടില്ല. ഇത്തരത്തിൽ ബസുകൾ, ലോറികൾ എന്നിവയുടെ മൊത്തം എണ്ണം കണക്കാക്കുമ്പോൾ ബിപിആർ&ഡി മാനദണ്ഡങ്ങൾ അനുശാസിക്കുന്ന 333 ഹെവി അല്ലെങ്കിൽ മീഡിയം വാഹനങ്ങൾക്കുപകരം 168 എണ്ണം മാത്രമേ നിലവിലുള്ളൂ. അതുകാരണം ഹെവി, മീഡിയം വാഹനങ്ങളുടെ ഗണത്തിൽ 165 എണ്ണത്തിന്റെ കുറവുണ്ട്.

സംസ്ഥാനത്തെ പോലീസ് സേനകൾക്ക് മതിയായ ചലനാത്മകത നൽകുക എന്ന ലക്ഷ്യം ഇനിയും കൈവരിക്കേണ്ടതായിട്ടുണ്ട്. വാഹനങ്ങളുടെ കുറവ് പോലീസിന്റെ ചലനാത്മകതയെ പ്രത്യേകിച്ച് റോന്തു ചുറ്റലിനെ ദോഷകരമായി ബാധിച്ചേക്കാം. ഇത് സംസ്ഥാനത്തെ നിയമ, ക്രമസമാധാന പാലനത്തെ ബാധിക്കാൻ ഇടയുണ്ട്.

### 2.9.1. അനുവദനീയമല്ലാത്ത വാഹനങ്ങളുടെ സംഭരണം

പോലീസ് സ്റ്റേഷനുകളിലും ഔട്ട് പോസ്റ്റുകളിലും വിന്യസിക്കുന്നതിനുവേണ്ടി ജീപ്പുകൾ, മോട്ടോർ സൈക്കിളുകൾ, മീഡിയം/ഹെവി വാഹനങ്ങൾ എന്നിവ മാത്രം വാങ്ങുന്നതിനെ എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുവദിക്കുന്നുള്ളൂ. കാറുകൾ വാങ്ങുന്നത് പദ്ധതിയുടെ കീഴിൽ അനുവദനീയമല്ല. ഓരോ പോലീസ് സ്റ്റേഷനുകളിലും രണ്ട് എൽഎംവികൾ ഉണ്ടായിരിക്കണമെന്നാണ് ബിപിആർ&ഡി വ്യവസ്ഥ ചെയ്യുന്നത്. 2018 ജനുവരി 01-ന് പോലീസ് വകുപ്പിൽ മൊത്തം 3,748 എൽഎംവികൾ ഉണ്ടായിരുന്നതിൽ 790 എണ്ണം പോലീസ് സ്റ്റേഷനുകളിൽ വിന്യസിച്ചിരുന്നു (ആവശ്യമായ 1,042-ന്റെ സ്ഥാനത്ത്). ഇത് 24 ശതമാനത്തിന്റെ കുറവ് സൂചിപ്പിക്കുന്നു. എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 2013-18 കാലയളവിൽ സംഭരിച്ച 269 എൽഎംവികളിൽ 64 എണ്ണം (24 ശതമാനം) പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഓപ്പറേഷണൽ യൂണിറ്റുകളായി കണക്കാക്കാത്തവയ്ക്കും ഉന്നത ഉദ്യോഗസ്ഥർക്കുമുള്ള ഉപയോഗത്തിനു വേണ്ടിയായിരുന്നു എന്ന് ഓഡിറ്റ് കണ്ടെത്തി. കൂടാതെ, 64 വാഹനങ്ങൾ സംഭരിച്ചതിൽ 41 എണ്ണം (269 എൽഎംവികളുടെ 15 ശതമാനം) എംഒപിഎഫ് പദ്ധതിയിൻ കീഴിൽ സംഭരിക്കപ്പെടാൻ യോഗ്യമല്ലാത്ത ടൊയോട്ട ക്രിസ്റ്റ, ഇന്നോവ, മാരുതി സിയാസ്, മാരുതി എർട്ടിഗ, സ്വിഫ്റ്റ് ഡിസയർ മുതലായ കാറുകളും ആഡംബര വാഹനങ്ങളുമായിരുന്നു. 64 വാഹനങ്ങളിൽ എട്ടെണ്ണം പോലീസ് ആസ്ഥാനത്തെ

---

[11] 49 ഇരുചക്ര വാഹനങ്ങൾ വേണ്ടിടത്ത് 54 എണ്ണവും 117 എൽഎംവി വേണ്ടിടത്ത് 150 എണ്ണവും ലഭ്യമായിരുന്നു.

വാഹന ശൃംഖലയിലേയ്ക്കും ഉന്നതരായ ഉദ്യോഗസ്ഥർക്കും അനുവദിച്ചപ്പോൾ, 19 വാഹനങ്ങൾ, പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഓപ്പറേഷണൽ യൂണിറ്റുകളായി കണക്കാക്കാത്ത ക്രൈംബ്രാഞ്ച് ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ വകുപ്പ് (സിബിസിഐഡി) പോലുള്ളവയ്ക്കും ബൊലേറോ എസ്എൽഇ 2ഡബ്ല്യൂഡി, ടാറ്റാ സുമോ ഗോൾഡ് തുടങ്ങി 25 വാഹനങ്ങൾ എംഒപിഎഫ് പദ്ധതിയുടെ പരിധിയിൽപെടാത്ത വിജിലൻസ് വകുപ്പിനും കൈമാറിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

വാങ്ങാൻ അനുവാദമുള്ള വാഹനങ്ങൾക്ക് പകരം ഉദ്യോഗസ്ഥർക്കു വേണ്ടി ആഡംബര വാഹനങ്ങൾ സംഭരിച്ച പോലീസ് വകുപ്പിന്റെ നടപടി എംഒപിഎഫ് മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്. ഇത് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തെ സാരമായി ബാധിച്ചേക്കാം. 41 ആഡംബര വാഹനങ്ങൾ സംഭരിക്കുന്നതിനു പകരം അതേ വിലയ്ക്ക് തന്നെ 46 ബൊലേറോകൾ പോലീസ് വകുപ്പിനു സംഭരിക്കാമായിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഓപ്പറേഷണൽ യൂണിറ്റുകളായി കണക്കാക്കാത്തവയ്ക്ക് ക്രമരഹിതമായി അനുവദിച്ച 23 വാഹനങ്ങൾ ഉൾപ്പെടെ ഈ 69 വാഹനങ്ങൾ കൊണ്ട് ഒരു എൽഎംവി പോലുമില്ലാത്ത അഞ്ച് പോലീസ് സ്റ്റേഷനുകൾക്കും ഒരു എൽഎംവി മാത്രമുള്ള 193 പോലീസ് സ്റ്റേഷനുകളിൽ (ഖണ്ഡിക 2.9-ൽ സൂചിപ്പിച്ചിരിക്കുന്നത്) 57 എണ്ണത്തിനുമുള്ള ആവശ്യങ്ങൾ നിറവേറ്റാമായിരുന്നു. ഈ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനക്ഷമത തീർച്ചയായും വർദ്ധിപ്പിക്കാമായിരുന്നു.

ഭാരതത്തിലും വിദേശങ്ങളിലും കാറുകളും എസ്‌യുവികളും സെഡാനുകളും പോലീസ് സേനകൾ പരസ്യവും രഹസ്യവുമായ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാറുണ്ടെന്ന് കേരളസർക്കാർ പ്രസ്താവിച്ചു (2019 ഏപ്രിൽ). സംസ്ഥാന പോലീസ് വകുപ്പിന്റെ നവീകരണത്തിനായുള്ള പദ്ധതിയിൻകീഴിൽ അധിക ഫണ്ടുകൾ അനുവദിച്ചതും എംഒപിഎഫിൽ നിന്നും ചലനാത്മകതയുടെ ഘടകം പൊതുവേ ഒഴിവാക്കിയതും കാരണം വകുപ്പിന്റെ ആവശ്യകതകളനുസരിച്ച് വിവിധതരങ്ങളിലുള്ള വാഹനങ്ങൾ സംഭരിക്കേണ്ടിവന്നു എന്നും പ്രസ്താവിക്കപ്പെട്ടു.

എംഒപിഎഫ് മാർഗ്ഗനിർദ്ദേശങ്ങളിൽ 2013-18 കാലഘട്ടത്തിൽ കാറുകളുടെ സംഭരണത്തിനുള്ള നിർദ്ദേശങ്ങൾ ഇല്ലായിരുന്നതുകാരണം ഈ മറുപടി സ്വീകാര്യമല്ല.

### 2.9.2. മൊബൈൽ കമാൻഡ് ആന്റ് കൺട്രോൾ വാഹനം കൊണ്ട് പോലീസ് സേനയെ സജ്ജമാക്കുന്നതിൽ പരാജയപ്പെട്ടു

2012-13-ലെയും 2013-14-ലെയും എഎപികളിലെ ഹൈടെക് കമ്മ്യൂണിക്കേഷനും നെഗോസിയേഷൻ സൗകര്യങ്ങളുമുള്ള മൊബൈൽ കമാൻഡ് ആന്റ് കൺട്രോൾ വാഹനങ്ങൾ വാങ്ങാൻ എംഎച്ച്എ അനുമതി നൽകി. വിതരണ ഉത്തരവിൽ വ്യക്തമാക്കിയിരുന്നപോലെ അധികമായി വേണ്ട ഉപകരണങ്ങൾ ഘടിപ്പിക്കാൻ വിതരണക്കാരോട് നിഷ്കർഷിക്കാതെ ടൊയോട്ട ഫോർച്ച്യൂണർ/ഇന്നോവ പോലുള്ള വാഹനങ്ങൾ വാങ്ങിയതായി ഓഡിറ്റ് നിരീക്ഷിച്ചു. താഴെക്കൊടുത്തിരിക്കുന്നപോലെ ഈ വാഹനങ്ങളുടെ സംഭരണത്തിൽ വിഭാവനം ചെയ്തിരുന്ന നേട്ടങ്ങൾ പോലീസ് സേനയ്ക്ക് നിഷേധിക്കപ്പെട്ടു.

#### *2.9.2.1. മൊബൈൽ കമാൻഡ് ആന്റ് കൺട്രോൾ വാഹനം എന്ന നിലയിൽ ടൊയോട്ട ഫോർച്ച്യൂണർ വാഹനം സംഭരിച്ചത്*

എംഒപിഎഫ് പദ്ധതിയുടെ 2012-13 വർഷത്തിലേയ്ക്ക് അംഗീകരിക്കപ്പെട്ട എഎപിയിൽ ₹30 ലക്ഷത്തിന് ഒരു മൊബൈൽ കമാൻഡ് ആന്റ് കൺട്രോൾ വാഹനത്തിന്റെ വാങ്ങലും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുതവാഹനം 'ബന്ദിയാക്കുന്ന (ഹോസ്റ്റേജ്) അവസരങ്ങളിലും ദീർഘകാല മാനവശേഷി വിന്യാസം വേണ്ടി വരുന്ന ഗുരുതര ക്രമസമാധാന സാഹചര്യങ്ങളിൽ മൊബൈൽ കൺട്രോൾ സ്റ്റേഷനുകളിലും' ഉപയോഗിക്കാനുമായി ഉദ്ദേശിക്കപ്പെട്ടിരുന്നതാണ്.

പോലീസ് വകുപ്പ് രൂപീകരിച്ച ഒരു ടെക്നിക്കൽ കമ്മറ്റി, പ്രത്യേക രൂപമാറ്റം വരുത്തിയ ഒരു 'ഫോർച്ച്യൂണർ' ടൊയോട്ട കിർലോസ്കർ മോട്ടോഴ്സ് ലിമിട്ടഡിൽ നിന്ന് വാങ്ങാൻ ശുപാർശ ചെയ്യുകയുണ്ടായി (2013 ജൂൺ). പ്രസ്തുത സ്ഥാപനം 2013 മേയ് 06, 2013 ജൂലൈ 15 എന്നീ തീയതികളിൽ സമർപ്പിച്ചിരുന്ന വാഹന വിതരണത്തിനായുള്ള വില ₹21.61 ലക്ഷത്തിന്റെയും രൂപമാറ്റ ചെലവിനായുള്ള ₹8.62 ലക്ഷത്തിന്റെയും പ്രഫോമ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ വിതരണ ഉത്തരവ് 2013 ജൂലൈ 24-ന് നൽകി. വാഹനവിലയായ ₹21.61 ലക്ഷം, 2013 ഒക്ടോബർ 10-ലെ ഉത്തരവു പ്രകാരം അനുവദിച്ചു.

പ്രസ്തുത വാഹനത്തിന്റെ രൂപമാറ്റത്തിലേക്ക് 10.1 ഇഞ്ച് ഡോക്കിംഗ് സ്റ്റേഷനോടുകൂടിയ ടാബ്ലെറ്റ്, വൈഫൈ ബോർഡ്, യുഎസ്ബി ടിവി കാർഡ്, വീഡിയോ കോൺഫറൻസിനുള്ള സോഫ്റ്റ്വെയർ, ബാറ്ററി ഘടിപ്പിച്ച ക്യാമറകൾ മുതലായ പത്ത് ഇനങ്ങൾ പോലീസ് വകുപ്പ് വിഭാവനം ചെയ്തിരുന്നതായി ഓഡിറ്റിൽ കണ്ടു. ഫോർച്ച്യൂണറിന്റെ രൂപമാറ്റത്തിനുപയോഗിച്ചിരുന്ന ഉപകരണങ്ങളുടെ ഗുണമേന്മ പരിശോധിക്കാനായി രൂപീകരിച്ച വെരിഫിക്കേഷൻ ബോർഡിന്റെ നടപടി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ, നിർദ്ദിഷ്ട പത്ത് ഇനങ്ങളിൽ അഞ്ചെണ്ണം വിൽപനക്കാരൻ സ്ഥാപിച്ചിരുന്നില്ല എന്നു കണ്ടു. അതുപോലെ തന്നെ, സൈറൺ എന്ന മറ്റൊരു ഘടകവും തൃപ്തികരമല്ലെന്ന് ബോർഡ് കണ്ടെത്തിയിരുന്നു. 2014 മേയ് മാസത്തിൽ വിൽപനക്കാരൻ വാഹനത്തിനു നിർദ്ദിഷ്ട രൂപമാറ്റം വരുത്താൻ തങ്ങൾക്കു കഴിയില്ലെന്ന് എസ്പിസിയെ അറിയിക്കുകയും, ചെയ്തിടത്തോളം ഘടനാമാറ്റ ജോലികളുടെ ചെലവിനങ്ങൾ വേണ്ടെന്നു വയ്ക്കുകയും ചെയ്തു എന്ന് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി. ഭാഗികമായി ഘടനാമാറ്റം വരുത്തിയ വാഹനം സ്റ്റോക്കിലെടുക്കുകയും ₹21.61 ലക്ഷം വിൽപനക്കാരനു നൽകുകയും ചെയ്തു. മൊബൈൽ കമാൻഡ് ആന്റ് കൺട്രോൾ വാഹനവും അതിന്റെ വിതരണക്കാരനെയും തിരഞ്ഞെടുത്തത് ദർഘാസ് വിളിക്കാതെയും വാഹനം ഉദ്ദിഷ്ടരീതിയിൽ രൂപമാറ്റം വരുത്താൻ അവർക്കു കഴിയുമോ എന്ന കാര്യം ഉറപ്പുവരുത്താതെയുമാണ് എന്ന കാര്യം ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. ഇത് ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 2.14-ൽ വിശദമാക്കുന്നതുപോലെ നിലവിലുള്ള സെൻട്രൽ വിജിലൻസ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്. മൊബൈൽ കമാൻഡ് ആന്റ് കൺട്രോൾ വാഹനമായി ഉപയോഗിക്കാൻ യോഗ്യമല്ലാത്ത ഈ ടൊയോട്ട ഫോർച്ച്യൂണർ എസ്പിസിയുടെ ഉപയോഗത്തിനായി പോലീസ് ആസ്ഥാനത്തിന് വിട്ടു കൊടുത്തതായും (2013 സെപ്റ്റംബർ) ഓഡിറ്റ് നിരീക്ഷിച്ചു.

അന്തിമകൂടിക്കാഴ്ചയിൽ (2019 ഏപ്രിൽ) എസ്പിസി പ്രസ്തുത വാഹനം മൊബൈൽ കമാൻഡ് ആന്റ് കൺട്രോൾ വാഹനമായി ഉപയോഗിക്കപ്പെടാനുള്ള അപര്യാപ്തത സമ്മതിക്കുകയും താമസിയാതെ തന്നെ അതിനു കൂടുതൽ കൂട്ടിയിണക്കലുകൾ നടത്തി മാറ്റം വരുത്തുമെന്നു ഉറപ്പു നൽകുകയും ചെയ്തു. ആ വാഹനം ആദ്യം ഉദ്ദേശിച്ചിരുന്ന രീതിയിൽ മൂന്നു മാസത്തിനകം രൂപമാറ്റം വരുത്തി ഉപയുക്തമാക്കുമെന്ന് കേരളസർക്കാർ (2019 ഏപ്രിൽ) പ്രസ്താവിച്ചു. കൂടാതെ, വാഹനത്തിനു രൂപമാറ്റം വരുത്തുമ്പോൾ നിയമസംഹിതകളെല്ലാം പാലിക്കുമെന്നും വാഹനം ഒരു കമാൻഡ് ആന്റ് കൺട്രോൾ വാഹനമായി സംസ്ഥാനം മുഴുവനുള്ള പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുമെന്നും ഉറപ്പു നൽകി.

#### *2.9.2.2. ഹൈടെക് കമ്മ്യൂണിക്കേഷനും നെഗോസിയേഷൻ സൗകര്യങ്ങളുമുള്ള മൊബൈൽ കമാൻഡ് ആന്റ് കൺട്രോൾ മീഡിയം വാഹനമായി രണ്ടു ടൊയോട്ട ഇന്നോവ കാറുകൾ സംഭരിക്കൽ*

എംഒപിഎഫ് പദ്ധതിയുടെ 2012-13-ലെ അംഗീകൃത എഎപിയിലെ പോലെ 2013-14-ലെ എഎപിയിലും ₹30 ലക്ഷത്തിന് ഹൈടെക് കമ്മ്യൂണിക്കേഷനും നെഗോസിയേഷൻ സൗകര്യങ്ങളുമുള്ള ഒരു മൊബൈൽ കമാൻഡ് ആൻഡ് കൺട്രോൾ മീഡിയം വാഹനം വാങ്ങൽ ഉൾപ്പെടുത്തിയിരുന്നു. അതിലേയ്ക്ക്

അനുയോജ്യമായ വാഹനം കണ്ടെത്താൻ വേണ്ടി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി, ടൊയോട്ട ഇന്നോവ 2.5 ജി (എം) ഡീസൽ വാഹനം ഏറ്റവും അനുയോജ്യമെന്നു ശുപാർശ ചെയ്തു (2014 ഏപ്രിൽ). ടൊയോട്ട കിർലോസ്കർ മോട്ടോഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ₹21.21 ലക്ഷത്തിന് (ഡിജിഎസ്&ഡി നിരക്ക്) രണ്ടു ടൊയോട്ട ഇന്നോവ 2.5 ജി (എം) ഡീസൽ കാറുകൾ സംഭരിച്ചു നൽകാനുള്ള വിതരണ ഉത്തരവ് (2014 മേയ്) നൽകി. വിതരണ ഉത്തരവിൽ മതിയായ നാവിഗേഷൻ, കൺട്രോൾ, കമാൻഡ് സൗകര്യങ്ങൾ, ഹെഡ്‌ലൈറ്റ്, ടെയിൽ ലൈറ്റ് ഗ്ലാസ് സംരക്ഷണം മുതലായ അധിക ആവശ്യങ്ങൾ കൂടി വിൽപനക്കാരൻ സൗജന്യമായി ചെയ്തിരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതൊന്നും നിർവ്വഹിക്കാതെ വാഹനങ്ങൾ നൽകുകയും പോലീസ് വകുപ്പ് അവ സ്വീകരിക്കുകയും സ്റ്റോക്കിലെടുക്കുകയും വില നൽകുകയും ചെയ്യുകയാണുണ്ടായത്.

രണ്ടു ടൊയോട്ട ഇന്നോവ കാറുകൾ വാങ്ങിയതിൽ ഒന്ന് നോർത്ത് സോൺ എഡിജിപിയുടെ ഉപയോഗത്തിനായി കോഴിക്കോട് സിറ്റിക്കും മറ്റേത് പോലീസ് ആസ്ഥാനത്തിന്റെ ഉപയോഗത്തിനും വിട്ടു കൊടുത്തു. അങ്ങനെ, ഹൈടെക് കമ്മ്യൂണിക്കേഷനും നെഗോസിയേഷൻ സൗകര്യങ്ങളുമുള്ള മൊബൈൽ കമാൻഡ് ആന്റ് കൺട്രോൾ മീഡിയം വാഹനമായി ഉപയോഗിക്കുക എന്ന നിർദ്ദിഷ്ട ലക്ഷ്യം നേടാനായില്ല.

അന്തിമകൂടിക്കാഴ്ചയിൽ (2019 ഏപ്രിൽ) എസ്പിസി, മൊബൈൽ കമാൻഡ് ആന്റ് കൺട്രോൾ വാഹനങ്ങളായി ഈ വാഹനങ്ങൾ ഉപയോഗിക്കാൻ കഴിഞ്ഞില്ലെന്നു സമ്മതിക്കുകയും വാഹനങ്ങൾ വേഗം തന്നെ ഉദ്ദിഷ്ട രൂപത്തിലേക്ക് പരിവർത്തനം ചെയ്യുമെന്ന് ഉറപ്പു നൽകുകയും ചെയ്തു. എന്നാൽ വളരെ കുറച്ചു രൂപമാറ്റം മാത്രമേ വിൽപനക്കാരന് ചെയ്യാൻ കഴിയുകയുള്ളൂ എന്നും വകുപ്പ് തലത്തിലും പ്രത്യേക പരിശീലനം ലഭിച്ച മറ്റു വിൽപനക്കാർ വഴിയും ആണ് കുറേ മാറ്റങ്ങൾ വരുത്തേണ്ടതെന്നും കേരളസർക്കാർ പ്രസ്താവിച്ചു (2019 ഏപ്രിൽ). അതിനാൽ മൊത്തത്തിലുള്ള ഒരു ദർഘാസ് വകുപ്പിന്റെ താല്പര്യത്തിനു അനുകൂലമല്ലെന്നും എളുപ്പത്തിൽ ചെയ്യാൻ സാധിക്കില്ലെന്നും സർക്കാർ പ്രസ്താവിച്ചു.

എസ്പിസി കൊടുത്ത വിതരണ ഉത്തരവിൽ വിൽപനക്കാരൻ അധികമായി വേണ്ടി വരുന്ന ഉപകരണങ്ങളും വാഹനങ്ങൾക്കുള്ള രൂപമാറ്റവും സൗജന്യമായി നൽകണമെന്നായിരുന്നു നിർദ്ദേശിച്ചിരുന്നത് എന്നതിനാൽ സർക്കാരിന്റെ മറുപടിയിലെ വാദഗതി നില നില്ക്കുന്നതല്ല. അതുകൊണ്ടു തന്നെ വിൽപനക്കാരന് നിർദ്ദിഷ്ട മാറ്റങ്ങൾ വരുത്താൻ കഴിവുണ്ടെന്ന് ജോലി ഏല്പിക്കുന്നതിനു മുമ്പുതന്നെ എസ്പിസി ഉറപ്പു വരുത്തേണ്ടതായിരുന്നു. ഉദ്ദേശ്യം മൊബൈൽ കമാൻഡ് ആന്റ് കൺട്രോൾ വാഹനങ്ങൾ സംഭരിക്കാൻ ആയിരുന്നുവെങ്കിൽ എസ്പിസി ദർഘാസ് ക്ഷണിക്കുന്നതിനു മുമ്പു ആദ്യമായി താത്പര്യപത്രം ക്ഷണിക്കുകയും മുൻപരിചയമുള്ള നിർമ്മാതാക്കൾ/വിൽപനക്കാർ എന്നിവരുമായി സുതാര്യമായ രീതിയിൽ സാങ്കേതിക ചർച്ചകൾ നടത്തി നിർദ്ദേശങ്ങൾക്ക് അന്തിമ രൂപം നൽകണമെന്ന കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതായിരുന്നു എന്നാണ് ഓഡിറ്റിന്റെ നിരീക്ഷണം. വിജിലൻസ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരുന്നതും വാഹനങ്ങളിൽ അധികമായി വേണ്ടിയിരുന്ന കൂട്ടിച്ചേർക്കലുകൾ ഇല്ലാതെ വിൽപനക്കാരിൽ നിന്നു സ്വീകരിച്ചതും വാഹനങ്ങൾ പോലീസ് സ്റ്റേഷനുകൾക്ക് പകരം ഓഫീസർമാർക്കു വിതരണം ചെയ്തതും കാണിക്കുന്നത് വാഹനങ്ങൾ സംഭരിച്ചത് പോലീസ് സ്റ്റേഷൻ തലത്തിൽ വിന്യസിക്കുന്നതിനല്ല മറിച്ച് സീനിയർ ഓഫീസർമാരുടെ ഉപയോഗത്തിനായിരുന്നു എന്നതാണ് ഓഡിറ്റിന്റെ നിരീക്ഷണം. എഎപിയിൽ ഈ വാഹനങ്ങളെ 'കമാൻഡ് ആന്റ് കൺട്രോൾ വാഹനങ്ങൾ' എന്ന് നാമകരണം ചെയ്തത് എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ മറികടക്കുന്നതിനു മാത്രമായിരുന്നു, കാരണം മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പദ്ധതിയിൻ കീഴിൽ കാറുകളുടെ[12] സംഭരണം അംഗീകരിക്കുന്നില്ല.

---

[12] എംഒപിഎഫ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ, പദ്ധതിയിൻ കീഴിൽ ജീപ്പ്, മീഡിയം/ഹെവി വാഹനങ്ങൾ പോലുള്ള വാഹനങ്ങൾ മാത്രമേ സംഭരിക്കുന്നതിന് അനുവദിക്കുന്നുള്ളൂ.

### 2.9.2.3. വിഐപി/വിവിഐപികൾക്കുവേണ്ടി വെടിയുണ്ട പ്രതിരോധ വാഹനം അനധികൃതമായി വാങ്ങലും എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ എസ്പിസി നിരന്തരം ലംഘിക്കുന്നതും

എംഒപിഎഫിൽ സംഭരണം, അക്കൗണ്ടിംഗ്, ഓഡിറ്റ് എന്നിവയെ നിയന്ത്രിക്കുന്ന, കേന്ദ്ര ആഭ്യന്തരവകുപ്പ് പ്രസിദ്ധീകരിച്ച എംഒപിഎഫ് പദ്ധതി പുസ്തകം 2010 വിഐപി സുരക്ഷയ്ക്കായി വാഹനങ്ങൾ വാങ്ങുന്നത് ഈ പദ്ധതിയിൽ തീർത്തും അനുവദനീയമല്ലെന്ന് വളരെ വ്യക്തമായി നിർദ്ദേശിക്കുന്നു. കേരള സ്റ്റോഴ്സ് പർച്ചേസ് മാനുവൽ നിർദ്ദേശിക്കുന്നത് പൊതുവേ തുറന്ന ദർഘാസുകൾ (പൊതുപരസ്യം വഴി ദർഘാസ് ക്ഷണിക്കുന്ന രീതി) വഴി വേണം ₹10 ലക്ഷത്തിന് കൂടുതൽ വിലയുള്ള ഇനങ്ങൾ സംഭരിക്കേണ്ടത് എന്നാണ്. എന്നാൽ പരസ്യം നൽകി ദർഘാസ് ക്ഷണിക്കുന്നത് പൊതുതാൽപര്യത്തിനു പറ്റിയതല്ലെന്ന് തീരുമാനിക്കാൻ തക്കതായ കാരണങ്ങൾ ഉണ്ടെങ്കിൽ തുറന്ന ദർഘാസ് രീതിക്കു പകരം നിയന്ത്രിത ദർഘാസ് രീതി സ്വീകരിക്കാം എന്നും അത് വ്യവസ്ഥ ചെയ്യുന്നു.

എഎപി 2016-17ൽ പോലീസ് വകുപ്പിന് രണ്ട് വെടിയുണ്ട പ്രതിരോധ വാഹനങ്ങൾ വാങ്ങുന്നതിലേക്ക് ₹1.26 കോടി അനുവദിച്ചിരുന്നു. കേരളസർക്കാർ സംസ്ഥാനം സന്ദർശിക്കുന്ന വിഐപികൾ, വിവിഐപികൾ, Z+ വിഭാഗത്തിൽപ്പെട്ടവർ എന്നിവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിലേയ്ക്കായി ₹1.26 കോടിയ്ക്ക് രണ്ട് വെടിയുണ്ട പ്രതിരോധ വാഹനങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകി (2017 ജനുവരി). എല്ലാ വാങ്ങലുകൾക്കും സോഫ്റ്റ്വെയർ വികസനത്തിനും സ്റ്റോഴ്സ് പർച്ചേസ് മാനുവലിലെ ബന്ധപ്പെട്ട വകുപ്പുകൾ/തുറന്ന ദർഘാസ് എന്നിവ കൃത്യമായി പാലിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായാണ് കേരളസർക്കാർ ഭരണാനുമതി നൽകിയിരുന്നത്.

എസ്പിസി, സ്റ്റോഴ്സ് പർച്ചേസ് മാനുവൽ നിർദ്ദേശിക്കുന്നത് പോലെ തുറന്ന ദർഘാസ് വിളിക്കാതെ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ആ കമ്മിറ്റി വഴി മൂന്ന്[13] വാഹനനിർമ്മാതാക്കളിൽ നിന്നുള്ള വാഹനങ്ങൾ വിലയിരുത്തുകയും (2017 ജൂലൈ) ഹിന്ദുസ്ഥാൻ മോട്ടോഴ്സ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും ₹55.02 ലക്ഷത്തിന് മിത്സുബിഷി പജേറോ വാങ്ങാൻ ശുപാർശ നൽകുകയും ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചു. പിന്നീട് ദർഘാസ് വിളിക്കാതെ മൊത്തം ₹1.10 കോടിക്ക് രണ്ട് വെടിയുണ്ട പ്രതിരോധ വാഹനങ്ങൾക്കായുള്ള വിതരണ ഉത്തരവ് (2017 ആഗസ്റ്റ്) വകുപ്പ് ഹിന്ദുസ്ഥാൻ മോട്ടോഴ്സ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിനു നൽകി. അതേ ദിവസം തന്നെ ദർഘാസ് വിളിക്കാത്തത് സുരക്ഷാ കാരണങ്ങളാലാണെന്ന് കാണിച്ച് ദർഘാസ് വിളിക്കാതെ വിതരണ ഉത്തരവ് നൽകിയ വകുപ്പിന്റെ നടപടിക്ക് കേരളസർക്കാർ നിയമ സാധുത്വം നൽകണമെന്ന് അഭ്യർത്ഥിച്ചു. സർക്കാരിൽ നിന്നുള്ള നിയമ സാധുത്വം കാത്തു നിൽക്കാതെ മുൻകൂർ വില ₹33 ലക്ഷം (വാഹനവിലയുടെ 30 ശതമാനം) വിൽപ്പനക്കാരന് വകുപ്പ് നൽകി (2017 സെപ്റ്റംബർ). ഹിന്ദുസ്ഥാൻ മോട്ടോഴ്സ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന് വിതരണ ഉത്തരവ് നൽകുകയും അവർക്ക് മുൻകൂറായി ₹33 ലക്ഷം അനുവദിക്കുകയും ചെയ്ത എസ്പിസിയുടെ നടപടിക്ക് നിയമസാധുത്വം നൽകാൻ കേരളസർക്കാർ 2018 ഏപ്രിലിൽ വിസമ്മതിച്ചു. വാഹനങ്ങൾ പോലീസ് വകുപ്പ് സ്വീകരിച്ചു (2018 ജൂൺ). വിൽപ്പനക്കാരന് കൊടുക്കാനുള്ള ബാക്കിതുകയായ ₹77 ലക്ഷം ഇതുവരെ കൊടുത്തിട്ടില്ലെന്ന് പോലീസ് വകുപ്പ് ഓഡിറ്റിനെ അറിയിച്ചു (2018 ജൂൺ).

എംഒപിഎഫ് ഫണ്ടുപയോഗിച്ച് വിഐപി/വിവിഐപി സുരക്ഷയ്ക്കുവേണ്ടി വാഹനങ്ങൾ വാങ്ങുന്നത്, എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ നിരോധിച്ചിട്ടുള്ളതിനാൽ, എസ്പിസി വെടിയുണ്ട പ്രതിരോധ വാഹനങ്ങൾ വാങ്ങിയത് വഴി എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചതായി ഓഡിറ്റ് കണ്ടെത്തി. ഗൗരവതരമായ മറ്റൊരു കണ്ടെത്തൽ, എസ്പിസി നിരന്തരമായി

[13] ടാറ്റാ മോട്ടോർസ് ലിമിറ്റഡ്, മഹീന്ദ്ര & മഹീന്ദ്ര, ഹിന്ദുസ്ഥാൻ മോട്ടോർ ഫിനാൻസ് കോർപ്പറേഷൻ

അറിഞ്ഞുകൊണ്ടുതന്നെ എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കുകയായിരുന്നു എന്നതാണ്. നേരത്തെ, 2014 സെപ്റ്റംബറിൽ കേന്ദ്ര ആഭ്യന്തരവകുപ്പ് കേരളത്തിലെ എംഒപിഎഫ് പദ്ധതിയെക്കുറിച്ചു നടത്തിയ കൺകറണ്ട് ഇവാല്യൂവേഷനിൽ നേരത്തെ ഇത്തരം വാഹനങ്ങൾ എംഒപിഎഫ് പദ്ധതിയിൽ വാങ്ങുകയും വിവിഐപി സുരക്ഷയ്ക്കായി വിന്യസിക്കുകയും ചെയ്തിരുന്നത് എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടായിരുന്നു എന്ന് ചൂണ്ടിക്കാണിച്ചിരുന്നു. മാത്രമല്ല, ദർഘാസ് വിളിക്കാതെ വിതരണ ഉത്തരവ് നൽകുകയും മുൻകൂറായി തുക വിട്ടുകൊടുക്കുകയും ചെയ്ത എസ്പിസിയുടെ നടപടി, നിലവിലുള്ള ചട്ടങ്ങളുടെ ലംഘനമാണ്.

അന്തിമക്കൂടിക്കാഴ്ചയിൽ (2019 ഏപ്രിൽ) എസ്പിസി പ്രസ്താവിച്ചത്, ഈ വാഹനങ്ങൾ ഇങ്ങനെ സംഭരിച്ചത് സംസ്ഥാനത്ത് അവയുടെ ലഭ്യതക്കുറവ് പരിഗണിച്ചും സുരക്ഷാ പ്രശ്നങ്ങൾ കാരണം അദ്ദേഹം തുറന്ന ദർഘാസ് സമ്പ്രദായത്തെ അനുകൂലിക്കുന്നില്ലാ എന്നതിനാലുമാണെന്നാണ്. ഈ വാഹനങ്ങളുടെ വിന്യാസം വകുപ്പ് പുനരവലോകനം ചെയ്തുകൊണ്ടിരിക്കുകയാണെന്നാണ് കേരളസർക്കാരിന്റെ മറുപടിയിൽ (2019 മേയ്) പ്രസ്താവിച്ചത്. ഓഡിറ്റ് നിരീക്ഷണങ്ങൾ പരിഗണിച്ച് ഈ പദ്ധതികളിൽ വാങ്ങിയ വെടിയുണ്ട പ്രതിരോധ വാഹനങ്ങൾ ഫീൽഡ് പോലീസ് തലത്തിൽ പൊതു സുരക്ഷയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി പരമാവധി ഉപയോഗിക്കുമെന്നും ഓഡിറ്റിനെ അറിയിച്ചു. പരസ്യം നൽകി ദർഘാസ് ക്ഷണിക്കുന്നത് പൊതു താൽപര്യത്തിനു അനുയോജ്യമല്ല എന്നതിനു മതിയായ കാരണങ്ങളുണ്ടെങ്കിൽ സ്റ്റോഴ്സ് പർച്ചേസ് മാനുവൽ ഇത്തരം വാങ്ങലുകളെ അനുവദിക്കുന്നുണ്ട് എന്നതിനാൽ നിയന്ത്രിത ദർഘാസ് സമ്പ്രദായം സ്വീകരിച്ചതിനെ കേരളസർക്കാർ ന്യായീകരിച്ചു. തുറന്ന ദർഘാസ് വഴിയുള്ള വെടിയുണ്ട പ്രതിരോധ വാഹനങ്ങളുടെ സംഭരണം സുരക്ഷാ കോണിലൂടെ നോക്കിയപ്പോൾ ആശാസ്യമല്ല എന്നു വകുപ്പിനു പൂർണ്ണബോദ്ധ്യമുണ്ടായിരുന്നെന്നും കൂട്ടിച്ചേർത്തു.

പരസ്യം മുഖേനയുള്ള തുറന്ന ദർഘാസ് മാർഗ്ഗമല്ലാതെ വകുപ്പ് വാഹന സംഭരണം നടത്തിയതിനെ ന്യായീകരിച്ചുള്ള കേരളസർക്കാർ മറുപടി നിലനിൽക്കുന്നതല്ല, സ്റ്റോഴ്സ് പർച്ചേസ് മാനുവൽ/ തുറന്ന ദർഘാസ് അടിസ്ഥാനത്തിൽ സംഭരണം നടത്താനായിരുന്നു കേരളസർക്കാർ എസ്പിസിയ്ക്ക് ഭരണാനുമതി നൽകിയത്. മാത്രമല്ല സ്റ്റോഴ്സ് പർച്ചേസ് മാനുവലിലെ അനുശാസനം അനുസരിച്ച് നിയന്ത്രിത ദർഘാസ് മാർഗ്ഗം സ്വീകരിക്കുന്നതിന് മുമ്പ്, പരസ്യം നൽകി ദർഘാസ് ക്ഷണിക്കുന്നത് പൊതുതാല്പര്യത്തിനു പറ്റിയതല്ല എന്നു തീരുമാനിക്കാനുള്ള മതിയായ കാരണങ്ങൾ എസ്പിസി രേഖപ്പെടുത്തേണ്ടിയിരുന്നു. ഈ വ്യവസ്ഥകളൊന്നും എസ്പിസി പാലിച്ചില്ല. നിയന്ത്രിത ദർഘാസിന്റെ[14] നടപടി ക്രമം പോലും പാലിച്ചിട്ടില്ല. എസ്പിസി തുറന്ന ദർഘാസ് രീതിയോ നിയന്ത്രിത ദർഘാസ് രീതിയോ പിന്തുടർന്നില്ല. ഇങ്ങനെ മൊത്തം സംഭരണ നടപടികൾ നിഷ്ഫലമാക്കി. 2017 ജൂലൈയിലെ ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗിനും വളരെ മുമ്പു തന്നെ 2017 ഏപ്രിലിൽ എസ്പിസി 'മിത്സുബിഷി പജേറോ സ്പോർട്ട്' എന്ന വാഹനത്തിന്റെ വിതരണക്കാരുടെ പക്കൽ നിന്ന് വസ്തുതാ വിവരങ്ങളും പ്രൊഫോർമ ഇൻവോയിസും ശേഖരിച്ചിരുന്നു എന്ന് ഓഡിറ്റ് പരിശോധനയിൽ കണ്ടു. ഇതു കാണിക്കുന്നത് ആ വാഹനം വാങ്ങാനായി നേരത്തെതന്നെ കണ്ടെത്തിയിരുന്നുവെന്നും തുറന്ന ദർഘാസ് അല്ലെങ്കിൽ നിയന്ത്രിത ദർഘാസ് വഴി പോലും വാങ്ങാൻ ഉദ്ദേശിച്ചിരുന്നില്ല എന്നുമാണ്. മുൻകൂറായി 2017 സെപ്റ്റംബറിൽ ₹33 ലക്ഷം വിതരണക്കാരനു നൽകിയതിനും എസ്പിസി സർക്കാരിന്റെ മുൻകൂർ അനുവാദം തേടിയിരുന്നില്ല. ഒറീസ്സ, ബീഹാർ മുതലായവപോലെ രാജ്യത്തുടനീളമുള്ള വിവിധ പോലീസ് സേനകൾ തുറന്ന ദർഘാസ് രീതി ഇത്തരം സംഭരണങ്ങൾക്കു ഉപയോഗിച്ചിട്ടുണ്ട് എന്നതിനാൽ തുറന്ന ദർഘാസ് നടത്താതിരിക്കാൻ കാരണമായി പറയുന്ന സുരക്ഷാ

[14] നിയന്ത്രിത ദർഘാസ് രീതിയിൽ സംഭരണം നടത്തുന്നതിനുള്ള നടപടിക്രമം അനുസരിച്ച് വലിയ പരസ്യം ആവശ്യമില്ലെങ്കിലും തിരിച്ചറിയാവുന്ന വിതരണക്കാരെ/ഉൽപാദകരെ അറിയിക്കുകയും അവർക്ക് ദർഘാസ് പ്രമാണങ്ങൾ സൗജന്യമായി നൽകുകയും ചെയ്യാവുന്നതാണ്. ആ വിതരണക്കാർ/ഉൽപാദകർ നൽകുന്ന സീലുവച്ച ബിഡ്ഡുകൾ നിശ്ചിത തീയതിയിൽ തുറന്ന ദർഘാസ് സമ്പ്രദായം പോലെ തന്നെ തുറക്കണം.

പരിഗണനകൾ സ്വീകാര്യമല്ല. ഇപ്രകാരം വെടിയുണ്ട പ്രതിരോധ വാഹന സംഭരണം നിയമവിരുദ്ധവും സ്റ്റോഴ്സ് പർച്ചേസ് മാനുവൽ നിർദ്ദേശിക്കുന്ന വ്യവസ്ഥകളുടെ പൂർണ്ണ ലംഘനവുമായിരുന്നു.

പോലീസ് വകുപ്പ്, വിഐപി സുരക്ഷ എന്നതിനേക്കാൾ നക്സ്ലൈറ്റ് ബാധയുള്ള സ്ഥലങ്ങളിൽ വിന്യസിപ്പിക്കാൻ വേണ്ടി ബുള്ളറ്റ് പ്രൂഫ്/മൈൻ പ്രൂഫ് വാഹനങ്ങൾ സംഭരിച്ചിരുന്നെങ്കിൽ കേന്ദ്രസർക്കാരിന്റെ എംഒപിഎഫ് പദ്ധതിയിലൂടെ പോലീസ് സേനയ്ക്ക് വർദ്ധിച്ച ചലനാത്മകത നൽകുക എന്ന ലക്ഷ്യം നേടാൻ കഴിയുമായിരുന്നു.

***ശുപാർശ 2.1: വാഹനങ്ങളുടെ കുറവ് പരിഹരിച്ച് പോലീസ് സേനയുടെ ചലനാത്മകത കേരളസർക്കാർ ഉറപ്പുവരുത്തേണ്ടതാണ്. പോലീസിന്റെ പ്രവർത്തനോപാധി ആയിട്ടല്ലാതെ വാഹനങ്ങൾ സംഭരിക്കുന്നതും പോലീസ് പ്രവർത്തനങ്ങൾക്കുള്ള വാഹനങ്ങൾ വാങ്ങുമ്പോൾ എംഒപിഎഫ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ മറികടക്കുന്നതും ഒഴിവാക്കണം.***

## 2.10. ആയുധശേഖരം

എംഒപിഎഫ് പദ്ധതിയിൽ കേന്ദ്രസർക്കാരിന്റെ കീഴിൽ ഉള്ള ഓർഡനൻസ് ഫാക്ടറി ബോർഡ് (ഒഎഫ്ബി) ആണ് രാജ്യത്തെ പോലീസ് സായുധ സേനകൾക്ക് ആയുധങ്ങളും വെടിക്കോപ്പുകളും നിർമ്മിച്ചു നൽകുന്ന/വിതരണം ചെയ്യുന്ന ഏക സ്ഥാപനം. ഒഎഫ്ബി നിർമ്മിച്ച എഎപിയിൽ അംഗീകരിച്ചതുമായ ആയുധങ്ങൾക്കും വെടിക്കോപ്പുകൾക്കുമുള്ള കേന്ദ്രസർക്കാർ ഫണ്ട് ആഭ്യന്തര മന്ത്രാലയം നേരിട്ടു ഒഎഫ്ബിക്ക് നൽകുന്നു. ഒഎഫ്ബിയുടെ അറിയിപ്പു കിട്ടുന്നതനുസരിച്ച് സംസ്ഥാനങ്ങൾ ആയുധങ്ങളും വെടിക്കോപ്പുകളും ഒഎഫ്ബിയുടെ ഫാക്ടറികളിൽ നിന്നും സംഭരിക്കേണ്ടതാണ്.

### 2.10.1. ബജറ്റ് വ്യവസ്ഥ

ആയുധങ്ങളും വെടിക്കോപ്പുകളും സംഭരിക്കുന്നതിലേയ്ക്ക് 2013-18 കാലയളവിൽ ഫണ്ടുകൾ നൽകിയതിന്റെയും വിനിയോഗത്തിന്റെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

**പട്ടിക 2.4: ആയുധശേഖരത്തിനായി 2013-18 കാലഘട്ടത്തിൽ ഫണ്ടുകൾ നൽകിയതിന്റെയും വിനിയോഗിച്ചതിന്റെയും വിവരങ്ങൾ**

*(₹ ലക്ഷത്തിൽ)*

| വർഷം | വാർഷിക കർമ്മ പദ്ധതി | | വിനിയോഗത്തിനു ലഭ്യമായ തുക | | വിനിയോഗിച്ച തുക | | വിനിയോഗിക്കാത്ത തുക | |
|---|---|---|---|---|---|---|---|---|
| | ജിഒഐ | ജിഒകെ | ജിഒഐ | ജിഒകെ | ജിഒഐ | ജിഒകെ | ജിഒഐ | ജിഒകെ |
| 2013-14 | 273.00 | 0.00 | 144.00 | 0.00 | 143.62 | 0.00 | 0.38 | 0.00 |
| 2013-14 അനുബന്ധ പദ്ധതി | 70.00 | 0.00 | 70.00 | 0.00 | 68.80 | 0.00 | 1.20 | 0.00 |
| 2014-15 | 215.00 | 0.00 | 187.00 | 0.00 | 0.00 | 0.00 | 187.00 | 0.00 |
| 2015-16 | 201.00 | 0.00 | 204.16 | 0.00 | 198.70 | 0.00 | 5.46 | 0.00 |
| 2016-17 | 201.00 | 104.00 | 201.00 | 104.00 | 172.78 | 0.00 | 28.22 | 104.00 |
| 2017-18 | 220.00 | 104.00 | 220.00 | 104.00 | 177.57 | 23.40 | 42.43 | 80.60 |
| **ആകെ** | **1180.00** | **208.00** | **1026.16** | **208.00** | **761.47** | **23.40** | **264.69** | **184.60** |

*(അവലംബം: വാർഷിക കർമ്മ പദ്ധതികളും, പിഎച്ച്ക്യൂവിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളും)*

2013-14 വർഷത്തിൽ കേന്ദ്രസർക്കാരിന്റെ സഹായധനം റിലീസ് ചെയ്യുന്നതിൽ കുറവുണ്ടായതും 2014-15-ൽ ഫണ്ടു ലാപ്സായതും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കേന്ദ്രസർക്കാർ രൂപീകരിച്ച ഉന്നതാധികാരസമിതി ഒഎഫ്ബിയുടെ നിർമ്മിതി ശ്രേണിയിലുള്ള ആയുധങ്ങൾ കൂടി ഉൾപ്പെടുത്തി 2013-14-ൽ പുതുക്കിയ എഎപി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നത് പാലിക്കുന്നതിൽ കേരളസർക്കാർ പരാജയപ്പെടുകയുണ്ടായി എന്നു കണ്ടു. പകരം ഒഎഫ്ബിയുടെ നിർമ്മിതി ശ്രേണിയിൽപ്പെടാത്ത ആയുധങ്ങളാണ് വീണ്ടും കേരളസർക്കാറിന്റെ പുതുക്കിയ

എഎപിയിൽ ഉൾപ്പെടുത്തിയിരുന്നത്. തൽഫലമായി ഒഎഫ്ബിയുടെ നിർമ്മിതി ശ്രേണിയിൽപ്പെട്ട ആയുധങ്ങൾക്കായുള്ള ₹1.44 കോടി മാത്രമേ കേന്ദ്രസർക്കാർ ഒഎഫ്ബിക്ക് കൊടുത്തുള്ളൂ. ആവശ്യമുള്ള ആയുധങ്ങളുടെ ഒരു പുതുക്കിയ ലിസ്റ്റ് കേരളസർക്കാരിൽ നിന്നു കിട്ടിയപ്പോൾ, എസ്എൽഇസിയുടെ അംഗീകാരത്തോടെ ലിസ്റ്റ്, ഒഎഫ്ബിക്ക് നേരിട്ടു നൽകാനായിരുന്നു കേന്ദ്രസർക്കാർ നിർദ്ദേശിച്ചത് (2014 നവംബർ). പുതുക്കിയ ലിസ്റ്റ് കേരളസർക്കാർ 2015 ജനുവരി/ഫെബ്രുവരിയിൽ മാത്രമേ അയച്ചുകൊടുത്തുള്ളൂ എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തുടർന്ന് ആഭ്യന്തരമന്ത്രാലയം കേരളസർക്കാരിനെ അറിയിച്ചത് (2016 ഫെബ്രുവരി), 2013-14 വർഷത്തേയ്ക്കു എംഒപിഎഫ് പദ്ധതിക്കായി വകയിരുത്തിയിരുന്ന ഫണ്ട് വളരെ നേരത്തെ തന്നെ തീർന്നു പോയിരുന്നതിനാൽ ആ ഘട്ടത്തിൽ കൂടുതൽ ആയുധങ്ങൾ വാങ്ങുന്നതിനു ഫണ്ടുകൾ അനുവദിക്കുക സാദ്ധ്യമല്ല എന്നാണ്. അതുപോലെ 2014-15 വർഷത്തിലേക്ക് ₹1.87 കോടി കേരളത്തിനുവേണ്ടി ഒഎഫ്ബിക്ക് കേന്ദ്രസർക്കാർ വിട്ടുനൽകിയിരുന്നെങ്കിലും ഒഎഫ്ബിയുടെ നിർമ്മിതി ശ്രേണിയിലുള്ള ആയുധങ്ങൾ കേരളസർക്കാർ ആവശ്യപ്പെട്ടിരുന്നില്ല എന്ന കാരണത്താൽ കേരളസർക്കാരിനു ആയുധങ്ങൾ നൽകിയില്ല. കേരളസർക്കാരിനു ഉപയോഗിക്കാൻ കഴിയാതെ വന്ന, ഒഎഫ്ബി സസ്പെൻസിൽ വച്ചുകൊണ്ടിരുന്ന തുക കേന്ദ്രസർക്കാർ ഫണ്ടു വിട്ടുനൽകുന്നതിലുണ്ടായിരുന്ന കുറവ് നികത്തുന്നതിനായി പിന്നീട് ഒഎഫ്ബി ഉപയോഗിക്കുകയും അങ്ങനെ ആ തുക കേരളസർക്കാരിനു നഷ്ടമാകുകയും ചെയ്തു.

എഎപിയിൽ ഉൾപ്പെടുത്തിയിരുന്ന ചില ഇനങ്ങൾ[15] ഒഎഫ്ബിയുടെ നിർമ്മിതി ശ്രേണിയിലുള്ളവ ആയിരുന്നില്ല എന്നു കേരളസർക്കാർ സമ്മതിച്ചു (2019 മാർച്ച്). അത് ആഭ്യന്തരമന്ത്രാലയം അവ സംഭരിക്കാൻ സഹായിക്കുമെന്ന പ്രതീക്ഷയി ലായിരുന്നു എന്നും കൂട്ടിച്ചേർത്തു. എന്നാൽ, 2014-15 കാലയളവിൽ സംസ്ഥാനത്തിന് ഒഎഫ്ബിയിൽ നിന്നും ആധുനിക ആയുധങ്ങൾ വാങ്ങാൻ ₹1.87 കോടി എംഎച്ച്എ വകയിരുത്തിയിരുന്നുവെന്ന വസ്തുത നിലനിൽക്കുന്നു. ഒഎഫ്ബിയുടെ നിർമ്മിതി ശ്രേണിയിലില്ലാത്ത ആയുധങ്ങൾക്കാണ് കേരള സർക്കാർ ഓർഡർ നൽകിയത്. അതിന്റെ ഫലമായി നവീകരണത്തിനായി വകയിരുത്തിയിരുന്ന ₹1.87 കോടി ഉപയോഗപ്പെടുത്താൻ സംസ്ഥാനത്തിന് കഴിഞ്ഞില്ല എന്നു മാത്രമല്ല, ഒഎഫ്ബിയിൽ നിന്നും 5.56 എംഎം ഇൻസാസ് റൈഫിളുകൾ, കണ്ണീർവാതക തോക്കുകൾ, മൾട്ടി ഷെൽ ലോഞ്ചറുകൾ എന്നിവ പോലുള്ള ആധുനിക ആയുധങ്ങൾ 2014-15-ൽ സംഭരിക്കാനുള്ള അവസരവും നഷ്ടമായി.

അന്തിമകൂടിക്കാഴ്ചയിൽ എസ്പിസി ഓഡിറ്റ് നിരീക്ഷണത്തോടു യോജിക്കുകയും ഫണ്ടിൽ വന്ന കുറവ് ഭാവിയിൽ നികത്തുമെന്ന് ഉറപ്പു നൽകുകയും ചെയ്തു.

### 2.10.2. നവീന ആയുധ സാമഗ്രികളുടെ ലഭ്യതക്കുറവും തൽഫലമായി കാലഹരണപ്പെട്ട ആയുധങ്ങളുടെ വിന്യാസവും

ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ച (1995 ഫെബ്രുവരി) സ്റ്റേറ്റ്/യൂണിയൻ ടെറിട്ടറി പോലീസ് സേനകൾക്കു വേണ്ടിയുള്ള ആയുധവൽക്കരണ നയപ്രകാരം സ്റ്റേറ്റ്/ യൂണിയൻ ടെറിട്ടറി പോലീസ് സേനകളുടെ ആയുധപ്രയോഗവിദ്യയുടെ തോത് പുതുക്കി നിശ്ചയിച്ചു. അത് അന്നു അംഗീകരിക്കപ്പെട്ടിരുന്ന .303 റൈഫിളുകൾ, .410 മസ്കറ്റ്, .38/.45 റിവോൾവർ, തോംസൺ മെഷീൻ കാർബൺ (ടിഎംസി) ഇവ കാലഹരണപ്പെട്ടതായി കണക്കാക്കിയിട്ടായിരുന്നു. ആഭ്യന്തര മന്ത്രാലയത്തിന്റെ കാഴ്ചപ്പാട് ഈ ആയുധങ്ങളൊക്കെ ക്രമാനുഗതമായി മാറ്റി പ്രതിഷ്ഠി ക്കേണ്ടതാണ് എന്നായിരുന്നു. എന്നാൽ പരമ്പരാഗത ആയുധങ്ങളും നവീന ആയുധങ്ങളും ആഭ്യന്തര സ്രോതസ്സുകളിലൂടെ ലഭിക്കാനുള്ള പരിമിതികൾ കണക്കിലെടുത്ത് ആഭ്യന്തര മന്ത്രാലയം രണ്ടു തരം ആയുധങ്ങളുടെയും വിവേകപൂർണ്ണമായ സങ്കലനം വിവിധ സാഹചര്യങ്ങളിലേയ്ക്കുള്ള ഉപയോഗത്തിനു പറ്റിയ വിധത്തിൽ കൊണ്ടുവരാൻ ശുപാർശ ചെയ്തു. സിവിൽ പോലീസ് സേനയ്ക്കുവേണ്ടി അടിസ്ഥാന ആയുധങ്ങളായി .303/7.62 എംഎം

[15] എംപി5 എ3 എസ്എംജി, ഗ്ലോക്ക് 19 പിസ്റ്റലുകൾ, 7.62 എംഎം എകെ ശ്രേണിയിലുള്ള റൈഫിളുകൾ

(ബിഎ) റൈഫിളും സ്റ്റേറ്റ് ആംഡ് പോലീസിന് 7.62 എംഎം (എസ്എൽആർ) ഉം നിർദ്ദേശിച്ചു.

നവീന ആയുധ വെടിക്കോപ്പുകളുടെ ലഭ്യതയുടെ സ്ഥിതി എന്തെന്ന് ഓഡിറ്റ് പരിശോധിക്കുകയുണ്ടായി (2018 സെപ്റ്റംബർ). പോലീസ് കോൺസ്റ്റബിൾ, സിവിൽ പോലീസ് ഓഫീസർമാർ, സീനിയർ സിവിൽ പോലീസ് ഓഫീസർമാർ, ഹവിൽദാർമാർ എന്നിവരുടെ ഉപയോഗത്തിനായി 41,064 എണ്ണം ആവശ്യമു ണ്ടായിരുന്നിടത്ത് 11,446 നവീന ആയുധങ്ങളേ[16] വകുപ്പിന് ഉണ്ടായിരുന്നുള്ളൂ. ഇത് 29,618 ആയുധങ്ങളുടെ കുറവിനിടയാക്കി (**അനുബന്ധം 2.3**).

ഇങ്ങനെ 2018 സെപ്റ്റംബറിൽ 29,690 സിവിൽ പോലീസ് ഓഫീസർമാർ, സീനിയർ സിവിൽ പോലീസ് ഓഫീസർമാർ (മുമ്പ് കോൺസ്റ്റബിൾ/ ഹെഡ്കോൺസ്റ്റബിൾ) എന്നിവർക്ക് നൽകിയിരുന്നത് കാലഹരണപ്പെട്ട ആയുധങ്ങളായിരുന്നു. ആംഡ് പോലീസ് ബറ്റാലിയനിലും 3,203 എണ്ണം കാലഹരണപ്പെട്ട .303 റൈഫിളുകളും 2,639 എണ്ണം 7.62 എംഎം ബോൾട്ട് ആക്ഷൻ റൈഫിളുകളും (ബിഏആർ) ആണ് ഉപയോഗത്തിലുണ്ടായിരുന്നത്.

പോലീസ് വകുപ്പിന് 2014–15 കാലയളവിൽ ഒഎഫ്ബിയിൽ നിന്ന് 530 എണ്ണം 5.56 എംഎം ഇൻസാസ് റൈഫിളുകൾ, 160 എണ്ണം കണ്ണീർവാതക തോക്കുകൾ, 10 എണ്ണം മൾട്ടിഷെൽ ലോഞ്ചേഴ്സ് എന്നീ നവീന ആയുധങ്ങൾ ലഭിക്കുന്നതിൽ പരാജയം സംഭവിച്ചു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇതു സംഭവിച്ചത് പോലീസ് വകുപ്പിന്റെ അനാസ്ഥ മൂലമാണ്. തൽഫലമായി ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 2.10.1–ൽ ചൂണ്ടിക്കാണിച്ചതുപോലെ ഇത് ₹1.87 കോടിയുടെ കേന്ദ്രവിഹിതം നഷ്ടപ്പെടാൻ ഇടയാക്കി. പോലീസ് വകുപ്പിന്റെ നവീന ആയുധങ്ങളിലുണ്ടായ കുറവ് ഒരു പരിധി വരെ പരിഹരിക്കാമായിരുന്നു.

### 2.10.3. തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ ആയുധങ്ങളുടെയും പ്രവർത്തനക്ഷമമായിരുന്ന കാർട്രിഡ്ജുകളുടെയും സ്റ്റോക്കിൽ കുറവു കണ്ടത്

2004 ഫെബ്രുവരിയിൽ ഡിജിപി പുറപ്പെടുവിച്ച എക്സിക്യൂട്ടീവ് നിർദ്ദേശങ്ങളിൽ പോലീസ് വകുപ്പ് ആയുധ വെടിക്കോപ്പുകളുടെ സുരക്ഷ, പരിരക്ഷ, വൃത്തിയാക്കൽ, അറ്റകുറ്റപ്പണി എന്നിവയ്ക്കായി എടുക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിരുന്നു. ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും ചുമതലയുള്ള ഉദ്യോഗസ്ഥൻമാർ ആഴ്ചയിലൊരിക്കലെങ്കിലും അവ പരിശോധിക്കുകയും സ്റ്റോറിൽ സൂക്ഷിച്ചിട്ടുള്ള ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും കൃത്യത അതിനായി സൂക്ഷിച്ചിട്ടുള്ള ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണമെന്നുള്ളതായിരുന്നു ഒരു നിർദ്ദേശം. അതുപോലെ കമ്പനി കമാൻഡർ/സർക്കിൾ ഇൻസ്പെക്ടർമാർ മാസത്തിലൊരിക്കൽ ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും സ്റ്റോക്ക്, മിന്നൽ പരിശോധന നടത്തി അതിനായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. അതുപോലെ, പോലീസ് സൂപ്രണ്ട്/കമാൻഡാന്റ് ആറുമാസത്തി ലൊരിക്കൽ ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും പരിശോധന നടത്തി കൃത്യത ഉറപ്പു വരുത്തണം. ക്യാമ്പുകൾ/പോലീസ് സ്റ്റേഷനുകൾ സന്ദർശിക്കുന്ന ഉയർന്ന പോലീസ് ഉദ്യോഗസ്ഥർമാരും സ്റ്റോക്കിലുള്ള ആയുധ വെടിക്കോപ്പുകളുടെ ഭൗതിക സാന്നിദ്ധ്യം പരിശോധിക്കുകയും സ്റ്റോക്കിലേക്കു വന്നു ചേർന്നതും വിതരണം നടത്തിയതുമായതിന്റെ വിവരങ്ങൾ നോക്കുകയും അവരുടെ ഇൻസ്പെക്ഷൻ റിപ്പോർട്ടുകളിൽ ചേർക്കുകയും വേണം.

തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ (എസ്എപിബി) ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും സ്റ്റോക്ക് രജിസ്റ്ററും ബന്ധപ്പെട്ട രേഖകളും ശരിയായ രീതിയിലല്ല സൂക്ഷിച്ചിരിക്കുന്നതെന്ന് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി. സ്റ്റോക്ക് രജിസ്റ്ററുകളിൽ ധാരാളം മേലെഴുത്തുകൾ, വെള്ളനിറത്തിലുള്ള തിരുത്തൽ മഷി ഉപയോഗം, എൻട്രികളുടെ

[16] 7.62 എംഎം എസ്എൽആർ–ഉം ഇൻസാസ് റൈഫിളുകളും

വെട്ടിക്കളയലുകൾ മുതലായവ കാണുകയുണ്ടായി. ഈ തിരുത്തലുകൾ വേണ്ടവിധം പ്രമാണീകരിച്ചിരുന്നില്ല (ഓതെന്റിക്കേറ്റ് ചെയ്തിരുന്നില്ല). എസ്എപിബിയിൽ ലഭ്യമായിരുന്ന രേഖകളിൽ നിന്നും ഉയർന്ന ഉദ്യോഗസ്ഥർമാർ കാലാകാലങ്ങളിൽ ഭൗതിക പരിശോധന നടത്തിയതിന് തെളിവൊന്നും കണ്ടെത്താൻ ഓഡിറ്റിനായില്ല. അതുകൊണ്ട് ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും ഭൗതിക സ്റ്റോക്ക്, സ്റ്റോക്ക് രജിസ്റ്ററുകളുമായി യോജിക്കുന്നുണ്ടോ എന്നറിയാനും അവയുടെ അക്കൗണ്ടിംഗ് സമ്പ്രദായം കരുത്തുള്ളതും വിശ്വസിക്കത്തക്കതുമാണോ എന്ന് നിർണ്ണയിക്കുവാനും ഓഡിറ്റ് സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ സംയുക്ത ഭൗതിക പരിശോധന ഉൾപ്പെടെ ഒരു ലാക്ഷണിക പരിശോധന നടത്തുകയുണ്ടായി (16 ഒക്ടോബർ 2018). അസിസ്റ്റന്റ് കമാൻഡാന്റുമായി ചേർന്നു സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയൻ ബെൽ ഓഫ് ആംസിൽ ഓഡിറ്റ് നടത്തിയ സംയുക്ത പരിശോധനയിൽ 25 എണ്ണം 5.56 എംഎം ഇൻസാസ് റൈഫിളുകളും 12,061 എണ്ണം പ്രവർത്തനക്ഷമമായ കാർട്രിഡ്ജുകളും **പട്ടിക 2.5**-ൽ കാണിച്ചിരിക്കുന്നവിധം കുറവാണെന്നു കണ്ടു.

**പട്ടിക 2.5: ലാക്ഷണികപരിശോധനയിൽ ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും സ്റ്റോക്കിൽ കണ്ട കുറവ്**

| ക്രമ നമ്പർ | ഇനം | 2018 ഒക്ടോബർ 16-ന് രേഖകളനുസരിച്ച് ഉണ്ടായിരിക്കേണ്ട സ്റ്റോക്ക് | സ്റ്റോറിൽ ഭൗതികമായി ലഭ്യമായിരുന്ന എണ്ണം | കുറവ് |
|---|---|---|---|---|
| 1 | 5.56 എംഎം ഇൻസാസ് റൈഫിളുകൾ | 69 | 44 | 25 |
| 2 | 5.56 എംഎം കാർട്രിഡ്ജ് ഇൻസാസ് | 14323 | 12488 | 1835 |
| 3 | എകെ-47-ന് ഉള്ള 7.62 എംഎം എ7 കാർട്രിഡ്ജ് | 14025 | 12447 | 1578 |
| 4 | സെൽഫ് ലോഡിങ്ങ് റൈഫിളുകൾക്ക് 7.62 എംഎം എം80 വെടിയുണ്ടകൾ | 66285 | 57887 | 8398 |
| 5 | 9 എംഎം ഡ്രിൽ കാർട്രിഡ്ജ് | 285 | 35 | 250 |
| **5.56 എംഎം ഇൻസാസ് റൈഫിളുകളുടെ കുറവ്** | | | | **25** |
| **പ്രവർത്തനക്ഷമമായ കാർട്രിഡ്ജിലെ കുറവ്** | | | | **12061** |


*(അവലംബം: ഭൗതിക പരിശോധനാ റിപ്പോർട്ടും എസ്എപിബിയിലെ സ്റ്റോക്ക് രജിസ്റ്ററുകളും)*

താഴെപ്പറയുന്ന സന്ദർഭങ്ങളിൽ നിന്ന് പോലീസ് വകുപ്പിന് ആയുധ ശേഖരങ്ങളിലുള്ള കുറവ് അറിയാമായിരുന്നു എന്നും അതിനു കാരണക്കാരായ കുറ്റവാളികളെ തിരിച്ചറിഞ്ഞ് അവർക്കെതിരെ നടപടി എടുക്കുന്നതിനുപകരം കുറവു വന്നത് മൂടിവയ്ക്കാനാണു ശ്രമിച്ചത് എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

### *2.10.3.1. കാണാതായ 9 എംഎം ഡ്രിൽ കാർട്രിഡ്ജിനു പകരം ക്രമവിരുദ്ധമായി കൃത്രിമ കാർട്രിഡ്ജ് വച്ചത്*

250 എണ്ണം 9 എംഎം ഡ്രിൽ കാർട്രിഡ്ജുകളുടെ കുറവിനു പകരമായി 250 എണ്ണം കൃത്രിമ കാർട്രിഡ്ജുകൾ[17] വച്ച് കുറവ് മറച്ചുവച്ചതായി ഓഡിറ്റ് പരിശോധനയിൽ കണ്ടു. ഈ കൃത്രിമ കാർട്രിഡ്ജുകൾ എങ്ങനെ സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയന്റെ കൈവശം വന്നു എന്നും എങ്ങനെ അവ സ്റ്റോക്കിലെടുത്തു എന്നും കാണിക്കുന്ന പ്രമാണ രേഖകളൊന്നും ഇല്ലായിരുന്നു. 250 അനധികൃത കൃത്രിമ കാർട്രിഡ്ജുകൾ എങ്ങനെ ബറ്റാലിയന്റെ കൈവശം എത്തി എന്ന് ഓഡിറ്റിനോട് വിശദീകരിക്കാൻ എസ്എപിബി കമാൻഡാന്റിനു കഴിഞ്ഞില്ല.

[17] ആകൃതിയിലും വലുപ്പത്തിലും 9 എംഎം ഡ്രിൽ കാർട്രിഡ്ജിനോടു സാമ്യമുള്ള പിത്തള കൊണ്ടു നിർമ്മിച്ച പൊള്ളയായ ലോഹ വസ്തുക്കൾ.




*ചിത്രം 2.1: ഡ്രിൽ കാട്രിഡ്ജുകൾക്ക് പകരം കൃത്രിമ കാർട്രിഡ്ജുകൾ മാറ്റിവെച്ച വെടിക്കോപ്പിന്റെ പെട്ടി.*

### 2.10.3.2. 2015 സെപ്റ്റംബറിൽ രൂപീകൃതമായ ഒരു അന്വേഷണ ബോർഡിന്റെ അലംഭാവത്തോടെയുള്ള അന്വേഷണവും സെൽഫ് ലോഡിംഗ് റൈഫിളുകൾക്കുള്ള 7.62 എംഎം എം80 വെടിയുണ്ടകൾ നേരത്തെ കുറവുവന്നിരുന്ന വിവരം മൂടിവയ്ക്കാനുള്ള ശ്രമവും

തൃശ്ശൂരിലെ കേരള പോലീസ് അക്കാഡമിയിൽ ലോംഗ് റേഞ്ച് ഫയറിംഗ് നടത്തിപ്പിലേയ്ക്കായി നൽകിയിരുന്നതിൽ 200 എണ്ണം 7.62 എംഎം വെടിയുണ്ടകൾ കുറവുള്ളതായി 2015 സെപ്റ്റംബർ 14-ന് സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിലെ ബി കമ്പനി ഓഫീസർ കമാന്റിംഗ് റിപ്പോർട്ടു ചെയ്തപ്പോൾ തന്നെ 7.62 എംഎം വെടിയുണ്ടകളുടെ കുറവ് അറിവുള്ളതായിരുന്നു എന്ന് ഓഡിറ്റിൽ കണ്ടു. എല്ലാ ആയുധ ശേഖരങ്ങളുടെയും പരിശോധന നടത്തുന്നതിന് പോലീസ് ബറ്റാലിയന്റെ കമാൻഡാന്റ് രൂപീകരിച്ചിരുന്ന (2015 സെപ്റ്റംബർ 19) ഒരു ബോർഡ്, വേറെ ഒരു പെട്ടിയിലുണ്ടാകേണ്ടിയിരുന്ന 600 എണ്ണം 7.62 എംഎം വെടിയുണ്ടകളിൽ 200 എണ്ണത്തിന്റെ കൂടി കുറവ് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ആയുധ വെടിക്കോപ്പുകൾ തിരുവനന്തപുരത്തെ പോലീസ് ചീഫ് സ്റ്റോറിൽ നിന്നു വിതരണം ചെയ്തതായതിനാൽ സീൽ ചെയ്ത പെട്ടികളിൽ രേഖപ്പെടുത്തിയിരുന്ന വിവരങ്ങളാണ് സ്റ്റോക്കിൽ എടുത്തിരുന്നതെന്നുള്ള കാരണം പറഞ്ഞ് കുറവു വന്നതിനെ ബോർഡ് ന്യായീകരിക്കുകയാണുണ്ടായത്. സീലു ചെയ്ത പെട്ടികൾ തുറക്കാതെ തന്നെ കാലാകാലങ്ങളിലുള്ള സ്റ്റോക്ക് പരിശോധന നടത്തിയിരുന്നതുകൊണ്ട് ഒഎഫ്ബിയിൽ വച്ച് പോലീസ് ചീഫ് സ്റ്റോറുകളിലേക്ക് അയയ്ക്കാൻ വെടിയുണ്ടകൾ പായ്ക്ക് ചെയ്തപ്പോൾ വന്ന കുറവായിരിക്കാം എന്ന നിലപാടെടുക്കുകയാണുണ്ടായത്. സ്റ്റോക്കിൽ മറ്റ് വ്യത്യാസങ്ങളൊന്നും ബോർഡ് റിപ്പോർട്ടു ചെയ്തില്ല.

എന്നാൽ എസ്എപിബി കമാൻഡാന്റ് രൂപീകരിച്ച ബോർഡിന്റെ നിഗമനങ്ങളെ പോലീസ് ചീഫ് സ്റ്റോർ നിഷേധിക്കുകയും ബോർഡ് പറഞ്ഞ ലോട്ട് നമ്പർ/ വർഷങ്ങൾ ഉള്ള ആ രണ്ടു പെട്ടികൾ ഏതെങ്കിലും ഓർഡനൻസ് ഫാക്ടറികളിൽ നിന്നു ലഭിക്കുകയോ അവർ അത് എസ്എപിബിക്ക് കൊടുക്കുകയോ ചെയ്തിട്ടില്ലെന്ന് എസ്പിസിയെ അറിയിക്കുകയും ചെയ്തു (2016 ജൂൺ). ഈ വിവരത്തിന്റെ അടിസ്ഥാനത്തിൽ 7.62 എംഎം എം80 എസ്എൽആർ വെടിയുണ്ടകളുടെ സ്റ്റോക്കിന്റെ സമഗ്രമായ ഒരു പരിശോധന എഡിജിപി (ആംഡ് പോലീസ് ബറ്റാലിയൻ) നടത്താൻ എസ്പിസി ഉത്തരവിട്ടു (2016 ആഗസ്റ്റ്). അതനുസരിച്ച് ഒരു പുതിയ ബോർഡ് 7.62 എംഎം എം80 എസ്എൽആർ വെടിയുണ്ടകളുടെ സ്റ്റോക്ക് പരിശോധിച്ചതിൽ (2016 ഒക്ടോബർ) 1999 ജൂലൈ 12-ന് പായ്ക്കു ചെയ്ത രണ്ടാമത്തെ പെട്ടിയിൽ ഉണ്ടായിരുന്നത് തുടർന്നു വർഷങ്ങളിൽ, അതായത് 2000 മുതൽ 2014 വരെയുള്ള കാലയളവിൽ നിർമ്മിച്ചിരുന്ന വെടിയുണ്ടകളായിരുന്നുവെന്ന് കണ്ടെത്തി. ഇത് പെട്ടിയിൽ മനഃപൂർവ്വം കൃത്രിമം കാണിച്ചതിന്റെ സൂചനയാണ്. എസ്എപിബിയിൽ 7,433 എണ്ണം 7.62 എംഎം വെടിയുണ്ടകളുടെ കുറവ് (2016 നവംബറിലെ സ്ഥിതി) ഉണ്ടെന്നും ബോർഡ് റിപ്പോർട്ടു ചെയ്തു (2017 ജനുവരി). ബോർഡിന്റെ റിപ്പോർട്ടിന്മേൽ, കാണാതായ വെടിക്കോപ്പു കണ്ടെത്താനോ വെടിയുണ്ടകൾ

വഞ്ചനാപരമായി റീ-പായ്ക്ക് ചെയ്യുക എന്ന ഗൗരവതരമായ കുറ്റം ചെയ്ത ഉദ്യോഗസ്ഥന്മാരുടെ മേൽ ഉത്തരവാദിത്വം ചുമത്തുവാനോ വേണ്ട നടപടികൾ പോലീസ് വകുപ്പ് എടുത്തില്ലായെന്ന് ഓഡിറ്റ് കണ്ടെത്തി. അതിനിടെ, **പട്ടിക 2.5**-ൽ കാണുന്നതു പോലെ 7.62 എംഎം വെടിയുണ്ടകളുടെ കുറവ് 2018 ഒക്ടോബർ 16-ന് 8,398 ആയി വർദ്ധിച്ചു.

വെടിക്കോപ്പുകളിൽ വന്ന കുറവിനെ വളരെ ഗൗരവതരമായി കാണുകയും ക്രൈംബ്രാഞ്ച് വഴി ഒരു പ്രാഥമിക അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തു എന്ന് കേരളസർക്കാർ പ്രസ്താവിച്ചു (2019 മാർച്ച്). ഉത്തരവാദിത്വം സ്ഥാപിക്കുകയും കുറ്റകരമായ പെരുമാറ്റദൂഷ്യം കണ്ടെത്തിയാൽ വേണ്ടിവന്നാൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് ക്രിമിനൽ നടപടി ക്രമങ്ങളുടെ നിയമ സംഹിത അനുസരിച്ചുള്ള തക്കനടപടി എടുക്കുകയും ചെയ്യുമെന്നും ഓഡിറ്റിനെ അറിയിച്ചു. ഓഡിറ്റ് ചൂണ്ടിക്കാണിച്ച കാണാതായ 25 റൈഫിളുകൾ തിരുവനന്തപുരം എആർ ക്യാമ്പിന് 2011 ഫെബ്രുവരിയിൽ കൊടുത്ത് രസീതു വാങ്ങിയിട്ടുണ്ടെന്നും രേഖകൾ സൂക്ഷിക്കുന്നതിലുള്ള തെറ്റുകൾ കണ്ടു പിടിക്കുകയും ശരിയാക്കുകയും ചെയ്തുവെന്നും ഓഡിറ്റിനെ അറിയിച്ചു. സ്റ്റോക്ക് രജിസ്റ്ററും കൈവശമുള്ള ആയുധങ്ങളുടെ ഭൗതിക സ്റ്റോക്കും പൊരുത്തപ്പെടുത്തിയെന്ന അവകാശവാദം പരിശോധിക്കാനായി, പോലീസ് ചീഫ് സ്റ്റോഴ്സിൽ നിന്നു ലഭിച്ചുവെന്നു പറയുന്ന 660 റൈഫിളുകളും തിരിച്ചറിയൽ നമ്പരുകളുടെ വിവരങ്ങളും അവ വിവിധ യൂണിറ്റുകൾക്കു സ്ഥിരമായി വിതരണം ചെയ്ത വിവരങ്ങളുമടങ്ങിയ പരിശോധനാ റിപ്പോർട്ട് ഡിഐജി (ആംഡ് പോലീസ് ബറ്റാലിയൻ)-ൽ നിന്നു ഓഡിറ്റ് വാങ്ങി. തിരുവനന്തപുരം എആർ ക്യാമ്പിലെ രേഖകളുടെ പരിശോധന വെളിപ്പെടുത്തിയത്, എസ്എപിബി കൊടുത്തു എന്നു പറയപ്പെട്ട 25 റൈഫിളുകൾ സ്റ്റോക്കു രജിസ്റ്ററിൽ വരവ് വയ്ക്കുകയോ എആർ ക്യാമ്പിലെ ആർമറി ഇൻസ്പെക്ടർ സൂക്ഷിക്കുന്ന രേഖകളിൽ കിട്ടിയതായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നാണ്. ഡിഐജി (എപിബി)യുടെ പരിശോധനാ റിപ്പോർട്ടിലെ മറ്റു പല പൊരുത്തക്കേടുകളും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു (**അനുബന്ധം 2.4**). അതുകൊണ്ട് കേരള പോലീസിന്റെ പക്കലുള്ള എല്ലാ ആയുധങ്ങളുടെയും കണക്ക് കൃത്യമായി സൂക്ഷിക്കപ്പെടുന്നെന്നും ആയുധം ഒന്നും നഷ്ടപ്പെട്ടില്ല എന്നുമുള്ള ഉറപ്പു ഓഡിറ്റിനു ലഭിച്ചിട്ടില്ല. രേഖകൾ സൂക്ഷിക്കുന്നതിൽ ഉപേക്ഷ വന്നിട്ടുണ്ടെന്ന് കേരളസർക്കാർ സമ്മതിക്കുകയും (2019 ഏപ്രിൽ) സംസ്ഥാനത്തൊട്ടാകെ എല്ലാ യൂണിറ്റുകളിലും ഉള്ള ആയുധ വെടിക്കോപ്പുകളുടെ സമഗ്രമായ ഒരു ഓഡിറ്റ് അടുത്ത നാലു മുതൽ ആറു മാസം വരെയുള്ള കാലയളവുകൊണ്ട് പൂർത്തിയാകത്തക്ക വിധത്തിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന് പ്രസ്താവിക്കുകയുമുണ്ടായി. ആയുധ വെടിക്കോപ്പുകൾ നഷ്ടപ്പെട്ടത് ഗൗരവതരമായ ഒരു പ്രശ്നമാണെന്നും സംസ്ഥാനത്തിന്റെ സുരക്ഷയെ ബാധിക്കുന്ന സംഗതിയെന്ന നിലയിൽ എത്രയും വേഗം അതിനെ ക്രമീകരിക്കേണ്ടതാണെന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു.

***ശുപാർശ 2.2: വളരെ ഗൗരവതരമായ സുരക്ഷാ പ്രത്യാഘാതങ്ങൾ കണക്കിലെടുത്ത് കാണാതായ കാർട്രിഡ്ജുകൾ കണ്ടെത്തുന്നതിനും റൈഫിളുകൾ നഷ്ടമായിട്ടില്ലെന്ന് ഉറപ്പു വരുത്തുന്നതിനുമുള്ള ത്വരിതനടപടികൾ സർക്കാർ സ്വീകരിക്കേണ്ടതാണ്. പോലീസ് ചീഫ് സ്റ്റോഴ്സ് ഉൾപ്പെടെ എല്ലാ ബറ്റാലിയനുകളിലും പോലീസ് സ്റ്റേഷനുകളിലും ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും കണക്കെടുപ്പ് എത്രയും പെട്ടെന്ന് നടത്തേണ്ടതാണ്.***

## 2.11. പോലീസ് ടെലികമ്മ്യൂണിക്കേഷൻ

വകുപ്പിൽ ടെലികമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്ക് ലഭ്യമാക്കുന്നതും നില നിർത്തുന്നതും കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റ് ആണ്. വകുപ്പ് ഇപ്പോൾ അനലോഗ് കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളാണ് ഉപയോഗിക്കുന്നത്.

### 2.11.1. പോലീസ് കമ്മ്യൂണിക്കേഷൻ സിസ്റ്റം നവീകരണത്തിന്റെ നിലവാരം

എംഒപിഎഫ് പദ്ധതിക്കു കീഴിൽ നവീന കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ വാങ്ങുന്നതിനു നൽകിയ ഫണ്ടിന്റെ ഉപയോഗം 2018 നവംബർ 30 വരെയുള്ള കാലഘട്ടത്തിൽ **പട്ടിക 2.6**-ൽ കാണിച്ചിരിക്കുന്ന വിധം മോശമായിരുന്നു.

**പട്ടിക 2.6: ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങളുടെ സംഭരണ നിലവാരം**

*(₹ കോടിയിൽ)*

| പദ്ധതി വർഷം | വാർഷിക കർമ്മ പദ്ധതിയിൽ നീക്കിവച്ചത് | ഉപയോഗം | സംഭരണത്തിനായി നിർദ്ദേശിക്കപ്പെട്ട കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളുടെ എണ്ണം | 2018 നവംബർ വരെ സംഭരിക്കപ്പെട്ട കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളുടെ എണ്ണം |
|---|---|---|---|---|
| 2013-14 | 5.09 | 3.93 | 15 | 2 |
| 2014-15 | 4.34 | 1.22 | 13 | 4 |
| 2015-16 | ഇല്ല | ഇല്ല | 0 | 0 |
| 2016-17 | 5.01 | 2.78 | 8 | 1 |
| 2017-18 | 4.04 | 0.39 | 7 | 2 |
| **ആകെ** | **18.48** | **8.32** | **43** | **9** |

*(അവലംബം: വാർഷിക കർമ്മ പദ്ധതിയും പിഎച്ച്ക്യൂവിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളും)*

അങ്ങനെ, 2013-18 കാലയളവിൽ 43 ഇനം വിവരവിനിമയ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്ക് അനുവദിച്ച ₹18.48 കോടിയിൽ ഒൻപത് ഇനങ്ങൾ (21 ശതമാനം) വാങ്ങുന്നതിനായി ₹8.32 കോടി മാത്രമേ ചെലവഴിച്ചുള്ളു. ചെലവഴിച്ച ഈ ₹8.32 കോടിയിൽ ₹3.75 കോടി (എഎപി 2013-14) ഡിജിറ്റൽ മൊബൈൽ റേഡിയോ [18] (ഡിഎംആർ) മൂന്നു ജില്ലകളിലേക്ക് വാങ്ങുന്നതിനായി ഉദ്ദേശിക്കപ്പെട്ടിരുന്നത് വകമാറ്റി കേന്ദ്രസർക്കാരിന് സ്പെക്ട്രം കുടിശ്ശിക അടയ്ക്കുന്നതിന് ചെലവാക്കുകയാണുണ്ടായത്. അങ്ങനെ ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്ക് ₹4.57 കോടി മാത്രമാണ് ചെലവാക്കിയത്.

ദർഘാസുകൾ പൂർത്തിയാക്കുന്നതിന് വന്ന കാലതാമസമാണ് സംഭരണങ്ങൾ അതാത് വർഷത്തിനകം തന്നെ നടത്താൻ കഴിയാത്തതിന് ന്യായീകരണമായി കേരളസർക്കാർ പറഞ്ഞത്. എഎപി 2013-14-ൽ നിർദ്ദേശിക്കപ്പെട്ടിരുന്ന 15 ഇനങ്ങളിൽ രണ്ടും 2014-15-ലെ 13 ഇനങ്ങളിൽ നാലും മാത്രമേ നവംബർ 2018 വരെ വാങ്ങിയിരുന്നുള്ളൂ എന്ന വസ്തുതയുടെ വെളിച്ചത്തിൽ സർക്കാരിന്റെ മറുപടി സ്വീകാര്യമല്ല.

### 2.11.2. ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ സംവിധാനം നടപ്പാക്കാത്തതും സംസ്ഥാനത്തെ നക്സൽ മാവോയിസ്റ്റ് ഭീഷണികളെ നേരിടുന്നതിൽ അതിന്റെ സ്വാധീനവും

കേരളാ പോലീസിന്റെ അഭ്യർത്ഥന മാനിച്ച് വിക്രം സാരാഭായ് സ്പേസ് സെന്റർ (വിഎസ്എസ്സി) ഒരു പഠനം നടത്തുകയുണ്ടായി (2012 സെപ്റ്റംബർ). ആദ്യം വലിയ നഗരങ്ങളിലും പിന്നീട് കേരളം മുഴുവനും ഘട്ടംഘട്ടമായി ഡിജിറ്റൽ മൊബൈൽ റേഡിയോ (ഡിഎംആർ) സംവിധാനത്തിലേക്ക് മാറാൻ അവർ ശുപാർശ ചെയ്തു. കാരണം ഡിജിറ്റൽ റേഡിയോകൾ വളരെ വിസ്തൃതമായ കവറേജ് ഏരിയയിൽ മെച്ചപ്പെട്ട ശബ്ദ സംപ്രേഷണങ്ങളെ സഹായിക്കുന്നതും ശബ്ദത്തിന്റെ ഗുണനിലവാരത്തിന് ഒരു കോട്ടവും ഇല്ലാതെതന്നെ ധാരാളം ക്രോസ്പാച്ചുകൾ കടന്നു പോകേണ്ടുന്ന രഹസ്യ സന്ദേശങ്ങൾ അയക്കാൻ അനുകൂലവുമാണ്. 2011-18 എഎപികളിൽ ഡിജിറ്റൽ മൊബൈൽ റേഡിയോകൾ വാങ്ങാനായി അനുവദിച്ച തുകയുടെ മറ്റു വിവരം **പട്ടിക 2.7**-ൽ കൊടുക്കുന്നു.

---

[18] ലോകം മുഴുവനുമുള്ള ഉപയോഗത്തിനായി യൂറോപ്യൻ ടെലികമ്യൂണിക്കേഷൻസ് സ്റ്റാൻഡേർഡ്സ് ഇൻസ്റ്റിറ്റ്യൂട്ട് (ഇടിഎസ്ഐ) നൽകിയിട്ടുള്ള ഒരു 2-വേ റേഡിയോ സ്റ്റാൻഡേർഡ് ആണ് ഡിജിറ്റൽ മൊബൈൽ റേഡിയോ. കാലപ്പഴക്കം സംഭവിച്ച അനലോഗ് സ്റ്റാൻഡേർഡിനു പകരംവയ്ക്കാൻ രൂപം നൽകിയ ഒരു ഓപ്പൺ സ്റ്റാന്റേർഡ് ആണിത്. ഇരട്ടി ചാനൽ കപ്പാസിറ്റി, പരമാവധി കുറഞ്ഞ ചെലവ്, സുരക്ഷിതം, വിശ്വസിക്കത്തക്കത് എന്നിങ്ങനെ പ്രൊഫഷണൽ മൊബൈൽ ഉപയോക്താക്കൾക്ക് അനുയോജ്യവും ആണ്.

**പട്ടിക 2.7: ഡിജിറ്റൽ മൊബൈൽ റേഡിയോയ്ക്കായി അനുവദിച്ച ഫണ്ടുകൾ**

*(₹ കോടിയിൽ)*

| വാർഷിക കർമ്മ പദ്ധതി | നിർദ്ദേശിക്കപ്പെട്ടിരുന്ന ഇനങ്ങൾ | അനുവദിച്ചിരുന്ന തുക |
|---|---|---|
| 2011-12 | കൊച്ചി നഗരത്തിൽ ഡിജിറ്റൽ മൊബൈൽ റേഡിയോ നടപ്പാക്കൽ | 4.00 |
| 2012-13 | ഡിജിറ്റൽ മൊബൈൽ റേഡിയോ ഒരു ജില്ലയിൽ | 1.22 |
| 2013-14 | ഡിജിറ്റൽ മൊബൈൽ റേഡിയോ മൂന്ന് ജില്ലകളിൽ | 3.75 |
| 2014-15 | ഡിജിറ്റൽ മൊബൈൽ റേഡിയോയും ഡിജിറ്റൽ ഹാൻഡ് ഹെൽഡ് റേഡിയോയും | 0.30 |
| 2015-16 | നിർദ്ദേശങ്ങൾ ഇല്ല | |
| 2016-17 | നിർദ്ദേശങ്ങൾ ഇല്ല | |
| 2017-18 | ഡിജിറ്റൽ മൊബൈൽ റേഡിയോ | 1.83 |
| **ആകെ** | | **11.10** |

*(അവലംബം: വാർഷിക കർമ്മ പദ്ധതി)*

സാമ്പത്തിക സഹായം ലഭിച്ചിട്ടും ഇതുവരെയും അനലോഗ് 2-വേ റേഡിയോ സമ്പ്രദായം മാറ്റി ഡിജിറ്റൽ ഉപകരണങ്ങളിലേക്ക് മാറാൻ കേരള പോലീസിനു കഴിഞ്ഞിട്ടില്ല (നവംബർ 2018) എന്ന് ഓഡിറ്റിൽ കണ്ടു. കേന്ദ്രസർക്കാർ 2004 ജൂൺ 01 മുതൽ എല്ലാ വയർലെസ് ഉപയോക്താക്കളിൽ നിന്നും സ്പെക്ട്രം ചാർജ് (ലൈസൻസ് ഫീസും റോയൽറ്റിയും) ഈടാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (2004 ഏപ്രിൽ). സ്പെക്ട്രം ചാർജ് പൂർണമായി അടച്ചാലേ പുതിയ ഫ്രീക്വൻസി അസൈൻമെന്റ്/ഇറക്കുമതി ലൈസൻസ് ഉൾപ്പെടെ ലൈസൻസ് നൽകൽ എന്നിവ പരിഗണിക്കുകയുള്ളൂ എന്നും കേന്ദ്രസർക്കാർ അറിയിച്ചിരുന്നു (2008 നവംബർ). ഫ്രീക്വൻസി അനുവദിക്കുന്നതിനുള്ള റോയൽറ്റി ചാർജുകൾ, ഉപകരണത്തിന്റെ ലൈസൻസ് ഫീസ് എന്നിവ ഉൾപ്പെടുന്നതാണ് സ്പെക്ട്രം ചാർജുകൾ. പോലീസ് വകുപ്പ് 2017 ഡിസംബറോടെ ₹14.03 കോടി സ്പെക്ട്രം ചാർജ് കൊടുത്തതിനു ശേഷം ₹43.07 കോടി സ്പെക്ട്രം ചാർജിനുമേലുള്ള ലേറ്റ് ഫീ ആയി പോലീസ് വകുപ്പ് കേന്ദ്രസർക്കാരിന് കൊടുക്കാനുണ്ടെന്ന് ഓഡിറ്റിൽ കണ്ടു.

ഒരു അപേക്ഷകൻ മുൻകൂറായി ബാധകമായ എല്ലാ ലൈസൻസ് ഫീ മുതലായവ അടച്ചിട്ടില്ലെങ്കിൽ റേഡിയോ ഫ്രീക്വൻസി കൊടുക്കുകയോ റിസർവു ചെയ്യുകയോ ബ്ലോക്കു ചെയ്യുകയോ ചെയ്യില്ല എന്ന് കേന്ദ്രസർക്കാർ വ്യക്തമായി വ്യവസ്ഥ ചെയ്തിരുന്നു (2012 മാർച്ച്) എന്ന് ഓഡിറ്റിൽ ശ്രദ്ധിച്ചു. നിയമാനുസരണമായ ലൈസൻസ് സമ്പാദിക്കാതെ സംപ്രേഷണ ഉപകരണം ഇറക്കുമതി ചെയ്യാൻ സാധിക്കില്ല എന്ന് വിൽപനക്കാരൻ അറിയിച്ചത് കാരണം പോലീസ് വകുപ്പ് ഡിഎംആർ ഉപകരണം വാങ്ങുന്നതിലേയ്ക്കായി 2011-13-ൽ ₹5.22 കോടി മാറ്റിവച്ചെങ്കിലും വാങ്ങൽ നടന്നില്ല എന്ന് കണ്ടു. ഡിഎംആർ വാങ്ങുന്നതിന് ഇതേപോലെയുള്ള നിർദ്ദേശങ്ങൾ അടുത്ത വർഷങ്ങളിലും വച്ചെങ്കിലും സ്പെക്ട്രം ചാർജ് അടയ്ക്കാനും കേന്ദ്രസർക്കാരിൽ നിന്ന് ലൈസൻസ് എടുക്കാനും പോലീസ് വകുപ്പ് പരാജയപ്പെട്ടതിനാൽ അതൊന്നും നടപ്പായില്ല. സംസ്ഥാനത്തെ ഇടതുപക്ഷ തീവ്രവാദത്തെ (എൽഡബ്ല്യൂഇ) നേരിടുന്നതിലേയ്ക്ക് ഡിഎംആർ ഉപകരണം ആവശ്യപ്പെട്ടുകൊണ്ട്, പാലക്കാട്, മലപ്പുറം, ഇടുക്കി, വയനാട് ജില്ലകളിലെ നിബിഡ വനങ്ങളിൽ നടത്തുന്ന മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങളെ സംപ്രേക്ഷണ പ്രശ്നങ്ങൾ പ്രതികൂലമായി ബാധിക്കുന്ന വിവരം എസ്പിസി കേരളസർക്കാരിനെ (2016 ഫെബ്രുവരി, മാർച്ച്) അറിയിച്ചിരുന്നു. സമയത്തിന് സ്പെക്ട്രം ചാർജ്ജുകൾ അടയ്ക്കാനും കേന്ദ്രസർക്കാരിൽ നിന്ന് ലൈസൻസ് എടുക്കാനും കേരളസർക്കാർ പരാജയപ്പെട്ടതും തൽഫലമായി ഡിഎംആർ ഉപകരണം വാങ്ങാൻ കഴിയാത്തതും ഇടതുപക്ഷ തീവ്രവാദത്തെ നേരിടുന്നതിനുള്ള പോലീസ് വകുപ്പിന്റെ കഴിവിനെ പ്രതികൂലമായി ബാധിച്ചു.

ഡിഎംആർ പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം കേരളസർക്കാർ സമ്മതിക്കുകയും (മേയ് 2019) ഒരു ജില്ലയിൽ ഡിഎംആർ നടത്തിപ്പിനുള്ള ദർഘാസ് വിജയകരമായി പൂർത്തിയാക്കിയെന്നും സംസ്ഥാനം മുഴുവനായും അതു

നടപ്പിലാക്കുന്നതുവരെ മുഖ്യ ആശ്രയം അനലോഗ് സംപ്രേഷണമായിരിക്കുമെന്നും പറഞ്ഞു.

എന്നാൽ സ്പെക്ട്രം ചാർജ് അടയ്ക്കുന്നതിലെ കാലതാമസം ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ രീതി നടപ്പാക്കുന്നതിലെ താമസത്തിന് ഇട വരുത്തുകയും അത് സംസ്ഥാനത്തെ എൽഡബ്ല്യൂഇ പ്രവർത്തനങ്ങളെ നേരിടുന്നതിനെ ദോഷകരമായി ബാധിക്കുകയും ചെയ്തു എന്ന വസ്തുത നിലനിൽക്കുന്നു.

***ശുപാർശ 2.3: കേരളസർക്കാർ മുൻഗണന നൽകി സ്പെക്ട്രം ലൈസൻസ് നൽകുന്നതിലെ പ്രശ്നങ്ങൾ കേന്ദ്രസർക്കാരുമായി ചർച്ച ചെയ്യേണ്ടതും അങ്ങനെ, കാലപ്പഴക്കം വന്ന അനലോഗ് സംപ്രേഷണ സംവിധാനങ്ങൾ മാറ്റി ഡിജിറ്റൽ സംവിധാനങ്ങൾ സ്വീകരിക്കേണ്ടതുമാണ്. ഇത് നക്സൽ/മാവോയിസ്റ്റ് ഭീഷണികളെ കൂടുതൽ ഫലപ്രദമായി നേരിടുന്നതിനു സഹായിക്കുകയും ചെയ്യും.***

## 2.12. സൈബർഡോം – അവാസ്തവിക ലോകത്തിലെ നിയമപാലനം

സാധാരണ നിയമപരിപാലനം കൂടാതെ പോലീസ് വകുപ്പിന് സൈബർ ലോകത്തിലെ നിയമപരിപാലനം കൂടി നടപ്പാക്കേണ്ടതുണ്ട്. വർദ്ധിച്ചു കൊണ്ടിരിക്കുന്ന സൈബർ കുറ്റകൃത്യങ്ങളും ഇന്റർനെറ്റിലൂടെ ഉയരുന്ന പുതിയ സൈബർ ഭീഷണികളും കണക്കിലെടുത്ത് സൈബർ സുരക്ഷയ്ക്കും പുതിയ സാങ്കേതികതയെ നേരിടുന്നതിനുമായി കേരളത്തിൽ സൈബർഡോം എന്ന പേരിൽ ഒരു ഹൈടെക് സെന്റർ സ്ഥാപിക്കണമെന്ന എസ്പിസിയുടെ നിർദ്ദേശത്തിന് കേരളസർക്കാർ ഭരണാനുമതി നൽകി (2014 ആഗസ്റ്റ്).

ഇൻസ്പെക്ടർ ജനറൽ റാങ്കിലുള്ള പോലീസ് ഓഫീസർ തലവനായിട്ടുള്ള സൈബർഡോമിന്റെ പ്രവർത്തനം ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. ഇപ്പോൾ സൈബർഡോം പ്രവർത്തിക്കുന്നത് പോലീസ് വകുപ്പിന്റെ മറ്റു വിഭാഗങ്ങളിൽ നിന്നുള്ള 16 പോലീസ് ഉദ്യോഗസ്ഥരിലൂടെയാണ്. കൂടാതെ ഏതാണ്ട് 600 സൈബർ സുരക്ഷാവിദഗ്ദ്ധരുടെയും 20 സംഘടനകളുടെയും സേവനം ആവശ്യാനുസരണം പൊലീസ് വകുപ്പ് ഉപയോഗപ്പെടുത്തുന്നു.

സൈബർഡോം അതിന്റെ ഉത്തരവാദിത്ത നിർവ്വഹണത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സൈബർഡോം നാളിതുവരെ (2019 ജനുവരി) നിരന്തരം നിരീക്ഷിക്കുകയും കൂടുതൽ അനന്തര നടപടികൾക്കായി റിപ്പോർട്ട് ചെയ്യുകയും ചെയ്ത ഇനങ്ങൾ ഇങ്ങനെയാണ് – 120 ഡേറ്റ ലംഘനങ്ങൾ, ഏകദേശം 50 ഓൺലൈൻ വഞ്ചനകൾ, 50 ഓൺലൈൻ ലൈംഗികാതിക്രമണങ്ങൾ, 10 സ്ത്രീ സുരക്ഷാ പ്രശ്നങ്ങൾ, ഏതാണ്ട് അഞ്ച് ശിശു ലൈംഗികാതിക്രമണങ്ങൾ/അശ്ലീലത, 25 ഭീകരവാദ പ്രവർത്തനങ്ങൾ ഉദ്ദേശം ഏഴ് റാൻസംവെയർ സന്ദർഭങ്ങൾ. ബാങ്കിംഗ് ആപ്ലിക്കേഷനിലെ പോരായ്മ അനുയോജ്യമായ പരിശോധന നടത്തി ഓൺലൈൻ വഞ്ചനകൾ തടയുന്നതിൽ സൈബർഡോം നടത്തിയ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. ബാങ്കിംഗ് ആപ്ലിക്കേഷനുകൾ പത്ത് എണ്ണം പരിശോധിച്ചപ്പോൾ നാല് എണ്ണത്തിൽ പോരായ്മ കണ്ടെത്തിയതായി സൈബർഡോം ഓഡിറ്റിനെ അറിയിച്ചു. തൽഫലമായി റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയും നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും ആപ്ലിക്കേഷൻ പിൻവലിക്കാൻ ഈ ബാങ്കുകളോട് നിർദ്ദേശിക്കുകയും വഞ്ചനകൾ തടയാൻ വേണ്ടി മൾട്ടി ഫാക്ടർ അധികാരപ്പെടുത്തൽ രീതി നടപ്പിലാക്കാൻ ശുപാർശ ചെയ്യുകയും ചെയ്തു.

കുട്ടികൾക്കും മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും വേണ്ടി ശിശുസുരക്ഷ ബോധവൽക്കരണം നടപ്പാക്കൽ, ട്രാഫിക് ബോധവൽക്കരണത്തിനും, വിദ്യാർത്ഥികളിൽ സൈബർ സുരക്ഷയ്ക്കും ഉതകുന്ന ആപ്ലിക്കേഷനുകൾ സൃഷ്ടിക്കുക, പോലീസ് സൈബർ ട്രെയിനിംഗ് വർക്ക്ഷോപ്പുകൾ സംസ്ഥാനം മുഴുവൻ നടത്തുക എന്നിവ ഉൾപ്പെടെയുള്ള സൈബർഡോമിന്റെ മറ്റു വിവിധ പ്രവർത്തനങ്ങൾ എല്ലാം തന്നെ നിയമപരിപാലന യൂണിറ്റുകൾക്കായുള്ള

ഐഎസ്ഒ 27001:2013 സർട്ടിഫിക്കേഷൻ നേടിയെടുക്കാൻ സൈബർഡോമിനെ സഹായിച്ചു എന്നത് പ്രശംസനീയമാണ്.

## 2.13. ഫോറൻസിക് സയൻസ് ലബോറട്ടറികളുടെ നവീകരണം

കേരള പോലീസിന്റെ ഫോറൻസിക് സയൻസ് ലബോറട്ടറി (എഫ്എസ്എൽ) വിഭാഗത്തിൽ തിരുവനന്തപുരത്തുള്ള കേരള സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയും, തൃശ്ശൂർ, കണ്ണൂർ, കൊച്ചി എന്നിവിടങ്ങളിലുള്ള മൂന്ന് റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറികളും ഉൾപ്പെടുന്നു. സംസ്ഥാനത്തുള്ള 19 പോലീസ് ജില്ലകളിലും ഓരോ ജില്ലാ മൊബൈൽ ഫോറൻസിക് യൂണിറ്റ് ഉണ്ട്. കുറ്റകൃത്യം നടന്ന രംഗങ്ങളുടെ പരിശോധനയും തെളിവു ശേഖരണവും നടത്തി അന്വേഷണ ഉദ്യോഗസ്ഥരെ കുറ്റം തെളിയിക്കാൻ സഹായിക്കുന്നതിനാൽ ഈ ലബോറട്ടറികളുടെ ശരിയായ പ്രവർത്തനം പോലീസ് വകുപ്പിനു വളരെ പ്രധാനമാണ്. എഫ്എസ്എല്ലിന് വേണ്ടി എഎപിയിൽ അനുവദിച്ച ഫണ്ടിന്റെയും അതിന്റെ വിനിയോഗത്തിന്റെയും വിവരങ്ങൾ **അനുബന്ധം 2.5**-ൽ കൊടുത്തിരിക്കുന്നു.

എംഒപിഎഫ് പദ്ധതിയിൻ കീഴിൽ പോലീസ് വകുപ്പ്, എഎപിയിൽ 53 ഇനം ഉപകരണങ്ങൾ 2013-14 മുതൽ 2017-18 വരെയുള്ള കാലഘട്ടത്തിൽ സംഭരണത്തിനായി ഉൾപ്പെടുത്തിയിരുന്നെങ്കിലും 30 ഇനങ്ങൾ ഇനിയും സംഭരിച്ചിട്ടില്ല (2018 നവംബർ) എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇതിൽ ഏഴ് ഇനങ്ങൾ 2013-14-ൽ തന്നെ വാങ്ങാൻ ഉദ്ദേശിച്ചിരുന്നതാണ്.

ഫോറൻസിക് ലബോറട്ടറികൾക്കു വേണ്ട ഉപകരണങ്ങളുടെ ചെലവ് 2019 മാർച്ചിൽ 46.08 ശതമാനത്തോളം വർദ്ധിച്ചതായി കേരളസർക്കാർ പറഞ്ഞു (2019 മാർച്ച്).

### 2.13.1. കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസം

താഴെ കാണിച്ചിരിക്കും പ്രകാരം പല കോടതികളിൽ നിന്നും കിട്ടിയ 9,265 കേസുകൾ 2018 മാർച്ച് 31-ന് തീർപ്പാകാതെ നിന്നിരുന്നു എന്ന് തിരുവനന്തപുരത്തെ സംസ്ഥാന എഫ്എസ്എല്ലിലെ രേഖകളുടെ പരിശോധന വെളിപ്പെടുത്തി.

**പട്ടിക 2.8: കേസുകളുടെ തീർപ്പാക്കൽ സ്ഥിതി**

| പദ്ധതി വർഷം | വർഷാരംഭത്തിൽ തീരുമാനം കാക്കുന്നവ | വർഷത്തിൽ കിട്ടിയത് | മൊത്തം | വർഷത്തിലെ തീർപ്പാക്കൽ | വർഷാവസാനം ശേഷിക്കുന്നവ |
|---|---|---|---|---|---|
| 2013-14 | 3914 | 4014 | 7928 | 3373 | 4555 |
| 2014-15 | 4555 | 4308 | 8863 | 3172 | 5691 |
| 2015-16 | 5691 | 4781 | 10472 | 3025 | 7447 |
| 2016-17 | 7447 | 5760 | 13207 | 4457 | 8750 |
| 2017-18 | 8750 | 6170 | 14920 | 5655 | 9265 |
| **ആകെ** | | **25033** | | **19682** | |

*(അവലംബം: സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ നിന്നു കിട്ടിയ വിവരങ്ങൾ)*

കോടതികളിൽ നിന്ന് എഫ്എസ്എല്ലുകൾക്ക് മെറ്റീരിയൽ ഓബ്ജക്ടുകൾ പരിശോധനയ്ക്കായി കിട്ടിയ 3,914 കേസുകൾ 2013-14-ന്റെ തുടക്കത്തിൽ തീർപ്പാകാതെ അവശേഷിച്ചു എന്ന് ഓഡിറ്റിൽ കണ്ടു. 2013-18 കാലഘട്ടത്തിൽ 25,033 പുതിയ കേസുകൾ പരിശോധനയ്ക്കായി കിട്ടിയതിൽ 19,682 എണ്ണം പൂർത്തിയാക്കി. എന്നാൽ തീർപ്പാക്കലിന്റെ തോത് പുതിയതായി കിട്ടുന്നതിനേക്കാൾ കുറവായിരുന്നതിനാൽ 2017-18 അവസാനത്തിൽ തീർപ്പാകാത്തവയുടെ എണ്ണം 9,265 ആയി വർദ്ധിച്ചു.

തിരുവനന്തപുരത്തെ സംസ്ഥാന എഫ്എസ്എല്ലിൽ തീർപ്പാകാത്ത കേസുകളുടെ സ്വഭാവം ഓഡിറ്റ് വിശകലനം ചെയ്തു. അതിൽ കണ്ടത് തീരുമാനം എടുത്തിട്ടില്ലാത്ത ഇനങ്ങളിൽ, ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 302, 307, 376 എന്നീ

വകുപ്പുകൾക്കു കീഴിലും പോക്സോ നിയമം 2012, എസ്സി ആന്റ് എസ്റ്റി (അതിക്രമം തടയൽ) നിയമം എന്നീ നിയമങ്ങൾക്ക് കീഴിലും കുറ്റം ചാർത്തപ്പെട്ട വളരെ ഗൗരവതരമായ കുറ്റകൃത്യങ്ങൾ ഉൾപ്പെട്ടിരുന്നു (**അനുബന്ധം 2.6**) എന്നാണ്.

സംസ്ഥാന എഫ്എസ്എല്ലിലും അതിന്റെ തൃശ്ശൂർ, കണ്ണൂർ, കൊച്ചി പ്രാദേശിക ലബോറട്ടറികളിലും 19 ജില്ലാ മൊബൈൽ യൂണിറ്റുകളിലും ജീവനക്കാരുടെ കുറവ് ഓഡിറ്റിൽ കണ്ടു. 2013 ഏപ്രിൽ 01–നും 2018 മാർച്ച് 31–നും ഈ സ്ഥാപനങ്ങളിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ സ്ഥിതി താഴെ **പട്ടിക 2.9**–ൽ കൊടുക്കുന്നു.

**പട്ടിക 2.9: ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ മാനവശേഷിയുടെ കുറവ്**

| പോസ്റ്റിന്റെ പേര് | 2013 ഏപ്രിൽ 01–ലെ സ്ഥിതി | | | 2018 മാർച്ച് 31–ലെ സ്ഥിതി | | |
|---|---|---|---|---|---|---|
| | അനുവദിച്ചിട്ടുള്ള അംഗസംഖ്യ | നിലവിലുള്ള അംഗസംഖ്യ | ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ | അനുവദിച്ചിട്ടുള്ള അംഗസംഖ്യ | നിലവിലുള്ള അംഗസംഖ്യ | ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ |
| അസിസ്റ്റന്റ് ഡയറക്ടർ | 19 | 17 | 2 | 23 | 19 | 4 |
| സയന്റിഫിക് ഓഫീസർ | 45 | 28 | 17 | 57 | 40 | 17 |

*(അവലംബം: സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറി, തിരുവനന്തപുരം)*

2018 മാർച്ച് 31–ന്, എഫ്എസ്എല്ലിന്റെ പ്രവർത്തനത്തിനത്യാവശ്യമായ സാങ്കേതിക തസ്തികകളിൽ 26 ശതമാനവും ഒഴിഞ്ഞു കിടക്കുകയായിരുന്നു എന്ന് മുകളിലെ പട്ടികയിൽ നിന്ന് വ്യക്തമാണ്.

കഴിഞ്ഞ 12 വർഷമായി രണ്ട് അസിസ്റ്റന്റ് ഡയറക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. 2013 ഏപ്രിൽ 01–ലെ സ്ഥിതി അനുസരിച്ച് 17 സയന്റിഫിക് ഓഫീസർമാരുടെ ഒഴിവുകൾ രണ്ടു മാസം മുതൽ മൂന്ന് വർഷത്തിലധികം വരെ നിലനിന്നിരുന്നു. 2011 ജൂണിൽ ഉണ്ടായ സയന്റിഫിക് ഓഫീസറുടെ ഒരു ഒഴിവ് ഇതുവരെ നികത്തിയിട്ടില്ല (2018 ഡിസംബർ). ദീർഘകാലയളവിൽ ഒഴിവുകൾ നിലനിന്നതാണ് 2018 മാർച്ച് 31–ന് 9,265 കേസുകൾ തീർപ്പാക്കാൻ കഴിയാതിരുന്നതിന്റെ ഒരു പ്രധാനകാരണം.

ഓരോ കേസിലും കിട്ടുന്ന സാമ്പിളുകളുടെ ആധിക്യം, പരിശോധനയ്ക്ക് വേണ്ടി വരുന്ന സമയത്തിന്റെ ആധിക്യം എന്നിവയ്ക്ക് പുറമേ കേസുകൾ തീരുമാനം എടുക്കാൻ കഴിയാതെ കിടക്കുന്നതിന്റെ പ്രധാന കാരണം കേസുകളുടെ പരിശോധനകൾക്കായി വേണ്ടുന്ന വിദഗ്ദ്ധരുടെ കുറവാണെന്നാണ് വകുപ്പ് ചൂണ്ടിക്കാണിച്ചത്.

അന്തിമ കൂടിക്കാഴ്ചയിൽ (2019 ഏപ്രിൽ) എസിഎസ് പറഞ്ഞത് അധിക തസ്തികകൾ അനുവദിച്ചു കഴിഞ്ഞെന്നും ഇത് കേസുകളുടെ തീർപ്പാക്കലിന്റെ വേഗത കൂട്ടുമെന്ന് പ്രതീക്ഷിക്കുന്നുവെന്നുമാണ്.

***ശുപാർശ 2.4: കേരളസർക്കാർ ഫോറൻസിക് സയൻസ് ലബോറട്ടറികളെ ശക്തിപ്പെടുത്തുന്നതിന് അവശ്യം വേണ്ട ഉപകരണങ്ങളുടെ സംഭരണം ഉറപ്പുവരുത്തുന്നതിനായി ചെലവാക്കാതെ കിടക്കുന്ന ഫണ്ടുകളുടെ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്. തീർപ്പാക്കൽ ത്വരിതപ്പെടുത്താൻ ഒഴിവുകൾ നികത്തുന്നതിന് ശ്രദ്ധ കൊടുക്കണം.***

## 2.14. ഉപകരണങ്ങൾ സംഭരിക്കുന്നതിൽ സ്റ്റോഴ്സ് പർച്ചേസ് മാനുവലും കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങളും ലംഘിക്കൽ

പൊതുസംഭരണത്തിന്റെ മർമ്മപ്രധാനമായ തത്വം നിർദ്ദിഷ്ട നിലവാരമുള്ള സാധനങ്ങൾ/സർവ്വീസുകൾ താരതമ്യേന ഏറ്റവും അനുകൂലമായ വിലയ്ക്ക് ന്യായവും സുതാര്യവുമായ വിധത്തിൽ സംഭരിക്കണമെന്നാണ്. ഇതിലേക്ക് കേന്ദ്ര വിജിലൻസ് കമ്മിഷൻ (സിവിസി) മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് (2011 ഫെബ്രുവരി). അതനുസരിച്ച് സങ്കീർണ്ണമായ ഉപകരണങ്ങൾ/പ്ലാന്റുകൾ വാങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങൾ വിപണിയിൽ ലഭ്യമായ സാങ്കേതിക വിവരങ്ങൾ

മുഴുവൻ അറിവില്ലാത്തതിനാൽ വിപണിയിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും ആ മേഖലയിൽ മുൻപരിചയമുള്ള നിർമ്മാതാക്കൾ, വിതരണക്കാർ എന്നിവരുമായി സാങ്കേതിക ചർച്ചകൾ സുതാര്യമായി നടത്തിയിട്ടുവേണം സംഭരണം ഉറപ്പിക്കാൻ. ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർക്ക് തുല്യ അവസരം കിട്ടത്തക്കവിധം വാങ്ങാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ പൊതുവായ വിവരണം നൽകാൻ ശ്രദ്ധിക്കണം എന്നും വിജിലൻസ് കമ്മിഷൻ എടുത്തു പറയുന്നുണ്ട്. സാങ്കേതികമായ പ്രത്യേക നിർദ്ദേശങ്ങൾ പൂർത്തിയാക്കിയാൽ ദർഘാസിന്റെ രണ്ടാം ഘട്ടമായി സാധാരണ ദർഘാസ് നടപടി പ്രകാരം ടെക്നോ കമേഴ്സ്യൽ ബിഡ്ഡുകൾ ക്ഷണിക്കണം.

കേരളസർക്കാർ ഏഴ് [19] പൊതുമേഖല സ്ഥാപനങ്ങളെ 'ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡേഴ്സ് (ടിഎസ്പി)' എന്ന സ്ഥാനം നൽകി ഉത്തരവിറക്കിയിരുന്നു (2000 ജൂലൈ). അവർ, ഇൻഫർമേഷൻ ടെക്നോളജി ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ സർക്കാർ വകുപ്പുകളെ സഹായിക്കുകയും സോഫ്റ്റ്‌വെയറും ഹാർഡ്‌വെയറും സംഭരിക്കുന്നത് ഉൾപ്പെടെ വകുപ്പുകൾക്ക് സാങ്കേതിക സഹായം നൽകുകയും ഉദ്യോഗസ്ഥർക്കു പരിശീലനം നൽകുകയും ചെയ്യേണ്ടതാണ്. ടിഎസ്പി വഴി നടത്തേണ്ടുന്ന വിവിധതരം ജോലികളും അവയ്ക്ക് ഓരോന്നിനുമുള്ള നിർദ്ദിഷ്ട നിരക്കുകൾ കേരളസർക്കാർ 2000 ഫെബ്രുവരിയിൽ തന്നെ നിശ്ചയിച്ചിട്ടുണ്ട്. അങ്ങനെ, ഇൻഫർമേഷൻ ടെക്നോളജി പ്ലാൻ തയ്യാറാക്കുന്നതിനും ദർഘാസ് പ്രമാണങ്ങൾ തയ്യാറാക്കുന്നതിനും ദർഘാസുകളുടെ സാങ്കേതിക വിലയിരുത്തലുകൾക്കും പരിശീലനത്തിനും മറ്റും വകുപ്പുകൾ ടിഎസ്പികളുടെ സേവനം പ്രയോജനപ്പെടുത്തുമ്പോൾ തന്നെ ദർഘാസുകൾ പ്രസിദ്ധീകരിക്കുക, ദർഘാസുകളുടെ ധനകാര്യ വിശകലനം, വിതരണക്കാരനെ തെരഞ്ഞെടുക്കുക മുതലായ പ്രവൃത്തികൾ വകുപ്പുകൾ സ്വന്തമായി ചെയ്യേണ്ടതാണ്. ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും സിവിസിയുടെ ചട്ടങ്ങൾ ലംഘിച്ചും വിവിധയിനം ഉപകരണങ്ങളുടെ സംഭരണം ടേൺകീ അടിസ്ഥാനത്തിൽ [20] ടിഎസ്പി ആയ കെൽട്രോണിന് പോലീസ് വകുപ്പ് നൽകി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

സംഭരണ രീതി കൂടുതൽ മനസ്സിലാക്കുന്നതിനും അത് സുതാര്യവും വിജിലൻസ് കമ്മീഷൻ കാലകാലങ്ങളായി പുറപ്പെടുവിച്ച ഉത്തരവുകൾക്കനുസൃതവും ആയിരുന്നുവോ എന്നറിയുന്നതിനും വേണ്ടി കെൽട്രോണിൽ ലഭ്യമായിരുന്ന രേഖകളും ഓഡിറ്റ് പരിശോധിച്ചു. കെൽട്രോണിനെ പ്രവൃത്തികൾ ഏല്പിക്കുന്നതിനായി എസ്പിസി കേരളസർക്കാരിന് നൽകിയ ന്യായീകരണങ്ങൾക്കു [21] വിരുദ്ധമായി ഏറ്റവും കുറഞ്ഞത് നാല് സംഭവങ്ങളിലെങ്കിലും പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥരും വിൽപനക്കാരും ടിഎസ്പിയായ കെൽട്രോണും തമ്മിൽ വില നിശ്ചയിക്കുന്നതിൽ സന്ധിയുണ്ടായിരുന്നെന്നും തൽഫലമായി പദ്ധതിക്ക് ധനനഷ്ടമുണ്ടായി എന്നും താഴെ കാണിച്ചിരിക്കുന്നതു പോലെ ഓഡിറ്റ് നിരീക്ഷിച്ചു.

### 2.14.1. വാഹനത്തിൽ സ്ഥാപിച്ച ജിപിഎസ് അടിസ്ഥാനമാക്കിയ സംപ്രേഷണ സിസ്റ്റം സംഭരിക്കൽ

എസ്പിസി 'പാനസോണിക്ക് റഗ്ഗ്ഡ് 7'' ടാബ്ലെറ്റ് വിത്ത് വൈഫൈ ആന്റ് 3ജി സിം സ്ലോട്ട് - എഫ്ഇസഡ് ബി2' ഉപകരണം 53 എണ്ണം വാങ്ങുന്നതിനുള്ള ഉത്തരവ് കെൽട്രോണിനു നൽകി (10 മാർച്ച് 2015) അതോടൊപ്പം ഡോക്കിംഗ്

[19] എൻഐസിഎസ്ഐ, ഈആർ&ഡിസി, ഐഎച്ച്ആർഡിഇ, സിഡിറ്റ്, കെൽട്രോൺ, എൽബിഎസ്, ഐഎംജി

[20] പൂർണ്ണമായി പ്രവർത്തിപ്പിക്കാൻ തയ്യാറായി രൂപകല്പന നൽകുകയോ, വിതരണം നടത്തുകയോ, നിർമ്മിക്കുകയോ അല്ലെങ്കിൽ സ്ഥാപിക്കുകയോ ചെയ്ത ഒരു ഉൽപന്നമോ സേവനമോ. ഉപഭോക്താവ് ഒരു താക്കോൽ തിരിച്ചാൽ ഉൽപന്നം അല്ലെങ്കിൽ സേവനം ഉപയോഗിച്ച് തുടങ്ങാം.

[21] എസ്പിസി കേരളസർക്കാരിന് എഴുതിയ ഒരു കത്തിൽ (2015 മാർച്ച്) ജോലി കെൽട്രോണിനെ ഏല്പിച്ചതിനെ ന്യായീകരിച്ചിരുന്നു. പോലീസ് വകുപ്പിൽ ഐടി വിദഗ്ദ്ധരുടെ അഭാവം, ചില അസാധാരണ ഗാഡ്ജറ്റുകൾ/ഇനങ്ങൾ വാങ്ങുമ്പോൾ വിദഗ്ദ്ധോപദേശം നേടേണ്ടി വരുന്നത് മുതലായവ കാരണങ്ങളായി ചൂണ്ടിക്കാണിച്ചിരുന്നു. സർവ്വേ, ആവശ്യം കണക്കാക്കൽ, സാങ്കേതിക കണക്കാക്കൽ, സംഭരണം, സജ്ജീകരണം, സംയോജനം, പരിശീലനം, പരിരക്ഷണം, ഗ്രേഡ് ഉയർത്തൽ തുടങ്ങിയവ ഉൾപ്പെടെ ടോട്ടൽ സൊല്യൂഷൻ നൽകാൻ കെൽട്രോണിനുള്ള കഴിവ് ഇവയെല്ലാം അവർക്ക് വർക്ക് നൽകാനുള്ള കാരണങ്ങളായി കാണിച്ചിരിക്കുന്നു.

സ്റ്റേഷൻ, ചാർജർ എന്നിവയും ചേർന്ന് ₹55.66 ലക്ഷത്തിന് (16 ഐആർ/ഐപി ക്യാമറകളുടെ ₹20 ലക്ഷം കൂടാതെ) വാങ്ങാനായിരുന്നു ഉത്തരവ്. എന്നാൽ വർക്ക് ഓർഡർ നൽകുന്നതിനുമുമ്പുതന്നെ കെൽട്രോൺ 2015 ഫെബ്രുവരി 28-ന് ഉപകരണം നൽകാനും സജ്ജീകരിക്കാനുമുള്ള ഇ-ടെൻഡർ പരസ്യം നൽകിയിരുന്നു.

കെൽട്രോൺ അവരുടെ ആവശ്യം 'പാനസോണിക് റഗ്ഗ്ഡ് 7'' ടാബ്ലറ്റ് വിത്ത് വൈഫൈ 3 ജി സിം സ്ലോട്ട് എഫ്ഇസഡ് ബി2' എന്ന് വ്യക്തമായി പറഞ്ഞിരുന്നതിനാൽ തൽപരരായ ബിഡ്ഡർമാർക്കെല്ലാം തുല്യ അവസരം നൽകുന്നതിന് വാങ്ങാൻ ഉദ്ദേശിക്കുന്ന ഉപകരണങ്ങളുടെ പൊതുവായ വിവരണം നൽകാൻ ശ്രദ്ധിക്കണമെന്ന സിവിസിയുടെ ശുപാർശപാലിച്ചില്ല. ദർഘാസിൽ ഒരു പ്രത്യേക വ്യാപാരമുദ്രാനാമവും മാതൃകയും എടുത്തു പറഞ്ഞതുകൊണ്ട് ഫലത്തിൽ മറ്റു വിതരണക്കാരെ വില പറയലിൽ നിന്നു കെൽട്രോൺ ഒഴിവാക്കി. മെസേർസ് പന്റൽ ടെക്നോളജീസ് (മെസേർസ് പന്റൽ) എന്ന ഒരു വിതരണക്കാരൻ അവരുടെ വ്യാപാര മുദ്രയും മാതൃകയും വ്യത്യാസമായതിനാൽ അവർക്ക് ദർഘാസിൽ പങ്കെടുക്കാൻ കഴിയാത്ത വിവരം കെൽട്രോണിനെ അറിയിച്ചപ്പോൾ പോലും അവയോടു പ്രതികരിക്കുകയോ ദർഘാസിലുണ്ടായിരുന്ന പ്രത്യേക നിർദ്ദേശം ഭേദഗതി ചെയ്യുകയോ ഉണ്ടായില്ല. മെസേർസ് പാനസോണിക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് (മെസേർസ് പാനസോണിക്) മാത്രം ആ പണി ലഭിക്കത്തക്കവണ്ണം ദർഘാസിനെ രൂപപ്പെടുത്തുകയാണുണ്ടായത്.

കെൽട്രോണിലെ രേഖകൾ അനുസരിച്ച് കേരള പോലീസിന്റെ വർക്ക് ഓർഡർ കിട്ടുമെന്ന പ്രതീക്ഷയിൽ കെൽട്രോൺ പാനസോണിക്കുമായി പാനസോണിക് ടഫ്പാഡ് എഫ്ഇസഡ്-ബി 2-ന്റെ സംഭരണത്തിനായി കത്തിടപാടുകൾ നടത്തിയിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കെൽട്രോൺ പാനസോണിക്കിനയച്ച ഒരു കത്ത് (2015 ഫെബ്രുവരി 13) വെളിപ്പെടുത്തുന്നത് പാനസോണിക് കോട്ട് ചെയ്യേണ്ട വില പോലും കെൽട്രോൺ കാണിച്ചിരുന്നു എന്നാണ്. കെൽട്രോൺ പാനസോണിക്കിനെ അറിയിച്ചത് ''*നമ്മൾ ഉദ്ദേശിക്കുന്ന ലക്ഷ്യവില താഴെ കൊടുക്കുന്നു അങ്ങനെ പാനസോണിക്കിന്റെ യഥാർത്ഥ വിലയുടെ കൂടെ ആറുശതമാനം കൂട്ടിച്ചേർത്ത് നമുക്ക് 5.60 ശതമാനം സംഭാവന കിട്ടും. എഫ് ഇസഡ് ബി 2-ന് കെവാറ്റ് അഞ്ചു ശതമാനം കൂട്ടിയും മറ്റ് രണ്ട് ഇനങ്ങൾക്ക് 14.50 ശതമാനം കൂട്ടിയും നമുക്ക് യൂണിറ്റിന് ₹1,00,000 വച്ച് വിൽക്കാൻ കഴിയും*'' എന്നാണ്. പാനസോണിക് കെൽട്രോണുമായി ചർച്ച ചെയ്താണു വില നിശ്ചയിച്ചതെന്ന് ഇത് വ്യക്തമാക്കുന്നു. ദർഘാസിനു മുമ്പ് കെൽട്രോൺ പാനസോണിക്കിനയച്ച (2015 ഫെബ്രുവരി 13) ഒരു ഇ-മെയിലിന്റെ ഉള്ളടക്കം ഇങ്ങനെയായിരുന്നു ''*പുതിയ ടാബ്ലറ്റിന്റെ പരിശോധന പുരോഗമിക്കുന്നു. ഇപ്പോൾ അത് ഡോക്കിംഗ് സ്റ്റേഷനോടുകൂടി ശ്രീ ലോകനാഥ് ബഹ്റ ഐപിഎസ്ന്റെ അടുത്തേയ്ക്കു കൊണ്ടുപാകുകയാണ്. നിങ്ങൾ കോട്ട് ചെയ്ത വിലയെ സംബന്ധിച്ച് അവസാനവില നികുതിയും ചേർത്ത് ₹ ഒരു ലക്ഷത്തിൽ താഴെയാവണമെന്നാണ് ശ്രീ ലോക്നാഥ് ബഹ്റ പ്രതീക്ഷിക്കുന്നത്. അങ്ങനെയല്ലെങ്കിൽ അദ്ദേഹം അതു വാങ്ങുകയില്ല. അതിനാൽ, ഞങ്ങളുടെ ലാഭശതമാനത്തെ ബാധിക്കാത്തവിധം നിങ്ങളുടെ വില പുനർ നിർണ്ണയം ചെയ്യുക.*'' ഇതു വ്യക്തമായി കാണിക്കുന്നത് ഉപകരണങ്ങളുടെ സംഭരണത്തിനുള്ള ദർഘാസ് നടപടിയെ നിഷ്ഫലമാക്കിയെന്നും കെൽട്രോൺ, പാനസോണിക്, പോലീസ് വകുപ്പ് എന്നിവരുടെ അവിശുദ്ധബന്ധത്തേയുമാണ്.

കേരളസർക്കാരിന്റെ മറുപടിയിൽ (2019 മാർച്ചിലെയും, 2019 മേയിലെയും) പറഞ്ഞത് കെൽട്രോൺ പാനസോണിക്കിനെ തെരഞ്ഞെടുക്കും മുമ്പ് മറ്റു രണ്ടു വിൽപനക്കാരുടെ ഉൽപന്നങ്ങളെ വിലയിരുത്തിയിരുന്നു എന്നാണ്. പാനസോണിക് ടച്ച് ബുക്ക് എന്ന ഉൽപന്നം ലോകോത്തരമായ ഒന്നായിരുന്നെന്നും അപ്പോൾ രാജ്യത്ത് ലഭ്യമായിരുന്നതിൽ വച്ച് ഏറ്റവും നല്ല മോഡൽ ആയിരുന്നെന്നും ഒന്നാംതരം തുടർസേവന വ്യവസ്ഥയോടുകൂടിയതും ആയിരുന്നെന്നുമാണ് ഓഡിറ്റിനെ അറിയിച്ചത്. പോലീസ് വകുപ്പ് ഗുണനിലവാരമുള്ള ഒരു ലോകോത്തര ഉൽപന്നം തെരഞ്ഞെടുത്തതുകൊണ്ട് മാത്രം വകുപ്പും, ടിഎസ്പിയും, ഒറിജിനൽ

എക്യുപ്മെന്റ് മാനുഫാക്ചററും (ഒഇഎം) തമ്മിൽ അവിശുദ്ധ ബന്ധം ഉണ്ടായിരുന്നു എന്നു പറയുന്നത് അനുചിതവും അന്യായവുമാണെന്ന് മറുപടിയിൽ പ്രസ്താവിച്ചു.

സർക്കാരിന്റെ മറുപടി നിലനിൽക്കുന്നതല്ല, എന്തെന്നാൽ സ്റ്റോഴ്സ് പർച്ചേസ് മാനുവൽ നിഷ്കർഷിക്കുന്ന സംഭരണ മാർഗ്ഗനിർദ്ദേശങ്ങളും, സംഭരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും ലേലം കൊള്ളുന്ന എല്ലാവർക്കും അവസരസമത്വം നൽകുന്നതിനും കേന്ദ്രവിജിലൻസ് കമ്മീഷൻ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും വകുപ്പ് ലംഘിക്കുകയാണുണ്ടായത്. മറ്റ് രണ്ട് വിൽപന ക്കാരുടെ ഉൽപന്നങ്ങൾ പാനസോണിക്കിനെ തെരഞ്ഞെടുക്കും മുമ്പ് കെൽട്രോൺ വിലയിരുത്തിയിരുന്നു എന്ന വാദവും സ്വീകാര്യമല്ല, കാരണം അന്തിമ ഉൽപന്നം തെരഞ്ഞെടുക്കുംമുമ്പ് താരതമ്യത്തിനും വിലയിരുത്തലിനുമായി മറ്റ് വിവിധ ബ്രാൻഡുകളുടെ വിൽപ്പനക്കാരിൽ നിന്ന് താൽപ്പര്യ പത്രം (ഇഒഐ) ക്ഷണിച്ച് സുതാര്യമായ നടപടിക്രമം പാലിച്ചതിനുശേഷമാണ് പാനസോണിക്കിനെ തെരഞ്ഞെടുത്തത് എന്ന് സ്ഥാപിക്കാൻ തെളിവില്ല. 2015 ഫെബ്രുവരി 28-ലെ ഇ-ടെൻഡർ പുറപ്പെടുവിക്കുന്നതിന് മുമ്പ് കെൽട്രോണും പാനസോണിക്കും തമ്മിലുള്ള ഇമെയിൽ കത്തിടപാടുകൾ പരിശോധിച്ചതിൽ പാനസോണിക്കിന് വിതരണ ഉത്തരവ് കിട്ടുമെന്ന് തീർച്ചയായിരുന്നു എന്ന് കാണിക്കുന്നു. കൂടാതെ കെൽട്രോൺ 'പാനാസോണിക് റഗ്ഗ്ഡ് 7'' വൈഫൈ 3ജി സിം സ്ലോട്ട് എഫ്ഇസഡ് ബി2' എന്ന ഉപകരണം വിതരണം ചെയ്യുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും വേണ്ടിയുള്ള ഇ-ടെൻഡർ 2015 ഫെബ്രുവരി 28-ന് പുറപ്പെടുവിച്ച സമയത്തിന് മുൻപേതന്നെ അവർ പാനാസോണിക്കുമായി ബന്ധപ്പെട്ടിരിക്കുകയും ഉൽപന്നത്തിന്റെ ഫീൽഡ് ടെസ്റ്റിംഗ് 2015 ഫെബ്രുവരിയിൽ നടന്നുകൊണ്ടിരിക്കുകയും ആയിരുന്നു എന്ന വസ്തുത വ്യക്തമാക്കുന്നത് ഇ-ടെൻഡർ പരസ്യം ഒരു തന്ത്രം മാത്രമായിരുന്നു എന്നാണ്.

ഉൽപന്നത്തിന്റെ അവസാനവില പോലീസ് വകുപ്പിന് സ്വീകാര്യമാവുന്ന തരത്തിലും കെൽട്രോണിന് അവരുടെ ലാഭശതമാനം ലഭിക്കുന്ന വിധത്തിലും വിൽപ്പനക്കാരനുമായി ആലോചിച്ചിട്ട് ഉൽപന്നത്തിന്റെ വില നിയന്ത്രിച്ചതും കെൽട്രോണായിരുന്നു. കക്ഷികൾ തമ്മിലുള്ള അവിശുദ്ധ ബന്ധവും തൽഫലമായി സംഭരണ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനവും ഖണ്ഡികയിൽ നിന്നും വ്യക്തമായി തെളിയുന്നതിനാൽ, വിവിധ കക്ഷികളോട് ചർച്ച നടത്തിയെന്നല്ലാതെ, അവിശുദ്ധ ബന്ധം ഉണ്ടായിരുന്നില്ല എന്ന കേരളസർക്കാറിന്റെ വാദഗതി വസ്തുനിഷ്ഠമല്ല.

### 2.14.2. വോയ്സ് ലോഗ്ഗർ സിസ്റ്റത്തിന്റെ സംഭരണം

30 വോയ്സ് ലോഗ്ഗറുകൾ (യൂണിറ്റിന് ₹3 ലക്ഷം വീതം) വാങ്ങാൻ വേണ്ടി ₹90 ലക്ഷത്തിന്റെ അനുമതി ഉണ്ടെന്നും അത് സംഭരിച്ച് നൽകുന്നതിനുള്ള ഒരു ടെക്നോ കമേഴ്ഷ്യൽ നിർദ്ദേശം കെൽട്രോൺ നൽകണമെന്നും പോലീസ് വകുപ്പ് കെൽട്രോണിനെ അറിയിച്ചു (2015 ജനുവരി). യൂണിറ്റിന് ₹3.07 ലക്ഷം വച്ച് അഞ്ചു യൂണിറ്റുകൾ നൽകാമെന്ന് സമ്മതിച്ച് ഒരു നിർദ്ദേശം കെൽട്രോൺ പോലീസ് വകുപ്പിന് നൽകി (2015 മാർച്ച്). പരസ്പര ധാരണയിലെത്തി യൂണിറ്റിന് ₹3 ലക്ഷം എന്ന നിരക്കിൽ പോലീസ് വകുപ്പ് കെൽട്രോണിന്റെ നിർദ്ദേശം സ്വീകരിച്ചു. തുടർന്ന് പോലീസ് വകുപ്പ് 10 യൂണിറ്റ് വോയ്സ് ലോഗ്ഗറുകൾ ₹30 ലക്ഷത്തിന് വിതരണം ചെയ്യാനുള്ള വർക്ക് ഓർഡർ കെൽട്രോണിന് നൽകി (2015 ഏപ്രിൽ). കെൽട്രോൺ ഉൽപന്നം നൽകുകയും ₹30 ലക്ഷത്തിന്റെ ഇൻവോയ്സ് 2015 ആഗസ്റ്റ് 31-ന് പോലീസ് വകുപ്പിന് സമർപ്പിക്കുകയും ചെയ്തു. ഉപകരണം സ്ഥാപിച്ചതിനുശേഷം 2016 ജനുവരി 16-ന് പൂർത്തിയാക്കൽ സർട്ടിഫിക്കറ്റ് പോലീസ് വകുപ്പിന് നൽകുകയും ചെയ്തു. പ്രതിഫലമായ ₹30 ലക്ഷം 2016 സെപ്റ്റംബറിൽ കെൽട്രോണിന് നൽകി.

വോയ്സ് ലോഗ്ഗറുകൾ സംഭരിച്ചത് മിതവിലയ്ക്കും സുതാര്യമായ രീതിയിലുമാണോ എന്നറിയാൻ കെൽട്രോൺ സൂക്ഷിച്ചിരുന്ന രേഖകൾ ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. അതിൽനിന്നും, പോലീസ് വകുപ്പിൽ നിന്ന് ടെക്നോ

കമേഴ്ഷ്യൽ നിർദ്ദേശത്തിനുള്ള അഭ്യർത്ഥന ലഭിച്ചശേഷം കെൽട്രോൺ മെസേർസ് തേഡ് എന്റിറ്റി സെക്യൂരിറ്റി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് യൂണിറ്റിന് വില ₹2.60 ലക്ഷം വച്ച് 30 എണ്ണം എട്ട്-പോർട്ട് വോയ്സ് ലോഗ്ഗറുകൾ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷനുകൾ കരസ്ഥമാക്കിയിരുന്നു (2015 ഫെബ്രുവരി 27) എന്ന് കണ്ടു. യൂണിറ്റിന് വില ₹2.07 ലക്ഷത്തിന് വോയ്സ് ലോഗ്ഗറുകൾ വിതരണം ചെയ്യാനുള്ള ഒരു പുതുക്കിയ നിർദ്ദേശവും അവരിൽ നിന്ന് കെൽട്രോണിന് ലഭിച്ചിരുന്നു. ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് 30 വോയ്സ് ലോഗ്ഗറുകൾ യൂണിറ്റിന് ₹3.07 ലക്ഷം വിലയ്ക്ക് വിതരണം ചെയ്യാമെന്ന നിർദ്ദേശം കെൽട്രോണും സമർപ്പിച്ചത് (2015 മാർച്ച്).

എഡിജിപി (നവീകരണം) തനിക്ക് മെസേർസ് ലോ അബൈഡിംഗ് ടെക്നോളജീസ് (എൽഎറ്റി) ന്യൂഡൽഹിയിൽ നിന്നും ലഭിച്ച (2015 മാർച്ച് 07) 8-ചാനൽ വോയ്സ് ലോഗ്ഗറിന് യൂണിറ്റ് വില നികുതി ഒഴിച്ച് ₹1.72 ലക്ഷം എന്ന നിരക്കിൽ ഒരു വാണിജ്യ നിർദ്ദേശം അടങ്ങിയ ഒരു ഇ മെയിൽ കെൽട്രോണിന് കൈമാറിയിരുന്നുവെന്ന് (2015 മാർച്ച് 09) കെൽട്രോണിന്റെ രേഖകളിൽ നിന്ന് ഓഡിറ്റ് കണ്ടെത്തി. കെൽട്രോൺ മുന്നോട്ടു വച്ച നിരക്കുകൾ സാധാരണ വിപണി വിലയേക്കാൾ കൂടുതലായതിനാൽ സ്വീകാര്യമല്ലെന്നും കെൽട്രോണിനെ അറിയിച്ചിരുന്നു (2015 മാർച്ച് 09).

കെൽട്രോൺ പിന്നീട് എൽഎറ്റിയിൽ നിന്ന് ഒന്നു മുതൽ അഞ്ചുവരെ യൂണിറ്റ് 16-ചാനൽ വോയ്സ് ലോഗ്ഗറുകൾ യൂണിറ്റിന് നികുതി ഒഴിച്ച് ₹2.40 ലക്ഷം വിലയും ഒരു വർഷത്തെ വാറന്റിയും ഉൾപ്പെടെ വിതരണം ചെയ്യുന്നതിനുള്ള ഒരു വാണിജ്യ നിർദ്ദേശം വാങ്ങി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതനുസരിച്ച് കെൽട്രോൺ പോലീസ് വകുപ്പിന് വോയ്സ് ലോഗ്ഗറുകൾ യൂണിറ്റിന് ₹3.07 ലക്ഷം നിരക്കിൽ വിതരണം ചെയ്യാം എന്ന് സമ്മതിച്ചുകൊണ്ട് ഒരു പുതുക്കിയ നിർദ്ദേശം സമർപ്പിച്ചു. പോലീസ് വകുപ്പ് കൂടിയാലോചനവഴി യൂണിറ്റിന് ₹ മൂന്ന് ലക്ഷത്തിന് സമ്മതിച്ച് കെൽട്രോണിന്റെ നിർദ്ദേശം സ്വീകരിക്കുകയും ₹30 ലക്ഷത്തിന് 10 യൂണിറ്റുകൾ നൽകാനായി കെൽട്രോണിന് വിതരണ ഉത്തരവ് നൽകുകയും ചെയ്തു (2015 മാർച്ച്). ഉപകരണങ്ങൾ എത്തിച്ചു കൊടുക്കുകയും (2016 ജനുവരി) 2016 സെപ്റ്റംബറിൽ വില നൽകുകയും ചെയ്തു.

എഡിജിപി (നവീകരണം)യിൽ നിന്ന് എൽഎറ്റിയുടെ വാണിജ്യ നിർദ്ദേശം ലഭിച്ചു കഴിഞ്ഞതിനുശേഷം കെൽട്രോൺ വോയ്സ് ലോഗ്ഗറുകൾ വിതരണം ചെയ്യാനായി ആദ്യം കണ്ടെത്തിയ മെസേർസ് തേഡ് എന്റിറ്റി സെക്യൂരിറ്റി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന വില്പനക്കാരെ ഉപേക്ഷിച്ചു കളഞ്ഞു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എൽഎറ്റിയുമായി അവർ കൂടിയാലോചന തുടങ്ങുകയും വ്യവസ്ഥകൾക്ക് അന്തിമ രൂപം നൽകുകയും ചെയ്തു. എൽഎറ്റിയുമായി വ്യാപാര ഇടപാട് ഉറപ്പിക്കുന്നതിന് മുമ്പ് ആദ്യത്തെ വിൽപ്പനക്കാരായ മെസേർസ് തേഡ് എന്റിറ്റി സെക്യൂരിറ്റി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് ഉൾപ്പെടെയുള്ള മറ്റ് വില്പനക്കാരിൽ നിന്ന് മത്സരസ്വഭാവമുള്ള നിരക്കുകൾ ലഭ്യമാക്കുന്നതിന് കെൽട്രോൺ ഒരു ശ്രമവും നടത്തിയില്ല. കെൽട്രോൺ വോയ്സ് ലോഗ്ഗറുകൾ പോലീസ് വകുപ്പിന് നൽകിയത് വകുപ്പ് അതിനുവേണ്ടി വക കൊള്ളിച്ച് അവരെ അറിയിച്ച അതേ തുകയ്ക്ക് തന്നെയാണ് എന്ന് കണ്ടു. സുതാര്യതയും ലേലത്തിൽ പങ്കെടുക്കാൻ എല്ലാവർക്കും തുല്യ അവസരവും ഉറപ്പുവരുത്തുന്നതിനായി പൊതുസംഭരണം നടത്തുന്നത് തുറന്ന/നിയന്ത്രിത ദർഘാസ് വഴി മാത്രം ആയിരിക്കണം എന്ന സ്റ്റോഴ്സ് പർച്ചേസ് മാനുവൽ/കേന്ദ്രവിജിലൻസ് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടു. ബന്ധപ്പെട്ട നിയമ വ്യവസ്ഥകൾ പാലിച്ചാണ് നടപടിക്രമങ്ങൾ നടത്തിയതെന്ന് സ്ഥിരീകരിച്ചാലെ പണം കൊടുക്കാവൂ എന്ന വർക്ക് ഓർഡറിലെ വ്യവസ്ഥ കെൽട്രോൺ പാലിക്കാതിരുന്നിട്ടും, കെൽട്രോൺ വ്യവസ്ഥ നിറവേറ്റി എന്ന് തെറ്റായി എസ്പിസി സർക്കാരിനെ അറിയിച്ചു (2016 മേയ്). പൊതുസംഭരണത്തിന് കേന്ദ്ര വിജിലൻസ് കമ്മീഷൻ നിർബന്ധമാക്കിയിട്ടുള്ള വ്യവസ്ഥകളൊന്നും പാലിക്കാതെ വോയ്സ് ലോഗ്ഗറുകളുടെ സംഭരണത്തിൽ എഡിജിപി (നവീകരണം), എൽഎറ്റി, കെൽട്രോൺ എന്നിവരുടെ അവിശുദ്ധ കൂട്ടുകെട്ട് സംഭരണ പ്രക്രിയ നിഷ്ഫലമാക്കി.

കെൽട്രോണിന്റെ അംഗീകൃത ടിഎസ്പി ചാർജ്ജിനുമുകളിൽ അവർ നേടിയ ലാഭം തിരിച്ചടയ്ക്കാൻ അവർക്ക് നിർദ്ദേശം നൽകുമെന്നും അങ്ങനെ ചെയ്തില്ലെങ്കിൽ അവർക്ക് കൊടുക്കാനുള്ള പണത്തിൽ നിന്ന് കുറവു ചെയ്യുമെന്നും കേരള സർക്കാർ (2019 മേയ്) പ്രസ്താവിച്ചു. ദർഘാസ് വിളിക്കാതിരിക്കാനുള്ള കാരണം ഫയലിൽ വ്യക്തമാക്കിയിട്ടുണ്ടായിരുന്നെന്നും അത് ഒരു നിരീക്ഷണ ഉപകരണം എന്ന നിലയിൽ അതിന്റെ രഹസ്യസ്വഭാവം കണക്കിലെടുത്തായിരുന്നു എന്നും ഓഡിറ്റിനെ അറിയിച്ചു. ഈ മറുപടി നിലനിൽക്കുന്നതല്ല കാരണം ഓഡിറ്റ്, ഫയലിൽ അത്തരമൊരു കുറിപ്പ് കണ്ടിരുന്നില്ല. യഥാർത്ഥത്തിൽ ഒരു കത്തിൽ (2015 മാർച്ച് 09) എസ്പിസി കെൽട്രോണിനെ അറിയിച്ചതിപ്രകാരമാണ് ''*ന്യായമായ ഒരു നിരക്കു നിർദ്ദേശിക്കുക വഴി ഒരു തൃപ്തികരമായ പരിഹാരം ഉണ്ടാക്കിയില്ലെങ്കിൽ ഇതിന്റെ വാങ്ങലിനായി പോലീസ് ആസ്ഥാനം ഈ ഏർപ്പാടിന്റെ രഹസ്യ സ്വഭാവം പരിഗണിച്ച് ഒരു നിയന്ത്രിത ദർഘാസിലേക്കു പോകാൻ നിർബന്ധിതമാകും.*'' കെൽട്രോണിന് ഈ കത്തയച്ച ദിവസം തന്നെയാണ് എൽഏറ്റിയിൽ നിന്നു എഡിജിപി (നവീകരണ) ത്തിന് ലഭിച്ച വാണിജ്യ നിർദ്ദേശം കെൽട്രോണിന് അയച്ചത് എന്നത് രസകരമാണ്. സംഭരണം നിയന്ത്രിത ദർഘാസ് വഴി വേണമെന്നും കെൽട്രോൺ മുന്നോട്ടുവച്ച നിരക്ക് കൂടുതലാണെന്നും അറിയാമായിരുന്നിട്ടും സംഭരണം കെൽട്രോൺ വഴി വേണമെന്ന എസ്പിസിയുടെ നിർബന്ധ ബുദ്ധി, പ്രക്രിയയിലെ സംശയകരമായ ഉദ്ദേശ്യങ്ങളെയും സുതാര്യതയുടെ അഭാവത്തെയുമാണ് കാണിക്കുന്നത്.

### 2.14.3. വാഹനത്തിൽ ഘടിപ്പിച്ച എക്സ്റേ ബാഗേജ് ഇൻസ്പെക്ഷൻ സിസ്റ്റത്തിന്റെ സംഭരണം

2014-15-ലെ എഎപിയിൽ പോലീസ് വകുപ്പിനു വാഹനത്തിൽ ഘടിപ്പിക്കാവുന്ന രണ്ടു എക്സ്റേ ബാഗ്ഗേജ് ഇൻസ്പെക്ഷൻ സിസ്റ്റം വാങ്ങുന്നതിന് ₹1.95 കോടി അനുവദിച്ചിരുന്നു. 2014 ഡിസംബറിൽ കേരളസർക്കാർ അത് വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകി. അതനുസരിച്ച് എസ്പിസി നിലവാരമുള്ള ഉൽപാദകർ/ അംഗീകൃത വ്യാപാരികൾ എന്നിവരിൽ നിന്ന് വാഹനത്തിൽ ഘടിപ്പിച്ച എക്സ്റേ ബാഗേജ് ഇൻസ്പെക്ഷൻ സിസ്റ്റം വിതരണം നടത്തി, സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി നൽകുന്നതിനായി ഓൺലൈൻ ബിഡുകൾ ക്ഷണിച്ചു (2015 മാർച്ച്). ഇതിനിടെ എസ്പിസി എക്സ്റേ ബാഗേജ് സിസ്റ്റം ഘടിപ്പിക്കുന്നതിന് രണ്ടു ഫോഴ്സ് ട്രാവലർ 20 സീറ്റർ വാഹനങ്ങൾ ₹17.18 ലക്ഷത്തിന് ഡിജിഎസ്&ഡി നിരക്കിൽ വാങ്ങി (2015 മേയ്).

സാധുവായ ഒരു ബിഡ് മാത്രം (മെസേർസ് ഇസിഐഎൽ റാപ്പിസ്കാൻ ലിമിറ്റഡ്) ലഭിച്ചതുകാരണം എക്സ്റേ ബാഗേജ് സിസ്റ്റം വാങ്ങുന്നതിനുവേണ്ടി ഇറക്കിയ ദർഘാസ് റദ്ദു ചെയ്തു (2015 ഏപ്രിൽ). എക്സ്റേ ബാഗേജ് സിസ്റ്റം വാങ്ങുന്നതിന് വീണ്ടും (2015 ജൂൺ) ദർഘാസ് പുറപ്പെടുവിച്ചു. നാലു വ്യവസായ സ്ഥാപനങ്ങളുടെയും (മെസേർസ് ഇസിഐഎൽ റാപ്പിസ്കാൻ ലിമിറ്റഡ് ഹൈദരബാദ് ഉൾപ്പെടെ) ഫിനാൻഷ്യൽ ബിഡ് തുറന്നില്ല കാരണം അവരൊന്നും ടെക്നിക്കൽ ഇവാല്യുഷേൻ കമ്മിറ്റിക്കു മുമ്പാകെ വാഹനത്തിൽ ഘടിപ്പിച്ച സ്കാനേഴ്സ് ഹാജരാക്കിയില്ല. എകസ്റേബാഗേജ് സിസ്റ്റം വാങ്ങുന്നതിനായി എസ്പിസി വീണ്ടും ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചെങ്കിലും (2016 ഫെബ്രുവരി) കിട്ടിയ ഒരേ ഒരു ദർഘാസ് (മെസേർസ് ഇസിഐഎൽ റാപിസ്കാൻ ലിമിറ്റഡ്) മതിയായ ബിഡ്ഡർമാരില്ലെന്ന കാരണത്താൽ സ്വീകരിച്ചില്ല.

രണ്ടു വെഹിക്കിൾ മൗണ്ടഡ് എക്സ്റേ ബാഗേജ് സിസ്റ്റം വാങ്ങുന്നതിന് ₹1.95 കോടിയുടെ ലഭ്യതയുണ്ട് എന്നും എന്നാൽ ദർഘാസ് നൽകിയവർ ടെക്നിക്കൽ ഇവാല്യുഷൻ കമ്മിറ്റി മുമ്പാകെ അവരുടെ ഉൽപന്നങ്ങൾ പ്രവർത്തിപ്പിച്ചു കാണിക്കാൻ പരാജയപ്പെട്ടതിനാൽ സംഭരണത്തിനു കഴിയുന്നില്ലെന്നും എസ്പിസി കെൽട്രോണിനെ അറിയിച്ചിരുന്നുവെന്ന (2017 ജനുവരി) വിവരം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വാഹനത്തിൽ ഘടിപ്പിച്ച രണ്ടു എക്സ്റേ ബാഗേജ് സിസ്റ്റങ്ങൾ ₹1.40 കോടിയ്ക്ക് നൽകി സജ്ജീകരിച്ചുകൊടുക്കാനായി വകുപ്പ് സ്വന്തം ചിലവിൽ ആ വാഹനങ്ങൾ മെസേർസ് ഇസിഐഎൽ റാപിസ്കാൻ ലിമിറ്റഡ്,

ഹൈദരബാദിൽ രണ്ടു മാസത്തേക്ക് അയച്ച് അതിന്റെ ഫാബ്രിക്കേഷൻ ജോലി നടത്തണം എന്ന ഒരു നിർദ്ദേശം കെൽട്രോൺ മുമ്പോട്ടു വച്ചത് (2017 ഫെബ്രുവരി) വകുപ്പ് സ്വീകരിച്ചു (2017 മാർച്ച്). നാല് മാസത്തിനകം പൂർത്തിയാക്കണമെന്ന വ്യവസ്ഥയോടുകൂടി കരാറിൽ ഏർപ്പെട്ടു (2017 മാർച്ച്). കെൽട്രോൺ 2018 ആഗസ്റ്റിൽ വാഹനങ്ങൾ നൽകി.

എസ്പിസിയുടെ സംഭരണ രീതിയിൽ ഓഡിറ്റ് ക്രമക്കേടുകൾ കണ്ടു. ഓൺലൈൻ ദർഘാസ് രേഖകളുടെ 10-ാം ഉപഖണ്ഡം വ്യക്തമായി തറപ്പിച്ചു പറയുന്നത് 'വ്യാപാരസ്ഥാപനങ്ങൾക്ക് ലൈവ് ഡെമോൺസ്ട്രേഷൻ നടത്താൻ സാധിക്കാതെ വന്നാൽ അവർ ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റിയെ കാരണം ബോദ്ധ്യപ്പെടുത്തേണ്ടതും ഡോക്യുമെന്ററി/അസൽ ഉൽപന്ന ബ്രോഷറുകൾക്കൊപ്പം പവ്വർപോയിന്റ് അവതരണം/സിഡികൾ/സ്കെയിൽ മോഡലുകൾ/വീഡിയോകൾ/സ്ലൈഡ് ഷോകൾ മുതലായവയോടുകൂടി ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റിക്കു പൂർണ്ണമായി ബോദ്ധ്യപ്പെടുത്തുകയും വേണം.' ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റി നൽകിയ റിപ്പോർട്ടനുസരിച്ച് (2015 ആഗസ്റ്റ്) 'സ്ഥാപനങ്ങളൊന്നും വാഹനത്തിൽ ഘടിപ്പിച്ച സ്കാനറിന്റെ അസൽ ഹാജരാക്കിയില്ല. അവർ ബ്രോഷറുകൾ ഹാജരാക്കുകയും പവർപോയിന്റ് അവതരണം നടത്തുകയും മാത്രമേ ചെയ്തുള്ളൂ. നേരിട്ട് കാണിച്ച് ബോദ്ധ്യപ്പെടുത്താതെ വാഹനത്തിൽ ഘടിപ്പിച്ച സ്കാനർ വിതരണം ചെയ്യാനുള്ള ഒരു സ്ഥാപനത്തിന്റെ കഴിവ് പവർപോയിന്റ് അവതരണത്തിലൂടെ മാത്രം ഫലപ്രദമായി വിലയിരുത്താൻ കഴിയില്ല എന്ന് സമർപ്പിക്കുന്നു.'

പവർപോയിന്റ് അവതരണം/അസൽ ഉൽപന്നത്തിന്റെ ബ്രോഷർ/സിഡി മുതലായവ മതിയാകുമെന്ന് ദർഘാസ് പ്രമാണങ്ങളിൽ അനുവദിച്ചിരുന്നിട്ടും നേരിട്ടുള്ള ബോദ്ധ്യപ്പെടുത്തൽ വേണമെന്ന ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റിയുടെ നിർബന്ധ ബുദ്ധി ക്രമരഹിതമായിരുന്നെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ദർഘാസ് സമർപ്പിച്ചവരിൽ, ഒരു കേന്ദ്രസർക്കാർ സംയുക്ത സംരംഭം ആയ ഇസിഐഎൽ റാപിസ്കാൻ ലിമിറ്റഡ് (ഐഎസ്ഒ 9001-2008 സർട്ടിഫൈഡ് കമ്പനി) എന്ന സ്ഥാപനമുണ്ടായിരുന്നു എന്നും അവരുടെ ബിഡ് എസ്പിസി മൂന്നു തവണ അതായത്, ഒറ്റ ബിഡ്ഡർ എന്ന നിലയിൽ രണ്ടു തവണയും ടെക്നിക്കൽ ഇവാലുവേഷൻ കമ്മിറ്റി മുമ്പാകെ നേരിട്ടുള്ള പ്രദർശനത്തിന് പകരം പവ്വർപോയിന്റ് അവതരണം എന്ന നിലയിൽ ഒരു തവണയും തള്ളിക്കളഞ്ഞിരുന്നു എന്നും ഓഡിറ്റ് കണ്ടു. നാമനിർദ്ദേശം വഴി കെൽട്രോണിനു പ്രവൃത്തി ലഭിക്കും മുമ്പ് പവ്വർപോയിന്റ് അവതരണം/ലൈവ് ഡെമോൺസ്ട്രേഷൻ അവർ നടത്തിയിരുന്നുവെന്നതിന് തെളിവൊന്നുമില്ല എന്നത് രസകരമാണ്. ടെക്നിക്കൽ കമ്മിറ്റി ദർഘാസുകൾ ക്രമവിരുദ്ധമായി നിരസിച്ചതു കാരണമാണ് പ്രവൃത്തി കെൽട്രോണിനു ലഭിച്ചത്. ഇസിഐഎൽ റാപിസ്കാൻ ലിമിറ്റഡ് എന്ന വിൽപനക്കാരനിൽ നിന്നു തന്നെയാണ് കെൽട്രോൺ ഉപകരണം വാങ്ങി പോലീസ് വകുപ്പിന് എത്തിച്ച് സജ്ജീകരിച്ചു കൊടുത്തത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഇസിഐഎൽ റാപിസ്കാൻ ലിമിറ്റഡിന്റെ ഫിനാൻഷ്യൽ ബിഡ് തുറക്കാതിരുന്നതിനാൽ പോലീസ് വകുപ്പ് ഇസിഐഎൽ റാപിസ്കാൻ ലിമിറ്റഡ് വഴി നേരിട്ടു പ്രവൃത്തി നടത്തിക്കാതെ കെൽട്രോൺ മുഖേന നടത്തിച്ചതു വഴി വന്ന നഷ്ടം വിലയിരുത്താൻ ഓഡിറ്റിനായില്ല. എന്നാൽ മുകളിൽ പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ എസ്പിസി നാമനിർദ്ദേശ അടിസ്ഥാനത്തിൽ പ്രവൃത്തി കെൽട്രോണിനു നൽകിയത് യുക്തിക്കു നിരക്കാത്തതും സംശയാസ്പദവുമാണ് എന്ന് തീർച്ചയായും അനുമാനിക്കാവുന്നതാണ്.

അന്തിമകൂടിക്കാഴ്ചയിൽ (2019 ഏപ്രിൽ) എസ്പിസി പറഞ്ഞത് കെൽട്രോൺ ആദ്യം കോട്ട് ചെയ്തിരുന്ന വില രണ്ടു സിസ്റ്റത്തിനും കൂടി ₹140 ലക്ഷം ആയിരുന്നെങ്കിലും ടിഎസ്പിയുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് വകുപ്പ് കെൽട്രോണിനു കൊടുക്കേണ്ട വില കണക്കുകൂട്ടി ഉപകരണത്തിന്റെ വിലയും അനുബന്ധ ചെലവുകളും കൂടി ഏകദേശം ₹70 ലക്ഷം മാത്രം നൽകാനാണ് സമ്മതിച്ചിരുന്നത് എന്നാണ്. ഇക്കാര്യത്തിൽ വിലവർദ്ധന

ശ്രദ്ധയിൽ പെട്ടെന്നും അതു പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടെന്നും കേരളസർക്കാർ പ്രസ്താവിച്ചു (2019 മേയ്). ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റി ലൈവ് ഡെമോൺസ്ട്രേഷൻ വേണമെന്നു നിർബന്ധിച്ചതിനെ സർക്കാർ ന്യായീകരിക്കുകയും ദർഘാസിൽ പങ്കെടുത്ത സ്ഥാപനങ്ങളൊന്നും ഇത്തരം ജോലിയിൽ മുൻപരിചയമുള്ളവരായിരുന്നില്ല എന്ന് പറയുകയും ചെയ്തു. ഈ മറുപടി ശരിയല്ല, എന്തെന്നാൽ കെൽട്രോണിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വെളിപ്പെട്ടത് ഇസിഐഎൽ റാപിസ്കാൻ ലിമിറ്റഡ് ''ഇസിഐഎൽ റാപിസ്കാൻ (റാപിസ്കാൻ ആർ ഏപി 620 എക്സ് ആർ) വാഹനത്തിൽ ഘടിപ്പിച്ച എക്സ്ബിഐഎസ് ബാഗേജ് സ്ക്രീനിംഗ് സിസ്റ്റം'' എന്ന പേരിൽ ഒരു അഡ്വാൻസ്ഡ് സെൽഫ് കണ്ടെയ്ൻഡ് മൊബൈൽ സ്കാനിംഗ് സിസ്റ്റം വികസിപ്പിച്ചെടുക്കുകയും വിൽപനയ്ക്ക് ലഭ്യമാക്കുകയും ചെയ്തു എന്നാണ്. കൂടാതെ, ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റിയുടെ മിനിറ്റ്സ് വെളിപ്പെടുത്തുന്നത്, ഇസിഐഎൽ റാപ്പിസ്കാൻ ലിമിറ്റഡ് നേരിട്ടുള്ള തെളിയിക്കൽ ഹൈദരാബാദിൽ നടത്താൻ തയ്യാറായിരുന്നു എന്നതാണ്.

### 2.14.4. ശബരിമലയ്ക്ക് വേണ്ടി ഒരു സുരക്ഷാ ഉപകരണം വാങ്ങൽ

കേരളസർക്കാർ ശബരിമലയ്ക്കുവേണ്ടി 30 സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്ക് ₹11.36 കോടിയുടെ ഭരണാനുമതി നൽകി (ജനുവരി 2017). എസ്പിസി 30 സുരക്ഷാ ഉപകരണങ്ങളുടെ യൂണിറ്റ് വിലയും മൊത്തവിലയും അറിയിച്ചതിനുശേഷം വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് കെൽട്രോണിൽ നിന്ന് തേടി (2017 ജൂലൈ). 28 ഇനത്തിന്റെ വിലവിവരം ₹8.23 കോടി കാണിച്ച് യൂണിറ്റ് വില, വകുപ്പ് നിർദ്ദേശിച്ചിരുന്ന വിലയുമായി കൃത്യമായി പൊരുത്തപ്പെടുന്ന ഒരു ടെക്നോ കമേഴ്ഷ്യൽ ബിഡ് കെൽട്രോൺ പോലീസ് വകുപ്പിന് നൽകി (2017 ജൂലൈ). സംഭരണത്തിനായി പോലീസ് വകുപ്പ് തിരുവനന്തപുരം റേഞ്ച് ഐജി ചെയർമാനായി ഒരു അഞ്ചംഗ ടെക്നിക്കൽ കം ഫിനാൻഷ്യൽ ഇവാല്യുവേഷൻ കമ്മറ്റി (കമ്മറ്റി) രൂപീകരിച്ചു (2017 ആഗസ്റ്റ്). കമ്മിറ്റി 2017 ആഗസ്റ്റ് 22-ന് നൽകിയ റിപ്പോർട്ടിൽ കെൽട്രോൺ നിർദ്ദേശിച്ച ഉപകരണം അനുയോജ്യമാണെങ്കിലും വില ശരാശരി കമ്പോള വിലയേക്കാൾ രണ്ടു മൂന്ന് ഇരട്ടിയാണ് എന്നു പറഞ്ഞിരുന്നു. കെൽട്രോൺ നൽകിയ വിശദീകരണത്തിൽ (സെപ്റ്റംബർ 2017) അവർ കോട്ട് ചെയ്തിരുന്നതിൽ അധികവും ഉയർന്ന ഗുണനിലവാരവും പ്രശസ്ത നിർമ്മിതിയിൽപ്പെട്ടവയുമാണെന്നും 'നിർദ്ദേശം ബജറ്റ് തുകയിൽ കൂടാതെ നോക്കണമെന്നുള്ളതിനാൽ കുറച്ച് ഇനങ്ങളുടെ മാർജിൻ മറ്റുള്ളവയുടെ നെഗറ്റീവ് മാർജിനിൽ തട്ടിക്കിഴിച്ചിട്ടുണ്ടെന്നും' പറഞ്ഞു. കമ്മറ്റി ഉയർന്ന വില കോട്ട് ചെയ്യാനുള്ള കെൽട്രോണിന്റെ വിശദീകരണം സ്വീകരിച്ച് കെൽട്രോണിൽ നിന്നു സംഭരണം നടത്താൻ എസ്പിസിയോട് ശുപാർശ ചെയ്തുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തുടർന്ന് അഞ്ചുതരം സുരക്ഷാ ഉപകരണങ്ങൾ അവർ നിർദ്ദേശിച്ചിരുന്ന വിലയ്ക്ക് 2017 ഒക്ടോബർ 31-നകം നൽകുന്നതിനുള്ള വിതരണ ഉത്തരവ് നൽകി (2017 ഒക്ടോബർ 11). കെൽട്രോൺ മൂന്ന് ഇനം ഉപകരണങ്ങൾ ശബരിമല ഉത്സവ സീസൺ അവസാനിക്കാറായപ്പോൾ നൽകുകയും വില ₹2.67 കോടി 2018 മാർച്ച് 23-ന് കൈപ്പറ്റുകയും ചെയ്തു.

കമ്പോളവിലയുടെ രണ്ടുമൂന്നിരട്ടി വില പോലീസ് വകുപ്പിൽ നിന്ന് ഈടാക്കുന്നതിന് കെൽട്രോൺ നൽകിയിരുന്ന വിശദീകരണം കമ്മിറ്റി സ്വീകരിച്ചത് തെറ്റായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അത്, പൊതു സംഭരണം സുതാര്യമായ ദർഘാസ് രീതിയിലൂടെ ഏറ്റവും അനുയോജ്യമായ നിരക്കുകളുടെ അടിസ്ഥാനത്തിലായിരിക്കണം എന്ന കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങളുടെ ലംഘനവുമാണ്. കമ്മറ്റിയുടെ ശുപാർശ സ്വീകരിച്ചതും കേന്ദ്രവിജിലൻസ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കെൽട്രോണിനെ ജോലി ഏല്പിച്ചതും ആയ എസ്പിസിയുടെ നടപടി **പട്ടിക 2.10**-ൽ കാണിക്കും വിധം കുറഞ്ഞത് ₹1.50 കോടിയുടെ നഷ്ടത്തിന് ഇടയാക്കി.

**പട്ടിക 2.10: സംഭരിച്ച ഉപകരണങ്ങളുടെ വിവരങ്ങൾ**

*(₹ ലക്ഷത്തിൽ)*

| ഉപകരണത്തിന്റെ പേര് | എണ്ണം | കെൽട്രോണിനു നൽകിയ തുക | കമ്പോളവില കമ്മിറ്റി തീരുമാനിച്ചത് | അധികമായി നൽകിയ തുക |
|---|---|---|---|---|
| മൾട്ടിസോൺ ഡിഎഫ്എംഡി[22] | 19 | 122.84 | 57.00 | 65.84 |
| ഡിഎസ്എംഡി[23] മൈൻ സ്വീപ്പർ | 10 | 39.79 | 30.00 | 9.79 |
| എൻഎൽജെഡി[24] | 3 | 104.49 | 30.00 | 74.49 |
| **ആകെ** | | **267.12** | **117.00** | **150.12** |

*(അവലംബം: പോലീസ് ആസ്ഥാനത്തിൽ നിന്നു കിട്ടിയ വിവരങ്ങൾ)*

ഫണ്ടു വിട്ടു നൽകൽ 2017 സെപ്റ്റംബർ ഒടുവിൽ ആയിരുന്നെന്നും ശബരിമല സീസൺ നവംബർ മദ്ധ്യത്തിൽ തുടങ്ങും എന്നതിനാലാണ് ഒരു ടിഎസ്പി എന്ന നിലയിൽ കെൽട്രോണിന്റെ സഹായം പോലീസ് വകുപ്പ് തേടിയതെന്നും കേരള സർക്കാർ പ്രസ്താവിച്ചു (2019 മാർച്ച്). ദർഘാസ് ഒഴിവാക്കി ശബരിമലയ്ക്കാവശ്യമായ ചില ഉപകരണങ്ങൾ വാങ്ങണമെന്ന ഒരു ഹൈക്കോടതി ഉത്തരവും കേരളസർക്കാർ പരാമർശിക്കുകയുണ്ടായി. പോലീസ് വകുപ്പ്, ഓഡിറ്റ് ചൂണ്ടിക്കാണിച്ച 30-ൽ അഞ്ച് ഇനങ്ങളുടെ ദർഘാസ് വിളിച്ചിരുന്നതായും നാല് ഇനങ്ങൾക്ക് ആവശ്യത്തിനുള്ള ബിഡ്ഡർമാർ ഉണ്ടായിരുന്നില്ലെന്നും കേരളസർക്കാർ അറിയിച്ചു (2019 മേയ്). ദേവസ്വം ബോർഡിന്റെ പ്രതിനിധികൾ, പോലീസ്, ഒരു മൂന്നാംകക്ഷി എന്നിവരുൾപ്പെടുന്ന ഒരു കമ്മിറ്റി, നിരക്കുകൾ പരിശോധിക്കുമെന്നും കെൽട്രോൺ അനുവദനീയമായതിൽ കൂടുതൽ ഫണ്ട് സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതു മടക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും ഓഡിറ്റിനെ അറിയിച്ചു.

ഫണ്ടുലഭ്യമായത് 2017 സെപ്റ്റംബർ അവസാനമായതിനാൽ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുകയും സജ്ജീകരിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നതിനായി കഷ്ടിച്ച് ഒന്നര മാസമേ ഉണ്ടായിരുന്നുള്ളൂ എന്ന സർക്കാരിന്റെ ന്യായീകരണം സ്വീകാര്യമല്ല, കാരണം രേഖകൾ വെളിപ്പെടുത്തുന്നത് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ കെൽട്രോണിന് നിർദ്ദേശം കൊടുത്തിരുന്നത് 2017 ജൂലൈയിലായിരുന്നു എന്നാണ്. 2017 ജൂലൈയിൽ കെൽട്രോണിൽ നിന്ന് ഒരു ഡിപിആർ ആവശ്യപ്പെടുന്നതിനു പകരം എസ്പിസി ദർഘാസ് നടപടികൾ ആരംഭിച്ച് അതുവഴി സംഭരണം നടത്താമായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എസ്പിസിയ്ക്ക് ദർഘാസ് നടപടിക്രമം വഴി സംഭരണം നടത്താൻ ആവശ്യമുള്ള സമയം ഉണ്ടായിരുന്നു. സർക്കാർ പരാമർശിച്ച ഹൈക്കോടതി ഉത്തരവ് 15 ഇൻഫ്രാറെഡ് ക്യാമറ വാങ്ങുന്നതിനെക്കുറിച്ച് മാത്രമായിരുന്നു എന്നും ഭാവിയിൽ ശബരിമലയിലേയ്ക്കുള്ള വാങ്ങലുകൾക്കെല്ലാം ദർഘാസ് നടപടികൾ ഒഴിവാക്കാനുള്ളതായിരുന്നില്ല ആ ഉത്തരവ് എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

***ശുപാർശ 2.5: പോലീസ് വകുപ്പ് സ്റ്റോഴ്സ് പർച്ചേസ് മാനുവലിലെ വകുപ്പുകളും കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച് സുതാര്യമായ സംഭരണ നടപടിക്രമങ്ങൾ അവലംബിക്കുന്നു എന്ന് കേരളസർക്കാർ ഉറപ്പു വരുത്തണം.***

## 2.15. ഓട്ടോമേറ്റഡ് ചെല്ലാൻ ജനറേറ്ററിന്മേലുള്ള നിഷ്ഫലമായ ചെലവ്

550 ഓട്ടോമേറ്റഡ് ചെല്ലാൻ ജനറേറ്ററുകൾ (എസിജി) പ്രിന്റർ ഉൾപ്പെടെ വാങ്ങുന്നതിനും സജ്ജീകരിക്കുന്നതിനുമായി എംഒപിഎഫ് പദ്ധതി 2010-11-ന്റെ കീഴിൽ ₹74.25 ലക്ഷത്തിന്റെ ഭരണാനുമതി സർക്കാർ നൽകി (2010 സെപ്റ്റംബർ). ഈ സജ്ജീകരണത്തിന്റെ ലക്ഷ്യം ട്രാഫിക് ലംഘനങ്ങളും ബന്ധപ്പെട്ട കുറ്റകൃത്യങ്ങളും രേഖപ്പെടുത്തുക എന്നായിരുന്നു. ഈ സിസ്റ്റത്തിന്, വ്യക്തി മുമ്പു നടത്തിയ കുറ്റകൃത്യങ്ങൾ സ്ഥലത്തു വച്ചുതന്നെ തിരിച്ചറിയുക, ട്രാഫിക്

[22] ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ
[23] ഡീപ് സെർച്ച് മെറ്റൽ ഡിറ്റക്ടർ
[24] നോൺ ലീനിയർ ജംഗ്ഷൻ ഡിറ്റക്ടർ

ലംഘകരുടെ ഒരു ഡിജിറ്റൽ ഡേറ്റാബേസ് സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുക, ലംഘനം നടന്ന സ്ഥലത്തുവച്ചു തന്നെ ചെല്ലാൻ നിർഗ്ഗമിപ്പിക്കുക മുതലായ സവിശേഷത/ പ്രത്യേകതകൾ ഉണ്ടായിരിക്കണം എന്നാണ് വിഭാവന ചെയ്തിരുന്നത്. എസിജി മോട്ടോർ വാഹന വകുപ്പിന്റെ ഡേറ്റാബേസുമായി ബന്ധിപ്പിക്കപ്പെടണമെന്നും ആയിരുന്നു കണക്കുകൂട്ടൽ.

മെസേഴ്സ് മോബ് മീ സോല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന വിൽപനക്കാരനെ ദർഘാസിലൂടെ തെരഞ്ഞെടുക്കുകയും 270 എസിജികൾ ₹73.61 ലക്ഷത്തിന് [25] സംഭരിക്കുകയും ചെയ്തു (2011 ഒക്ടോബർ).

2011 ഒക്ടോബറിൽ വിൽപനക്കാരൻ എസിജികൾ നൽകുകയും അത് സ്റ്റോക്കിലെടുക്കുകയും ചെയ്തെങ്കിലും എസിജികളുടെ സെർവറും മോട്ടോർ വാഹനവകുപ്പിന്റെ ഡേറ്റാബേസുമായുള്ള സംയോജനം പൂർത്തിയാക്കിയത് 2014 ഫെബ്രുവരിയിൽ മാത്രമായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സെർവർ, മോട്ടോർ വാഹന വകുപ്പിന്റെ ഡേറ്റാബേസുമായി സംയോജിപ്പിക്കുന്നതിലെ ഈ കാലതാമസം കാരണം എസിജികളുടെ ബാറ്ററികൾ കേടായി. വിൽപനക്കാരൻ ₹5.70 ലക്ഷത്തിന് ബാറ്ററി മാറ്റി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം വച്ചെങ്കിലും (2014 ഫെബ്രുവരി) പോലീസ് വകുപ്പ് ഇതുവരെ അതിന്മേൽ നടപടിയൊന്നും എടുത്തില്ല (2018 നവംബർ).

മോട്ടോർ വാഹന വകുപ്പ് ഡേറ്റാബേസ് എസിജി സെർവറുമായി സംയോജിപ്പിക്കുന്നതിലുണ്ടായ ക്രമാതീതമായ കാലതാമസവും ഉപകരണത്തിന് വേണ്ട സംരക്ഷണം ഉറപ്പാക്കുന്നതിലുള്ള അലസതയും കാരണം പോലീസ് വകുപ്പിന് ഉദ്ദേശിച്ചിരുന്ന പ്രയോജനം എസിജിയിൽ നിന്നു കിട്ടാതെ പോയി. പദ്ധതിക്കായി ചെലവാക്കിയ ₹73.61 ലക്ഷം നിഷ്ഫലമായി അവശേഷിക്കുന്നു.

ഡിജിറ്റൽ ഡേറ്റാബേസ് തയ്യാറാക്കുന്നതിൽ ക്രമാതീതമായ കാലതാമസം സംഭവിച്ചത് ഉപകരണം രണ്ടരവർഷം ഉപയോഗശൂന്യമായി കിടക്കുന്നതിലേക്ക് നയിക്കുകയും തന്മൂലം 232 ഉപകരണങ്ങളുടെ ബാറ്ററികൾ കേടാകുകയും ചെയ്തു എന്ന് കേരളസർക്കാർ പറഞ്ഞു (2019 മാർച്ച്). പദ്ധതി കൃത്യസമയത്തു നടപ്പാക്കാൻ കഴിയാതിരുന്നത് അപ്രതീക്ഷിതമായി ഉണ്ടായ കാലതാമസം മൂലമാണെന്നും അതിനു പോലീസ് വകുപ്പിനെ കുറ്റപ്പെടുത്താൻ കഴിയുകയില്ല എന്നും പ്രസ്താവിക്കുകയുണ്ടായി.

വിൽപനക്കാരൻ വിജയകരമായി മോട്ടോർ വാഹന വകുപ്പ് ഡേറ്റാബേസുമായുള്ള സംയോജനം പൂർത്തിയാക്കുകയും 2014 ഫെബ്രുവരി 11-ന് സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ വിജയകരമായി അതു പ്രവർത്തിപ്പിച്ചു കാണിക്കുകയും ചെയ്തിരുന്നതിനാൽ കേരളസർക്കാരിന്റെ മറുപടി ശരിയല്ല. ബാറ്ററികൾ മാറ്റി സ്ഥാപിക്കാൻ കഴിയാത്തതിനുള്ള കാരണത്തെക്കുറിച്ച് മറുപടിയിൽ ഒന്നും പറയുന്നില്ല. പോലീസ് ട്രെയിനിംഗ് ആസ്ഥാനത്തിലെ ട്രെയിനിംഗ് ഡയറക്ടർ സിസ്റ്റം പ്രവർത്തനക്ഷമമാക്കാൻ ബാറ്ററികൾ മാറ്റി സ്ഥാപിക്കണമെന്നു നടത്തിയ ശുപാർശയിൽ (2016 ജൂലൈ) നടപടിയുണ്ടായില്ല (2018 നവംബർ) എന്നും കാണുകയുണ്ടായി. സിസ്റ്റം പ്രവർത്തനക്ഷമമാക്കാനോ സിസ്റ്റത്തിന്റെ വിജയകരമായ നടപ്പാക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോ ഒരു ശ്രമവും ഉണ്ടായില്ല എന്ന ട്രെയിനിംഗ് ഡയറക്ടറുടെ അഭിപ്രായം വ്യക്തമായി എടുത്തുകാണിക്കുന്നത് പോലീസ് വകുപ്പിന്റെ ഇക്കാര്യത്തിലുള്ള പരാജയമാണ്.

---

[25] ഇതിൽ ജിപിആർഎസിന്റെയും പ്രിന്റ് റോളുകളുടെയും വില കൂടാതെ ഉപകരണം, സെർവർ, ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ, മോഡ്യൂൾ സോഫ്റ്റ്‌വെയർ, സ്ഥാപിക്കലും പരിശീലനവും എന്നിവയുടെ വിലയും ഉൾപ്പെട്ടിരിക്കുന്നു.

## 2.16. ഗൗരവതരമായ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് മൊബൈൽ ഡിജിറ്റൽ ഇൻവെസ്റ്റിഗേഷൻ അസിസ്റ്റൻസ് പ്ലാറ്റ്ഫോമിന്റെ സംഭരണം

2012-13 എഎപിയിൽ ₹2.70 കോടിക്ക് 35 'ഗൗരവതരമായ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് മൊബൈൽ ഡിജിറ്റൽ ഇൻവെസ്റ്റിഗേഷൻ അസിസ്റ്റൻസ് പ്ലാറ്റ്ഫോം' വാങ്ങുന്നതിന് അംഗീകാരം നൽകി. എന്നാൽ, സംഭരണ നടപടി 2013-14-ൽ മാത്രമേ തുടങ്ങിയുള്ളൂ.

വകുപ്പ് 40 റ്റാറ്റാ സുമോ ഗോൾഡ് ഈഎക്സ് (ബിഎസ് 3) വാഹനങ്ങൾ ₹2.41 കോടിയ്ക്ക് വാങ്ങി. (2013 ഒക്ടോബർ). 40 വാഹനങ്ങളുടെ രജിസ്ട്രേഷൻ, ഇൻഷുറൻസ്, സെസ് ചാർജ്ജ് എന്നിവയ്ക്കായി ₹5.47 ലക്ഷം അനുവദിക്കുകയും ചെയ്തു. കൂടാതെ, സംഭരണത്തിന്റെ ഭാഗമായി വകുപ്പ് 40 ഐ-പാഡുകൾ ₹20.79 ലക്ഷത്തിന് വാങ്ങുകയും ചെയ്തു (2013 ഡിസംബർ).

ഓഡിറ്റ് പരിശോധനയിൽ ഒരു വാഹനത്തിൽ പോലും ടാബ്ലെറ്റുകൾ ഘടിപ്പിച്ചിട്ടില്ലായിരുന്നു എന്നു കണ്ടു. ടാബ്ലെറ്റുകൾ ഉന്നത ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുകയും വാഹനങ്ങൾ പോലീസ് സ്റ്റേഷനുകൾ ഒഴികെയുള്ള യൂണിറ്റുകൾക്ക്/ ഓഫീസർമാർക്ക് വിതരണം നടത്തുകയും ചെയ്തു എന്നാണ് കണ്ടെത്തിയത്. ഓഡിറ്റിന്റെ നിരീക്ഷണത്തിൽ വകുപ്പ് ഗൗരവതരമായ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് മൊബൈൽ ഡിജിറ്റൽ ഇൻവെസ്റ്റിഗേഷൻ അസിസ്റ്റൻസ് പ്ലാറ്റ്ഫോം എന്ന വ്യാജേന വെറുതെ 40 വാഹനങ്ങളും ഐ പാഡുകളും വാങ്ങുക മാത്രമാണ് ചെയ്തത്.

ഐ-പാഡ് വാങ്ങിയതിനെ ന്യായീകരിച്ച് കേരളസർക്കാർ പറഞ്ഞത് (2019 മാർച്ച്), ഇവ വാങ്ങിയത് കുറ്റകൃത്യം നടന്ന സ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ ഫോട്ടോഗ്രാഫിക് തെളിവുകൾ ശേഖരിക്കാൻ ഉയർന്ന ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുകയും അവർക്ക് ഈ-ഗവേണൻസ് പ്രോജക്റ്റുകളുടെ പ്രയോജനം ലഭ്യമാക്കുകയും ചെയ്യുന്നതിനു വേണ്ടിയാണ് എന്നാണ്.

മറുപടി നിലനിൽക്കുന്നതല്ല കാരണം ഗൗരവതരമായ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് മൊബൈൽ ഡിജിറ്റൽ ഇൻവെസ്റ്റിഗേഷൻ അസിസ്റ്റൻസ് പ്ലാറ്റ്ഫോമിന്റെ ലക്ഷ്യപ്രാപ്തിക്ക് വേണ്ടി 40 വാഹനങ്ങൾ 40 ഐ-പാഡുകൾ എന്നിവ സംയോജിപ്പിക്കേണ്ടിയിരുന്നു, എന്നാൽ അതുണ്ടായില്ല. ഉന്നത ഉദ്യോഗസ്ഥർക്ക് വാഹനങ്ങളുമായി സംയോജിപ്പിക്കാതെ ഐ-പാഡുകൾ വിതരണം ചെയ്തത് മൊബൈൽ ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ ലക്ഷ്യപ്രാപ്തിയെ തന്നെ പരാജയപ്പെടുത്തുകയാണുണ്ടായത്.

## 2.17. ഇ-ബീറ്റ് സമ്പ്രദായം നടപ്പിലാക്കിയതിലെ ക്രമക്കേടുകൾ

സംസ്ഥാനത്തെ ഏഴു പോലീസ് ജില്ലകളിലെ പോലീസ് സ്റ്റേഷനുകളിൽ ₹1.88 കോടി [26] മുതൽമുടക്കിൽ ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം (ഇ-ബീറ്റ്) ആരംഭിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകി (2012 ജൂലൈ). ഇ-ബീറ്റ് സിസ്റ്റം പോലീസ് അവരുടെ പ്രവർത്തന പരിധിക്കുള്ളിൽ ബീറ്റ് ഡ്യൂട്ടി നടത്തുന്നതിനെ ഇലക്ട്രോണിക് മാർഗ്ഗങ്ങൾ വഴി നിരീക്ഷിക്കാൻ സഹായിക്കുമെന്നും കൂടുതൽ ഫലപ്രദമായ പൊലീസ് പ്രവർത്തനങ്ങൾക്ക് അവരുടെ നീക്കത്തിന്റെ രീതിയുടെയും എടുത്ത സമയത്തിന്റെയും ഡിജിറ്റൈസ്ഡ് മാപ്പ് സൃഷ്ടിക്കാൻ സഹായിക്കുമെന്നും വിഭാവനം ചെയ്തിരുന്നു. ദർഘാസ് നടപടികളുടെ അവസാനം റീഡർ, ആർഎഫ്ഐഡി കാർഡ്, ഉപയോഗിക്കേണ്ട സോഫ്റ്റ്വെയർ, സജ്ജീകരണം, ജിപിആർഎസ് ചാർജുകൾ എന്നിവയുടെ വിതരണം വൈഫിനിറ്റി ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് ബംഗളൂരു (വിൽപനക്കാരൻ) എന്ന സ്ഥാപനത്തിന് ₹1.88 കോടിയ്ക്ക് നൽകി (2012

[26] ₹1.50 കോടി XIII ഫിനാൻസ് കമ്മീഷൻ അവാർഡിൽ നിന്നും, ₹0.38 കോടി പോലീസ് വകുപ്പ് നവീകരണത്തിനുള്ള സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും

ഡിസംബർ). ആ വർഷത്തെ ബജറ്റ് വകയിരുത്തലിൽ നിന്ന് തുക നൽകാനുള്ള സാമ്പത്തികാനുമതിയും കേരളസർക്കാർ നൽകി (2013 മാർച്ച്).

ഇ-ബീറ്റ് പരിശോധനയ്ക്കായി രൂപീകരിച്ച വെരിഫിക്കേഷൻ ബോർഡ് മീറ്റിംഗിന്റെ (2014 ജനുവരി) മിനിറ്റ്സിൽ നിന്നു കണ്ടത് വിൽപനക്കാരൻ പോലീസ് ചീഫ് സ്റ്റോഴ്സിനു 2013 ഡിസംബർ 19-ന് സാധനങ്ങൾ എത്തിച്ചു കൊടുത്തിരുന്നു എന്നാണ്. നൽകിയ സാധനങ്ങളെല്ലാം വിതരണ ഉത്തരവിലെ എല്ലാ നിർദ്ദേശങ്ങളും പാലിച്ചിരുന്നു എന്ന് ഉറപ്പുവരുത്തിയതിനുശേഷം ബോർഡ്, ഇ-ബീറ്റ് സമ്പ്രദായം സ്വീകരിക്കാൻ ശുപാർശ ചെയ്തു.

എന്നാൽ വിൽപനക്കാരൻ ₹1.50 കോടിയ്ക്കും, ₹0.38 കോടിയ്ക്കും സാധനങ്ങൾ വിതരണം ചെയ്തിരുന്നുവെന്ന് സൂചിപ്പിക്കുന്ന രണ്ട് ഇൻവോയിസുകൾ 2013 മാർച്ച് 21-ന് തന്നെ നൽകിയിരുന്നതായി ഓഡിറ്റിന്റെ വിശദമായ പരിശോധനയിൽ കണ്ടു. ഇൻവോയിസുകളിൽ പറഞ്ഞിരുന്ന സാധനങ്ങളെല്ലാം നല്ല നിലയിൽ കിട്ടിയതായി 2013 മാർച്ച് 25-ന് ചീഫ് സ്റ്റോർ കീപ്പർ സാക്ഷ്യപ്പെടുത്തിയിരുന്നു എന്നും വെളിപ്പെട്ടു. അതേ തീയതിയിൽ തന്നെ ₹1.88 കോടി കരാറുകാരന് നൽകുകയും ചെയ്തു.

ഉപകരണങ്ങൾ യഥാർത്ഥത്തിൽ ഒൻപതു മാസം കഴിഞ്ഞാണു കിട്ടിയെന്നിരിക്കെ അവ കിട്ടിയെന്നുള്ള ചീഫ് സ്റ്റോർ കീപ്പറുടെ 2013 മാർച്ച് 25-ലെ സാക്ഷ്യപ്പെടുത്തൽ ക്രമവിരുദ്ധമാണ്. 2013 ഡിസംബർ 19-ന് മാത്രമാണ് ഉപകരണങ്ങൾ ലഭിച്ചിരുന്നത് എങ്കിലും വിൽപനക്കാരന് ₹1.88 കോടി 2013 മാർച്ച് 25-ന് നൽകിയ പോലീസ് വകുപ്പിന്റെ നടപടി സ്റ്റോഴ്സ് പർച്ചേസ് മാനദണ്ഡങ്ങളുടെയും സാമ്പത്തിക ഔചിത്യത്തിന്റെയും ലംഘനമാണ് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഇ-ബീറ്റ് സാമഗ്രികൾ കേരള പോലീസിന് നൽകുന്നതിൽ വീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിക്കാൻ അധികാരപ്പെടുത്തിയ ഒരു കമ്മിറ്റി, വിൽപനക്കാരനു ലീഗൽ നോട്ടീസ് അയയ്ക്കുന്നതിനും വിൽപനക്കാരനെ കരിമ്പട്ടികയിൽപെടുത്തുന്നതിന് നടപടി ആരംഭിക്കാനും ശുപാർശ ചെയ്തിരുന്നു (2015 ജനുവരി). എന്നാൽ പോലീസ് വകുപ്പിനുള്ളിൽ സ്റ്റോഴ്സ് പർച്ചേസ് മാനുവലിലെ നിയമങ്ങൾ പാലിക്കാതിരുന്നതിനുള്ള ഉത്തരവാദിത്വം ചുമത്താനുള്ള യാതൊരു നടപടിയും എടുത്ത് കണ്ടില്ല.

ഫിനാൻഷ്യൽ ചട്ടങ്ങളും നിയമസംഹിതയിലെ നടപടിക്രമങ്ങളും ലംഘിക്കപ്പെട്ടു എന്നതിനോടു കേരളസർക്കാർ യോജിച്ചു (2019 മാർച്ച്). കൂടാതെ, ഉത്തരവാദിത്വം ചുമത്തുന്നതിനും വീഴ്ചയ്ക്ക് ഉത്തരവാദികളായ ഓഫീസർമാർക്കെതിരെ എടുക്കേണ്ട നടപടി നിർദ്ദേശിക്കുന്നതിനുമായി എസ്‌പിസി ഒരു അന്വേഷണത്തിന് ഉത്തരവിട്ടെന്നും ഓഡിറ്റിനെ അറിയിച്ചു.

## 2.18. നിർമ്മാണ പ്രവർത്തനം

പോലീസിന്റെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും പാർപ്പിടസൗകര്യം ഒരുക്കുന്നതിനുമുള്ള സിവിൽ ഇലക്ട്രിക്കൽ ജോലികളെല്ലാം ഏല്പിക്കപ്പെട്ട ഏജൻസിയാണ് കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെപിഎച്ച്സിസി). കെപിഎച്ച്സിസിയുടെ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

### 2.18.1. എംഒപിഎഫ് പദ്ധതിക്കു കീഴിൽ താമസത്തിനും താമസേതര ഉപയോഗങ്ങൾക്കുമുള്ള കെട്ടിടങ്ങളുടെ നിർമ്മാണം

എംഒപിഎഫ് പദ്ധതിയുടെ പരിഗണനയിൽ ലോവർ സബോർഡിനേറ്റ് ജീവനക്കാർ (കോൺസ്റ്റബിൾമാരും ഹെഡ് കോൺസ്റ്റബിൾമാരും) അപ്പർ സബോർഡിനേറ്റ് ജീവനക്കാർ (സബ് ഇൻസ്പെക്ടർമാർ, അഡീഷണൽ സബ് ഇൻസ്പെക്ടർമാർ) എന്നിവർക്കുള്ള പാർപ്പിട നിർമ്മാണവും പോലീസ് സ്റ്റേഷനുകൾ, ഔട്ട് പോസ്റ്റുകൾ, ജില്ല പോലീസ് ഓഫീസ്, ബാരക്കുകൾ, പോലീസ് ലൈനുകൾ,

നായ്പ്പുരകൾ, ഫയറിംഗ് റേഞ്ചുകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകൾ മുതലായ പാർപ്പിടേതര കെട്ടിടങ്ങളുടെയും നിർമ്മാണവും ഉണ്ടായിരുന്നു. പോലീസിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച ഫണ്ട് ആ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കെപിഎച്ച്സിസിയ്ക്ക് കൈമാറി. 2013-18-ൽ ഫണ്ട് ലഭിച്ചതിന്റേയും ഏറ്റെടുത്ത പ്രവർത്തനങ്ങളുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

**പട്ടിക 2.11: നിർമ്മാണത്തിനുവേണ്ടി അനുവദിച്ചതും വിനിയോഗിച്ചതുമായ ഫണ്ട്**

*(₹ കോടിയിൽ)*

| വർഷം | കേന്ദ്രസർക്കാർ വിഹിതം കിട്ടിയത് | കേരളസർക്കാർ വിഹിതം കിട്ടിയത് | മൊത്തം കിട്ടിയത് | വിനിയോഗിച്ച തുക | കെപിഎച്ച്സിസിയുടെ കൈവശമുള്ള ബാക്കി നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2013-14 | 29.94 | 14.85 | 44.79 | 20.56 | 24.24 |
| 2014-15 | 24.32 | 16.37 | 40.69 | 2.70 | 37.98 |
| 2015-16 | - | - | - | - | - |
| 2016-17 | - | - | - | - | - |
| 2017-18 | 1.30 | - | 1.30 | - | 1.30 |
| **ആകെ** | **55.56** | **31.22** | **86.78** | **23.26** | **63.52** |

*(അവലംബം: പോലീസ് ആസ്ഥാനത്തിൽ നിന്നും കെപിഎച്ച്സിസിയിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ)*

അങ്ങനെ 2018 മാർച്ചിൽ ₹63.52 കോടി (73.20 ശതമാനം) ഉപയോഗിക്കാതെ കെപിഎച്ച്സിസിയിൽ അവശേഷിച്ചു. എംഒപിഎഫ് പദ്ധതിയുടെ കീഴിൽ 2013-18-ൽ കെപിഎച്ച്സിസി ഏറ്റെടുത്ത പ്രവൃത്തികളുടെ ഭൗതിക സ്ഥിതി ഓഡിറ്റ് പരിശോധിച്ചു. വിശദാംശങ്ങൾ **പട്ടിക 2.12**-ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.12: 2013-18 കാലയളവിൽ കെപിഎച്ച്സിസി ഏറ്റെടുത്ത പ്രവൃത്തികളുടെ ഭൗതിക സ്ഥിതി (2018 സെപ്റ്റംബർ 30)**

| വർഷം | പാർപ്പിടങ്ങൾ | | | പാർപ്പിടേതര കെട്ടിടങ്ങൾ | | |
|---|---|---|---|---|---|---|
| | ഏറ്റെടുത്ത യൂണിറ്റുകൾ | പൂർത്തിയാക്കിയ യൂണിറ്റുകൾ | അപൂർണ്ണമായി കിടക്കുന്ന യൂണിറ്റുകൾ | ഏറ്റെടുത്ത യൂണിറ്റുകൾ | പൂർത്തിയാക്കിയ യൂണിറ്റുകൾ | അപൂർണ്ണമായി കിടക്കുന്ന യൂണിറ്റുകൾ |
| 2013-14 | 85 | 55 | 30 | 116 | 100 | 16 |
| 2014-15 | 64 | 2 | 62 | 43 | 6 | 37 |
| 2015-16 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2016-17 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2017-18 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| **ആകെ** | **149** | **57** | **92** | **159** | **106** | **53** |

*(അവലംബം: പോലീസ് ആസ്ഥാനത്തിൽ നിന്നും കെപിഎച്ച്സിസിയിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ)*

308 പ്രവൃത്തികൾ കെപിഎച്ച്സിസിയെ ഏൽപിച്ചതിൽ 145 എണ്ണം (47 ശതമാനം) പൂർത്തിയാക്കിയിട്ടില്ലായിരുന്നു എന്ന് ഓഡിറ്റിൽ കണ്ടു. പോലീസ് വകുപ്പ് കെപിഎച്ച്സിസിയെ എൽപ്പിച്ച 31 പ്രവൃത്തികൾക്ക് അവർ ഇതുവരെ (2018 സെപ്റ്റംബർ) ദർഘാസ് ക്ഷണിച്ചിട്ടില്ലായിരുന്നുവെന്ന് സൂക്ഷ്മ പരിശോധനയിൽ വെളിപ്പെട്ടു. ഈ പ്രവൃത്തികളുടെ ദർഘാസ് വിളിക്കാതിരിക്കാനുള്ള കാരണം നിർമ്മാണത്തിനുള്ള സ്ഥലം കണ്ടുപിടിക്കുന്നതിലുണ്ടായ കാലതാമസം, തടസ്സങ്ങളില്ലാത്ത സ്ഥലങ്ങൾ കണ്ടുപിടിക്കുന്നതിൽ പോലീസ് വകുപ്പിനുണ്ടായ പരാജയം, നിർമ്മാണത്തിനു അനുയോജ്യമല്ലാത്ത സ്ഥലങ്ങൾ, കെപിഎച്ച്സിസിയ്ക്ക് ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള കാലതാമസം തുടങ്ങിയവയായിരുന്നു എന്ന് കണ്ടു (**അനുബന്ധം 2.7**).

കെപിഎച്ച്സിസിയ്ക്ക് സ്ഥിരമായ ആർക്കിടെക്ടോ സ്ട്രക്ച്ചറൽ എൻജിനിയറോ ഇല്ലാത്തതിനാൽ അത്തരം പ്രവൃത്തികളൊക്കെ മറ്റുള്ള ഏജൻസികളെക്കൊണ്ട് ചെയ്യിക്കുന്നത് കാലതാമസത്തിലേക്ക് നയിക്കും എന്നാണ് കേരളസർക്കാർ പറഞ്ഞത് (2019 മാർച്ച്). കെപിഎച്ച്സിസിയ്ക്ക് നിശ്ചിത സമയത്തിനുള്ളിൽ

പൂർത്തിയാക്കാൻ സാധിക്കാതിരുന്ന 18 പ്രവൃത്തികൾ പോലീസ് ആസ്ഥാനം തിരിച്ചെടുക്കുകയുണ്ടായി എന്നും പറഞ്ഞു.

കെപിഎച്ച്സിസിയെപ്പോലെ കാര്യശേഷിയില്ലാത്ത ഒരു സ്ഥാപനത്തെ ജോലികൾ ഏല്പിക്കുക വഴി എംഒപിഎഫ് പദ്ധതിയിലൂടെയുള്ള നിർമ്മാണ ജോലികളുടെ 47 ശതമാനം പൂർത്തിയാകാതെ കിടക്കുന്നു എന്ന വസ്തുത നിലനിൽക്കുന്നു.

### 2.18.2. അപ്പർ സബോർഡിനേറ്റ് ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് പണിയുന്നതിനു വേണ്ടി അനുവദിച്ച ഫണ്ട് ക്രമവിരുദ്ധമായി എസ്പിസിക്കും എഡിജിപിയ്ക്കും വേണ്ടി വില്ല പണിയാൻ ഉപയോഗിച്ചത്

എംഒപിഎഫ് പദ്ധതിക്കു കീഴിൽ 30 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളുടെ (യുഎസ്ക്യൂ) നിർമ്മാണത്തിന് 2013-14-ലെ എഎപിയിൽ സംസ്ഥാന വിഹിതമായി ₹4.35 കോടി മാറ്റിവച്ചിരുന്നു. ഈ 30 യുഎസ്ക്യൂകൾ തിരുവനന്തപുരത്ത് നിർമ്മിക്കാനുള്ള ജോലി കെപിഎച്ച്സിസിയെ ഏല്പിക്കുകയും കെപിഎച്ച്സിസിയ്ക്കു ഫണ്ടു കൈമാറുന്നതിന് ഉത്തരവിറക്കുകയും ചെയ്തിരുന്നു (2015 സെപ്റ്റംബർ). 2017 മേയിൽ[27] സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സ് വഴിയാണ് ഫണ്ട് പോലീസ് വകുപ്പിനു നൽകിയത്.

തിരുവനന്തപുരത്തുള്ള പോലീസ് ആസ്ഥാനത്തെ രേഖകൾ പരിശോധിച്ചപ്പോൾ വെളിവായത്, എസ്പിസിയുമായി 2017 നവംബർ 04-ന് മെസേർസ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് നടത്തിയ ഒരു മീറ്റിംഗിൽ ഡിജിപിയ്ക്കും എഡിജിപിമാർക്കും ബംഗ്ലാവുകൾ നിർമ്മിക്കാൻ വേണ്ടി ഡിസൈൻ നിർദ്ദേശം നൽകാൻ അവരോട് നിർദ്ദേശിച്ചിരുന്നു എന്നാണ്. അതനുസരിച്ച് എസ്പിസിയ്ക്ക് ഒരു വില്ലയും ക്യാമ്പ് ഹൗസും, സീനിയർ ഓഫീസർമാർക്ക് വേണ്ടി നാലു വില്ലകളും അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സിനു വേണ്ടി നിശ്ചയിച്ച അതേ സ്ഥാനത്തു തന്നെ നിർമ്മിക്കുന്നതിനായി പോലീസ് വകുപ്പ് മെസേർസ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിൽ നിന്ന് ₹3.66 കോടിയുടെ ഒരു എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നു (2017 നവംബർ). കിട്ടിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നൽകുകയും ₹1.83 കോടി അഡ്വാൻസായി സ്ഥാപനത്തിന് നൽകുകയും ചെയ്തു (2018 ഫെബ്രുവരി, മാർച്ച്, ജൂൺ). ഡിജിപിയ്ക്കും രണ്ട് എഡിജിപിമാർക്കും ഓരോ വില്ലകൾ വീതം നിർമ്മിക്കാൻ സ്ഥലവികസനമുൾപ്പെടെ ₹4.33 കോടിയുടെ പുതുക്കിയ വർക്ക് ഓർഡർ നൽകി (2018 ജൂൺ). ₹0.98 കോടിയും കൂടി അഡ്വാൻസായി സ്ഥാപനത്തിന് നൽകി (2018 ആഗസ്റ്റ്).

സർക്കാർ അംഗീകാരമില്ലാതെ ഫണ്ട് വകമാറ്റിയതിനെപ്പറ്റി ആഭ്യന്തരവകുപ്പിനോട് വിശദീകരണം തേടിയിട്ടുണ്ടെന്ന് കേരളസർക്കാരിന്റെ ധനകാര്യ വകുപ്പ് എസ്പിസിയെ അറിയിച്ചിരുന്നു (2018 ജൂൺ) എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എംഒപിഎഫ് പദ്ധതിയിൽ ₹4.33 കോടി അനുവദിച്ചത് 30 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുവേണ്ടിയാണെങ്കിലും ആ തുക വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർക്ക് അഞ്ചു ക്വാർട്ടേഴ്സ് പണിയാൻ മാത്രമേ തികയുകയുള്ളൂവെന്ന് എസ്പിസി കേരളസർക്കാരിന് മറുപടി നൽകുകയും (2018 ജൂലൈ) നടന്ന പ്രവർത്തനത്തെ സാധുവാക്കുന്നതിന് എസ്എൽഇസിയോടു അഭ്യർത്ഥിക്കുകയും ചെയ്തു. അനധികൃതമായി ഫണ്ടു വകമാറ്റിയതിനു എസ്പിസി കേരളസർക്കാരിനു നൽകിയ ന്യായീകരണം സ്വീകാര്യമല്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കാരണം എംഒപിഎഫ് പദ്ധതിയ്ക്കുവേണ്ടി കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പദ്ധതി പുസ്തകം വ്യക്തമായി പറയുന്നത് എസ്ഐ എഎസ്ഐ ജീവനക്കാർ ആണ് അപ്പർ സബോർഡിനേറ്റ് ജീവനക്കാരുടെ വിഭാഗത്തിൽപ്പെടുന്നവർ എന്നാണ്. അതനുസരിച്ച് എസ്പിസി എഡിജിപി മുതലായ ഉയർന്ന കേഡറിലുള്ള ഉദ്യോഗസ്ഥന്മാർ ക്രമവിരുദ്ധമായി പദ്ധതിയിലെ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്.

---

[27] വേയ്സ് ആൻഡ് മീൻസ് തടസ്സം നീക്കാത്തതിനാൽ 2017-18 വരെ ഫണ്ട് ഉപയോഗിക്കാനോ കെപിഎച്ച്സിസിക്ക് ഡെപ്പോസിറ്റ് നൽകാനോ കഴിഞ്ഞിരുന്നില്ല.

ഇത്തരം ഫണ്ടു വകമാറ്റ ഉദാഹരണങ്ങൾ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വരികയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യുകയും ചെയ്തതാണ് (2008 ആഗസ്റ്റ്). പോലീസ് അക്കാഡമിയിൽ അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സും ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സും പണിയുന്നതിനുള്ള ഫണ്ടുകൾ സീനിയർ ഓഫീസേഴ്സിന്റെ ക്വാർട്ടേഴ്സ് പണിയുന്നതിനും മറ്റുമായി വകമാറ്റിയ വകുപ്പിന്റെ നടപടിയിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അസന്തുഷ്ടി രേഖപ്പെടുത്തിയിരുന്നു. അംഗീകൃത പ്രവർത്തന പദ്ധതിയിൽ നിന്ന് നടത്തുന്ന ഫണ്ടു വകമാറ്റൽ സബോർഡിനേറ്റ് ഓഫീസർമാർക്കുള്ള കുടുംബ പാർപ്പിട സൗകര്യം നിഷേധിക്കലാകുന്നതിനാൽ ഇത്തരം പ്രവർത്തികൾ ഭാവിയിൽ ഒരു സാഹചര്യത്തിലും ആവർത്തിക്കരുതെന്ന് പോലീസ് വകുപ്പിനു ശക്തമായ താക്കീതു നൽകിയിരുന്നതാണ്.

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ താക്കീത് അവഗണിച്ച് അതേ ക്രമക്കേട് ആവർത്തിച്ച പോലീസ് വകുപ്പിന്റെ നടപടി, നിയമസഭയോടുള്ള ബഹുമാനമില്ലായ്മയും എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ കടുത്ത ലംഘനവുമാണ് എന്നു ഓഡിറ്റ് നിരീക്ഷിച്ചു.

കേരളസർക്കാർ പറഞ്ഞത് (2019 ഏപ്രിൽ) സീനിയർ ഓഫീസർമാർക്കുള്ള താമസത്തിനായി ക്വാർട്ടേഴ്സ് നിർമ്മിക്കാൻ തീരുമാനിച്ചത് താഴെപ്പറയുന്ന കാരണങ്ങളാലാണെന്നാണ് 1) 2013-14 മുതൽ ഫണ്ടുകൾ ഉപയോഗിക്കപ്പെടാതെ കിടക്കുകയും കേരളസർക്കാരിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാൻ കഴിയാതെ വരികയും ചെയ്തു. 2) സീനിയർ ഓഫീസർമാർക്ക് സുരക്ഷാ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ ഔദ്യോഗിക വസതികൾ ആവശ്യമായിരുന്നു. 3) 2013-14-ലെ എംഒപിഎഫ് പദ്ധതിയിൽ 30 അപ്പർ സബോർഡിനേറ്റ്സ് ക്വാർട്ടേഴ്സിന്റെ ഫണ്ട് സംസ്ഥാന വിഹിതമായിരുന്നു. അധികമായി ₹1.50 കോടി കൂടി പ്രോജക്റ്റ് പൂർത്തിയാക്കാൻ നൽകിയിരുന്നെന്നും കേരളസർക്കാർ പ്രസ്താവിച്ചു.

മറുപടി നിലനിൽക്കുന്നതല്ല കാരണം അപ്പർ സബോർഡിനേറ്റ് ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിന് ഉദ്ദേശിച്ചിട്ടുള്ള എംഒപിഎഫ് ഫണ്ട് (സംസ്ഥാന വിഹിതം ഉൾപ്പെടെ) വകമാറ്റി ഉയർന്ന റാങ്കിലുള്ള പോലീസ് ഓഫീസർമാർക്ക് വില്ലകൾ പണിയുന്നതിനുള്ള അനുമതി എംഒപിഎഫ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഇല്ല. സംസ്ഥാന വിഹിതമാണ് വകമാറ്റിയതെന്ന കേരളസർക്കാരിന്റെ വാദഗതിയും സ്വീകാര്യമല്ല കാരണം സംസ്ഥാന വിഹിതവും എംഒപിഎഫ് പദ്ധതിയിൻ കീഴിൽ ലഭ്യമായ ആകെയുള്ള ഫണ്ടിന്റെ ഭാഗമാണ്. അതുകൊണ്ട് എംഒപിഎഫ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അതിനും ബാധകമാണ്. എംഒപിഎഫ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ബോധപൂർവ്വം ലംഘിച്ചതും ഇത്തരം വകമാറ്റലുകൾ ആവർത്തിക്കരുത് എന്ന് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നേരത്തെ നൽകിയ താക്കീത് ചെവിക്കൊള്ളുന്നതിലുണ്ടായ പരാജയവും നിയമസഭ നടപടികളോടും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പോലെയുള്ള ഭരണഘടനാ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളോടും ഉള്ള പോലീസ് വകുപ്പിന്റെ അനാദരവിനെയാണ് കാണിക്കുന്നത്.

### 2.18.3. പ്രശ്ന സാദ്ധ്യത പ്രദേശങ്ങളിലെ ഔട്ട് പോസ്റ്റുകളുടെ ശക്തിപ്പെടുത്തൽ

മാവോയിസ്റ്റ് ആക്രമണസാദ്ധ്യതയുള്ള കേരളത്തിലെ വടക്കൻ ജില്ലകളിൽ 16 പോലീസ് സ്റ്റേഷനുകൾ ശക്തിപ്പെടുത്തുന്നതിലേക്ക് കേരളസർക്കാർ ₹3.25 കോടി അനുവദിച്ചു (2013 നവംബർ). ഉയരവും ബലവുമുള്ള സംരക്ഷണ മതിലുകൾ, സ്റ്റീൽ വേലികൾ, ബാരിക്കേഡുകൾ എന്നിവ നിർമ്മിക്കുന്നതും പോലീസ് സ്റ്റേഷനുകൾക്ക് മതിയായ വെളിച്ച സംവിധാനമൊരുക്കുന്നതും ഉൾപ്പെടുന്നതായിരുന്നു പ്രവൃത്തികൾ. ശാക്തീകരണ പ്രവൃത്തികൾ 15 പോലീസ് സ്റ്റേഷനുകളിൽ പൂർത്തിയാക്കിയപ്പോൾ വയനാട് ജില്ലയിലെ തിരുനെല്ലി പോലീസ് സ്റ്റേഷന്റെ പ്രബലപ്പെടുത്തൽ ജോലികൾക്ക് കരാറുകാർ കോട്ട് ചെയ്ത നിരക്കുകൾ വളരെ ഉയർന്നതായിരുന്നതിനാൽ ഏറ്റെടുക്കാനായില്ല.

അരീക്കോടുള്ള കേരള ഭീകരവിരുദ്ധ സ്ക്വാഡിന്റെ (കെഏറ്റിഎസ്) ക്യാമ്പിനുള്ള വേലി നിർമ്മിക്കുന്നതിനായി കെപിഎച്ച്സിസിയിൽ നിന്നു വാങ്ങിയ ₹75 ലക്ഷത്തിന്റെ എസ്റ്റിമേറ്റിന്റെ (2015 ആഗസ്റ്റ്) അടിസ്ഥാനത്തിൽ കേരളസർക്കാരിൽ നിന്ന് അനുമതിയും തേടിയിരുന്നു (2015 ഡിസംബർ). പിന്നീട് പോലീസ് വകുപ്പ് വേലി എന്നത് മാറ്റി സംരക്ഷണ ഭിത്തി നിർമ്മാണം ആക്കി (2017 ആഗസ്റ്റ്). കേരള സർക്കാർ 2017 നവംബറിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി കൊടുത്തു. എന്നാൽ കേരളസർക്കാർ വേയ്സ് ആൻഡ് മീൻസ് തടസ്സം നീക്കാത്തതിനാൽ ഫണ്ട് ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ല. പിന്നീട് 2017 മേയിൽ മാത്രമാണ് ഫണ്ട് അനുവദിച്ചതും അത് വിനിയോഗിക്കാൻ പോലീസ് വകുപ്പിന് അനുവാദം കിട്ടിയതും. പോലീസ് വകുപ്പ് ₹60 ലക്ഷം കെപിഎച്ച്സിസിക്ക് കൈമാറ്റം ചെയ്തു (2018 ജനുവരി). ഫണ്ട് വിനിയോഗിക്കാനുള്ള അനുവാദം നൽകാൻ വന്ന കാലതാമസം കാരണം മാവോയിസ്റ്റുകളുടെ അതിക്രമിച്ചുകയറ്റവും സുരക്ഷാഭീഷണിയും നേരിടുന്നുവെന്ന് റിപ്പോർട്ടു ചെയ്യപ്പെട്ട (2015 ഡിസംബർ) ക്യാമ്പ് അതിന്റെ സംരക്ഷണത്തിന് ഇപ്പോഴും സംരക്ഷണഭിത്തി ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

വയനാട് ജില്ലയിൽ കരാറുകാരുടെ വലിയ അഭാവമുണ്ടെന്നും കോട്ട് ചെയ്ത നിരക്കുകളിൽ കുറവു വരുത്താനുള്ള ചർച്ചകൾ കരാറുകാരുമായി നടന്നു കൊണ്ടിരിക്കുകയാണെന്നും, പ്രശ്നങ്ങൾ ഉടൻ പരിഹരിക്കുമെന്നും കേരള സർക്കാർ പ്രസ്താവിച്ചു (2019 മാർച്ച്). അരീക്കോട് ക്യാമ്പിനുള്ള സംരക്ഷണ ഭിത്തിയുടെ ജോലി കെപിഎച്ച്സിസി ഏറ്റെടുക്കുകയാണെന്നും ഓഡിറ്റിനെ അറിയിച്ചു.

## 2.19. മാനവവിഭവശേഷി

അനുവദിക്കപ്പെട്ട 40,500[28] തസ്തികകൾക്കെതിരായി സംസ്ഥാനത്ത് 2018 ജനുവരി 01-ന്, 33,461 പോലീസ് ജീവനക്കാരെയാണ് വിന്യസിച്ചിരുന്നത്. അതിൽ 25,089 അംഗീകൃത തസ്തികകളുള്ള 521 പോലീസ് സ്റ്റേഷനുകളിലുമായി 20,869 പോലീസ് ജീവനക്കാരെ (83 ശതമാനം) നിയമിച്ചിരിക്കുന്നു. സ്പെഷ്യൽ ബ്രാഞ്ച്, ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ, പോലീസ് ടെലികമ്മ്യൂണിക്കേഷൻസ്, സിബിസിഐഡി, തുടങ്ങിയ മറ്റു പോലീസ് കാര്യാലയങ്ങളിലെ സമാന പോലീസ് ജീവനക്കാരുടെ അംഗീകൃത അംഗബലമായ 15,411-ന്റെ സ്ഥാനത്ത് 12,592 പോലീസ് ജീവനക്കാരെയാണ് (82 ശതമാനം) വിന്യസിച്ചിരുന്നത്.

പോലീസ് വകുപ്പിലെ ലഭ്യമായ മാനവവിഭവശേഷി പോലീസ് സ്റ്റേഷനുകളിലും മറ്റു പോലീസ് കാര്യാലയങ്ങളിലും പൂർണ്ണമായി വിന്യസിച്ചിരുന്നു എന്നാണ് എസ്പിസി നൽകിയ വിവരം സൂചിപ്പിച്ചത്.

## 2.20. ഉപസംഹാരം

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾക്കും ആംഡ് പോലീസ് ബറ്റാലിയനുകൾക്കും ബിപിആർ&ഡി മാനദണ്ഡങ്ങൾ പ്രകാരം ആവശ്യമുള്ളത്ര വാഹനങ്ങൾ ഉണ്ടായിരുന്നില്ല. പോലീസ് സേനയുടെ ചലനക്ഷമത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം പൂർണ്ണമായി നേടാനായില്ല. വാഹനങ്ങളുടെ എണ്ണത്തിലുള്ള കുറവ് നികത്തുന്നതിനു പകരം പോലീസ് വകുപ്പ് പദ്ധതിക്കു കീഴിൽ അനർഹമായ വാഹനങ്ങൾ വാങ്ങി. പോലീസിന്റെ പ്രവർത്തനമേഖലയിൽ നക്സലൈറ്റ് ശല്യമുള്ള ഇടങ്ങളിലെ ഉപയോഗത്തിന് വെടിയുണ്ട പ്രതിരോധ വാഹനങ്ങൾ സംഭരിക്കുന്നതിനുപകരം വിഐപി സുരക്ഷയ്ക്ക് വേണ്ടിയാണ് അവ വാങ്ങിയത്. ഇത് എംഒപിഎഫ് പദ്ധതിയിൽ അനുവദനീയമല്ല. മൊബൈൽ കമാൻഡ് ആന്റ് കൺട്രോൾ വാഹനങ്ങൾ എന്ന വ്യാജേന ഉയർന്ന നിലവാരമുള്ള ആഡംബര കാറുകൾ വാങ്ങി.

[28] സർക്കിൽ ഇൻസ്പെക്ടർ മുതൽ കോൺസ്റ്റബിൾ വരെ

പോലീസ് വകുപ്പിൽ ആയുധങ്ങളുടെ കുറവുണ്ട് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഓർഡനൻസ് ഫാക്ടറി ബോർഡിന്റെ നിർമ്മാണ നിരയിലില്ലാത്ത ആയുധങ്ങൾ സംഭരിക്കുന്നതിനുള്ള പോലീസ് വകുപ്പിന്റെ നിർബന്ധ ബുദ്ധി കേന്ദ്രസർക്കാരിന്റെ സഹായമായി ലഭിക്കേണ്ടിയിരുന്ന ₹1.87 കോടി നഷ്ടമാക്കുകയും തൽഫലമായി 2014-15 കാലയളവിൽ അത്രയും തുകയ്ക്കുള്ള ആയുധങ്ങൾ വാങ്ങാൻ കഴിയാതെ വരികയും ചെയ്തു. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റൊരു വസ്തുത തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ നിന്നു വെടിക്കോപ്പുകൾ നഷ്ടപ്പെട്ടു എന്നതാണ്. ഇത് ആഭ്യന്തര സുരക്ഷയെ ബാധിക്കുന്നതാണ്.

പോലീസ് വകുപ്പ് സ്പെക്ട്രം ചാർജുകൾ അടയ്ക്കാൻ വീഴ്ച വരുത്തിയതിനാൽ ഡിജിറ്റൽ മൊബൈൽ റേഡിയോകൾ വാങ്ങുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ ലൈസൻസ് എടുക്കാൻ കഴിയാതെ വന്നു. ഡിജിറ്റൽ മൊബൈൽ റേഡിയോയുടെ അഭാവം പാലക്കാട്, മലപ്പുറം, ഇടുക്കി, വയനാട് എന്നിവിടങ്ങളിലെ നിബിഡ വനങ്ങളിലുള്ള മാവോയിസ്റ്റുകൾക്കെതിരെയുള്ള പ്രവർത്തനങ്ങളെ ബാധിച്ചു. ജീവനക്കാരുടെ കുറവ് ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ കേസുകൾ തീർപ്പാക്കാനാകാതെ കെട്ടിക്കിടക്കുന്നതിനിടയാക്കി. ഉപകരണങ്ങളുടെ സംഭരണത്തിൽ സ്റ്റോഴ്സ് പർച്ചേസ് മാനുവലും കേന്ദ്രവിജിലൻസ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങളും ലംഘിക്കപ്പെട്ടുവെന്ന് കണ്ടു. വാങ്ങാനുദ്ദേശിക്കുന്ന ഉൽപന്നങ്ങളുടെ വില നിശ്ചയിക്കുന്നതിൽ പോലീസ് വകുപ്പിലെ ഓഫീസർമാരും വിൽപനക്കാരും കെൽട്രോണും തമ്മിൽ അവിശുദ്ധബന്ധം പുലർത്തിയിരുന്നതായി ഓഡിറ്റ് കണ്ടെത്തി. എംഒപിഎഫ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ കടുത്ത വിമർശനങ്ങളേയും അവഗണിച്ച് പോലീസ് വകുപ്പ് അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സിന്റെ നിർമ്മാണത്തിനനുവദിച്ച ഫണ്ട് വകമാറ്റി എസ്പിസിക്കും രണ്ട് എഡിജിപിമാർക്കും വില്ല പണിതു.